भारत सरकार
GOVERNMENT OF INDIA
राष्ट्रीय पुस्तकालय, कलकत्ता
NATIONAL LIBRARY, CALCUTTA
Mal
वर्ग संख्या
Class No. 294.538
पुस्तक संख्या
Book No. Bh 683
रा०पु०/ N.L. 38
MGIPK—11 LNLC/67—3-1-68—1,50,000

ALAM SERIES.

. XVIII.

SP 1/78

# BHISHMOPADESAM

(Karma Vipakom)

## HAMSAPATTU

Mal 294 53

EDITED

WITH AN INTRODUCTION

BY

KOLATTERI SANKARA MENON, M. A., L. T.,

*Director of Ayurveda, Travancore*

*and*

*Curator for the Publication of Malayalam Manuscripts.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

NATIONAL BOOK STALL KOTTAYAM. KALARIKAL BAZAAR

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1927.

Rights Reserved.]

[Price Chs. 12.

Mal
294.538
Bh683

NATIONAL LIBRARY
No 2159
Date
CALCUTTA.

## വിഷയാനുക്രമണിക


| വിഷയം. | | | പുറം. |
|---|---|---|---|
| | | | |

### പ്രഥമപാഠം.

| | | | |
|---|---|---|---|
| അവതരണം | ... | ... | ൧ |
| ആത്മാനാത്മവിവേകം | ... | ... | ,, |
| ജാതിവിഭാഗം | ... | ... | ൭ |
| സാധർമ്മ്യം | ... | ... | ൧൩ |
| ആചാരവൈഷമ്യം | ... | ... | ,, |
| സ്വഭാവവൈലക്ഷണ്യനിദാനം | ... | ... | ൧൪ |
| ചാതുർവ്വർണ്യസൃഷ്ടിക്രമം | ... | ... | ,, |
| ബ്രാഹ്മണസ്വഭാവം | ... | ... | ൧൬ |
| ക്ഷത്രിയസ്വഭാവം | ... | ... | ,, |
| വൈശ്യസ്വഭാവം | ... | ... | ൧൭ |
| ശൂദ്രസ്വഭാവം | ... | ... | ,, |
| ആത്മരക്ഷണെരൽസഖ്യം | ... | ... | ൧൮ |
| ഗുണഭേദങ്ങൾ | ... | ... | ൨൦ |
| മദ്യദോഷങ്ങൾ | ... | ... | ൨൧ |
| പഞ്ചഗവ്യഭേദങ്ങൾ | ... | ... | ൨൨ |
| മാംസഭക്ഷണദോഷം | ... | ... | ,, |
| ഇന്ദ്രിയഗുണഭേദങ്ങൾ | ... | ... | ,, |
| സ്വർണ്ണമൂല്യഭേദം | ... | ... | ൨൩ |
| സ്വർണ്ണവൈശിഷ്ട്യം | ... | .... | |
| പാപഹരങ്ങൾ | ... | ... | |

### ദ്വിതീയപാഠം.

| | | | |
|---|---|---|---|
| പഞ്ചമഹാപാപങ്ങൾ | ... | ... | ,, |
| ബ്രഹ്മഹത്യാപാപം | ... | ... | ൨൬ |
| സുരാപാനപാപം | ... | ... | ൨൭ |
| സ്വർണ്ണസ്തേയപാപം | ... | ... | ൨൮ |
| ഗുരുതല്പഗമനപാപം | ... | ... | ൨൯ |
| ജ്യേഷ്ഠപത്നീഗമനപാപം | ... | ... | ൩൧ |
| ആചാര്യപത്നീഗമനപാപം | ... | ... | ,, |

| വിഷയം. | | | പുറം. |
|---|---|---|---|
| ഋതുമതീഗമനപാപം | ... | ... | ൩൨ |
| പരനാരീഗമനപാപം | ... | ... | ,, |
| വിശ്വസ്തതരുണീഗമനപാപം | .... | ... | ൩൩ |
| ബ്രഹ്മവിന്നിന്ദകന്മാർ | .... | ... | ,, |
| ബ്രഹ്മഘാതകപാപം | ... | ... | ൩൪ |
| ഗുരുദ്വേഷപാപം | ... | ... | ,, |
| ഭക്തിവിഘാതപാപം | ... | ... | ൩൫ |
| ജപാദിവിഘ്നകരണപാപം | ... | ... | ,, |
| അന്യഥാകരണപാപം | ... | ... | ,, |
| മദാന്ധ്യാദിപാപം | ... | ... | ൩൬ |
| പരസന്താപാദിപാപം | ... | ... | ,, |
| ഗണാന്നഭോജനപാപം | .... | ... | ,, |
| ഗണികാന്നഭോജനപാപം | ... | ... | ൩൭ |
| സങ്കീർണ്ണാന്നഭോജനപാപം | ... | ... | ,, |
| അഭക്ഷ്യാന്നഭോജനാദിപാപം | ... | ... | ,, |
| ഭർത്താനഹൃഷ്ടഭോജനപാപം | ... | ... | ൩൮ |
| ആത്മഹാസംഭാഷണപാപം | ... | ... | ,, |
| പരോച്ഛിഷ്ടാശനപാപം | ... | ... | ,, |
| ആത്മഹാന്നഭോജനപാപം | .... | ... | ,, |
| ഉന്മാർഗ്ഗഗമനപാപം | .... | .... | ൩൯ |
| രത്നാദ്യപഹരണപാപം | ... | .... | ,, |
| ലോഹാപഹരണപാപം | ... | .... | ൪൦ |
| ഫലമൂലാദ്യപഹരണപാപം | .... | ... | ,, |
| കേദാരാദ്യപഹരണപാപം | ... | ... | ,, |
| പരദ്രവ്യാപഹരണപാപം | ... | ... | ൪൧ |
| ശ്രാദ്ധാദ്യകരണപാപം | .... | ... | ,, |
| പരുഷവചനാദിപാപം | .... | ... | ൪൨ |
| ദാനാദിവിഘാതപാപം | ... | .... | ,, |
| പരനിന്ദാദിപാപം | ... | ... | ,, |
| പരസ്വാപഹരണാദിപാപം | ... | ... | ൪൩ |
| അന്യഥാകാമപാപം | ... | ... | ,, |
| മഹന്നിന്ദാശ്രവണപാപം | .... | .... | ൪൪ |
| കോപാദിപ്രാവലോകനപാപം | ... | .... | ,, |
| പ്രായശ്ചിത്തരഹിതപാപം | ... | .. | ൪൫ |

## തൃതീയപാദം.


| വിഷയം | | | പുറം |
|---|---|---|---|
| ക്ഷയരോഗം | ... | ... | ൧൩ |
| കുഷ്ഠരോഗം | ... | ... | ൧൪ |
| ഗുല്മരോഗം | ... | ... | ൧൫ |
| വിസൎപ്പരോഗം | ... | ... | ൧൬ |
| വിസ്ഫോടരോഗം | ... | ... | ,, |
| പാണ്ഡുരോഗം | ... | ... | ൨൦ |
| കാമിലാരോഗം | ... | ... | ൨൨ |
| പ്രമേഹരോഗം | ... | ... | ,, |
| സുരാമേഹരോഗം | ... | ... | ൨൯ |
| ഇക്ഷുമേഹരോഗം | ... | ... | ,, |
| മധുമേഹരോഗം | ... | ... | ,, |
| പിടകരോഗം | ... | ... | ൨൧ |
| അൎശോരോഗം | ... | ... | ൨൨ |
| അതിസാരരോഗം | ... | ... | ൨൩ |
| ഗ്രഹണീരോഗം | ... | ... | ൨൪ |
| മുഖരോഗം | ... | ... | ,, |
| നയനരോഗം | ... | ... | ൨൬ |
| നക്താന്ധ്യരോഗം | ... | ... | ,, |
| കൎണ്ണരോഗം | ... | ... | ൩൦ |
| ബാധിൎയ്യരോഗം | ... | ... | ൩൨ |
| നാസാരോഗം | ... | ... | ,, |
| രസനാരോഗം | ... | ... | ,, |
| ജിഹ്വാരോഗം | ... | ... | ൩൫ |
| വ്രണരോഗം | ... | ... | ൩൯ |
| നാഡിവ്രണം | ... | ... | ,, |
| ദുഷ്ടവ്രണം | ... | ... | ൩൧ |
| പാദവ്രണം | ... | ... | ,, |
| തലച്ചൊറിച്ചൽ | ... | ... | ,, |
| അപുത്രത | ... | ... | ൩൨ |
| വൃദ്ധിരോഗം | ... | ... | ,, |
| വിദ്രധിരോഗം | ... | ... | ൩൩ |
| ഗളഗണ്ഡരോഗം | ... | ... | ,, |
| ശിരോരോഗം | ... | ... | ,, |
| ശ്ലീപദരോഗം | ... | ... | ൩൪ |

| വിഷയം. | | | പുറം. |
|---|---|---|---|
| അസൃഗ്ദരരോഗം | ... | ... | ൩൧ |
| അപസ്മാരരോഗം | ... | ... | ൩൨ |
| ഉന്മാദരോഗം | ... | ... | ,, |
| ജ്വരരോഗം | ... | ... | ൩൯ |
| വാതരോഗം | ... | ... | ൧൦ |
| ധനുസ്തംഭരോഗം | ... | ... | ൧൫ |
| ശൂലരോഗം | ... | ... | ,, |
| ഗുല്മരോഗം | ... | ... | ,, |
| മഹോദരരോഗം | ... | ... | ൧൨ |
| മൂത്രകൃച്ഛ്രരോഗം | ... | ... | ,, |
| വിഷൂചിരോഗം | ... | ... | ൧൩ |
| ദാഹരോഗം | ... | ... | ,, |
| അഗ്നിമാന്ദ്യം | ... | ... | ൧൪ |
| അവിപാകം | ... | ... | ,, |
| ഗണ്ഡമാലരോഗം | ... | ... | ,, |
| പ്രതിവിധികൾ | ... | ... | ൧൬ |


## ചതുൎത്ഥപാദം.


| | | | |
|---|---|---|---|
| സാഫല്യം | ... | ... | ൧൭ |
| ഉപസംഹാരം | ... | ... | ൨൨ |

# അവതാരിക.

കർമ്മവിപാകമെന്നുകൂടിപ്പേരുള്ള ഭീഷ്മോപദേശം ഹംസപ്പാട്ടിന്റെ രണ്ടു് ആദർശഗ്രന്ഥങ്ങൾ കൊല്ലംപരവൂർ എടത്തറയ്ക്കൽ ശ്രീമാൻ രാമനാശാൻ അവർകളുടെ ഗ്രന്ഥപ്പുരയിൽ നിന്നാണു് ആദ്യമായ്ക്കിട്ടിയതു്. ഈ രണ്ടു താളിയോലഗ്രന്ഥങ്ങളും പഴക്കംകൊണ്ടു ജീർണ്ണിച്ചു് അവിടവിടെ പൊടിഞ്ഞുപോയിരുന്നതുകൊണ്ടു ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളും നഷ്ടമായിത്തീർന്നു. ഈ രണ്ടു ഗ്രന്ഥത്തിലും ആദ്യന്തഭാഗങ്ങളില്ലാതിരുന്നെങ്കിലും മററുഭാഗങ്ങൾ വായിച്ചപ്പോൾ ഗ്രന്ഥത്തിന്റെ മാഹാത്മ്യം മനസ്സിലായതുകൊണ്ടു മററാരാദർശഗ്രന്ഥം സമ്പാദിക്കുന്നതിന്നു നിരന്തരം യത്നം ചെയ്തുതുടങ്ങി. അതിന്റെ ഫലമായി പത്തനാപുരംതാലൂക്ക മഞ്ചല്ലൂർമുറി തെക്കതിൽവീട്ടിൽ ശ്രീമാൻ രാമൻകണിയാർ ഗോവിന്ദൻകണിയാർ അവർകളുടെ പക്കൽനിന്നു് ഒരു ഗ്രന്ഥം പത്തനാപുരം ഗ്രാന്റുവൈദ്യൻ ശ്രീമാൻ മാധവൻപിള്ള അവർകൾ വാങ്ങി ഇവിടെ എത്തിച്ചുതന്നു. ഈ ഗ്രന്ഥത്തിന്നു വളരെപ്പഴക്കമുള്ളതായി തോന്നിക്കുന്നില്ലെങ്കിലും പലഭാഗങ്ങൾ ഇതിലും കാണ്മാനില്ലായിരുന്നു. എന്നാൽ ആദ്യന്തങ്ങൾ ഇതിൽ പ്രായേണ ഉണ്ടായിരുന്നതുതന്നെ വലിയ ആശ്വാസപ്രദമായിത്തീർന്നു. മൂന്നുവിധത്തിൽ അപൂർണ്ണമായ ഈ മൂന്നു ഗ്രന്ഥങ്ങളും ഈ പ്രസിദ്ധീകരണത്തിന്നു് ആദർശങ്ങളായിത്തീർന്നിരിക്കുന്നു. മാറിയും മറിച്ചും ക്രമം തെററിയും അവിടവിടെ എഴുതിച്ചേർത്തിരുന്ന സംഗതികളെ യഥാമതി ക്രമപ്പെടുത്തിയും ശരിപ്പെടുത്തിയുമാണു് ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതു്. ഗ്രന്ഥങ്ങളിൽ വിഷയവിഭാഗാദികളൊന്നുംതന്നെ ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിലും സൌകര്യത്തിന്നുവേണ്ടി പുസ്തകം നാലുപാദമായി വിഭജിച്ചു വിഷയങ്ങളെ പ്രത്യേകം തിരിച്ചുകാണിച്ചിരിക്കുന്നു. വിഷയങ്ങളെ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിന്നായി ഒരു വിഷയവിവരപ്പട്ടികകൂടി ആദിയിൽ ചേർത്തിട്ടുണ്ടു്.

ഈവക പരിശ്രമം ചെയ്തിട്ടും ഈ മൂന്നു ഗ്രന്ഥങ്ങളുടെ സഹായത്താൽ പുസ്തകം സമഗ്രമാക്കാൻ സാധിച്ചില്ല. എന്നാലും കിട്ടിയഭാഗം അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യാമെന്നു വിചാരിച്ചു പുസ്തകം അച്ചടിപ്പിച്ചിട്ടു കുറെനാളായെങ്കിലും അതിന്റെ അപൂർണ്ണതയെപ്പരിഹരിക്കുവാൻ വല്ല മാർഗ്ഗവുമുണ്ടായെങ്കിലൊ എന്നവിചാരം നിമിത്തം പ്രസിദ്ധീകരണത്തിനു കുറെത്താമസം നേരിട്ടു. എന്നാൽ ആ ഔദാസീന്യം നിഷ്ഫലമായിത്തീർന്നിട്ടില്ലെന്നുള്ളതു ചാരിതാർത്ഥ്യജനകമായിത്തീർന്നു.

കഴിഞ്ഞമേടമാസത്തിൽ ഞാൻ സർക്കീട്ടുപോയിരുന്ന അവസരത്തിൽ പ്രാചീനഗ്രന്ഥങ്ങളെ ശേഖരിക്കുന്നകാര്യത്തിൽ പതിവനുസരിച്ച് അന്വേഷണം നടത്താതിരുന്നില്ല. അതിനിടയ്ക്കു ദൈവഗത്യാ ശ്രീമാൻ കല്യാണശ്ശേരി കൃഷ്ണപിള്ള അവർകളെ കാണുന്നതിന്നിടയായി. അദ്ദേഹവുമായി ഗ്രന്ഥങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നമദ്ധ്യേ കർമ്മവിപാകം ഹംസപ്പാട്ടിന്റെ ഒരു പ്രതി കൈവശമുണ്ടെന്ന് എന്നോടു പറഞ്ഞു. എന്റെ അപേക്ഷപ്രകാരം അയച്ചുതരാമെന്നു പറഞ്ഞിരുന്ന ആ ഗ്രന്ഥം അഞ്ചൽമാർഗ്ഗം അയച്ചതു് ഇന്നേദിവസം വന്നുചേർന്നു. അതു നാതിപ്രാചീനമായ ഒരു താളിയോലഗ്രന്ഥത്തിലെ പത്തു് ഏടുകൾ മാത്രമാകുന്നു. ഈ ഗ്രന്ഥാംശത്തിൽ പുസ്തകത്തിലെ ഒന്നും രണ്ടും നാലും പാദങ്ങൾ കാണുന്നില്ല. മൂന്നാം പാദത്തിലുള്ള കർമ്മവിപാകപ്രായശ്ചിത്തങ്ങൾ മാത്രമെ ഇതിൽ അടങ്ങീട്ടുള്ളു. അച്ചടിപ്പിച്ചിട്ടുള്ള പുസ്തകവും ഈ ഗ്രന്ഥഭാഗവും തമ്മിൽ ഗണ്യമായ വ്യത്യാസങ്ങളൊന്നുംതന്നെ ഇല്ലെങ്കിലും ഈ ഗ്രന്ഥസാഹായ്യം നിമിത്തം പുസ്തകത്തിന്റെ അപൂർണ്ണതയെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള ചാരിതാർത്ഥ്യത്തിന്നവകാശം സിദ്ധിക്കാതിരുന്നില്ല.

ശ്രീമാൻ കൃഷ്ണപിള്ളയുടെ ഗ്രന്ഥത്തിൽ കാർമ്മവിപാകം മൂന്നാംപാദം ഇപ്രകാരമാണു തുടങ്ങുന്നതു്.

„പരമഹംസ! സച്ചിദാനന്ദമയ
പരമപൂരുഷമയദിവാകര
സകല കന്മഷവി നാശനകര
സകല കർമ്മസാക്ഷിണേ നമോ/സ്തുതേ.

നരജന്മത്തിനു പെരുതായുള്ളോരു
ദുരിതമൂലമായ് വരുന്ന സന്താപ-
ജലനിധിക്കൊരു തരണിയായൊരു
സരണിയെച്ചൊൽവാനനുഗ്രഹിക്കണം."

ഈ ഭാഗം മുൻപു കിട്ടീട്ടുള്ള മൂന്നു ഗ്രന്ഥങ്ങളിലും കാണ്മാനില്ല. നാലാംഗ്രന്ഥത്തിൽ വിശേഷമായിക്കണ്ട മേൽപറഞ്ഞ എട്ടു വരികളും വായനക്കാരുടെ രുചിഭേദമനുസരിച്ചു സ്വീകരിക്കുകയൊ സ്വീകരിക്കാതിരിക്കുകയൊ ചെയ്തുകൊള്ളാവുന്നതാണ്. അതിന്റെശേഷം,

"ഇതു രോഗത്തിനിങ്ങിതു പാപം മൂല-
മിതുരോഗത്തിനിങ്ങിതു പരിഹാരം
ഇതൊക്കനന്നായിത്തിരിച്ചു വെവ്വേറെ
ചുരുക്കിച്ചൊല്ലുന്നേൻ വരഗുണനിധേ!"

എന്നു ഏകദേശം പുസ്തകത്തെ അനുസരിച്ചുള്ള ക്രമത്തിൽ ഗ്രന്ഥത്തിൽ കാണുന്നു. തദനന്തരം പുസ്തകത്തിൽ അസമഗ്രമായിച്ചേർത്തിട്ടുള്ള ക്ഷയരോഗത്തിന്റെ കർമ്മവിപാകപ്രായശ്ചിത്തങ്ങളെ ഗ്രന്ഥത്തിൽ കണ്ടപ്രകാരം പൂർണ്ണമായി താഴെ ചേർത്തുകൊള്ളുന്നു.

"ഗദങ്ങളൊക്കയിൽ പ്രധാനമായുള്ള
ഗദം ജഗത്തിങ്കൽ ക്ഷയരോഗമല്ലൊ.
അതുകൊണ്ടുതന്നെ അതിന്റെമൂലവു-
മതിനുവേണ്ടുന്ന പ്രതീകാരങ്ങളും
വദിക്കുന്നേനെന്നു പതഗവീരനും
പതുക്കവെ ചൊല്ലിത്തുടങ്ങിനാനേവം.
ക്ഷയരോഗം ചിലക്കിവിടെയുണ്ടാവാൻ
നയശാലിൻ! കേട്ടീടുകമൂലം മുൻപിൽ.
മഹിതബ്രാഹ്മണവധം ചെയ്യുന്നതാൻ
ഗുരുദ്വേഷംചെയ്തു ദ്വിതീയമെന്നതിൽ
ഗുരുതല്പത്തിങ്കൽ ശയനംചെയ്തുതാൻ
സുഹൃത്തുകൾ ജീവഹരണം ചെയ്തുതാൻ
ഇവർതന്നെപ്പീഡ പരിചിൽ ചെയ്തുതാൻ

പരദോഷങ്ങളെ പ്രകാശനം ചെയ്ക
പരഹൃദയത്തെപ്പരിക്ലേശിപ്പിക്ക
പരഭോഗത്തിങ്കലസഹിഷ്ണുത്വവും
പരജനങ്ങടെ ധനം ഹരിക്കതാൻ
ഇവകളൊൻപതുമിതിൻെറ കാരണം.
പരിചിലൊന്നതാൻ സമസ്തമായിട്ടും
പരിചിൽ വ്യസ്തമായ് ഭവിക്കിലും പിന്നെ
നിദാനമിങ്ങനെ ഇതിൻെറ സാരവും
തരങ്ങളിൽ നന്നായ് ശ്രവിച്ചുകൊണ്ടാലും.
വിദഗ്ദ്ധനായവൻ കദളിദാനവും
വിധിപ്രകാരമിങ്ങിതിൽ ചെയ്തീടണം."

ഇപ്രകാരം ക്ഷയരോഗത്തെക്കുറിച്ചുള്ള ഭാഗം ഗ്രന്ഥസഹായത്താൽ സമഗ്രമാക്കിയശേഷം പുസ്തകത്തിൽ അപൂർണ്ണമായ അപുത്രതയെ കുറിച്ചുള്ള ഭാഗങ്ങളെ ഗ്രന്ഥത്തിൽനിന്ന താഴെ പകർത്തിച്ചേർത്തുകൊള്ളുന്നു.

"അപുത്രതയ്ക്കുള്ള നിദാനം കേളിനി-
യഭിജ്ഞന്മാർ ചൊല്ലും പതിനൊന്നുണ്ടെന്ന്.
ശിശുക്കൾക്കു ഭയം വരുത്തുകത്യന്തം
ശിശുക്കളെ മാതൃവിയോഗം ചെയ്കയും
മൃഗപോതങ്ങളെ ഹനിക്കയണ്ഡജങ്ങൾ
ദ്വിജാദികൾക്കുള്ള തപഹരിക്കയും
അറുക്കുക കരചരണം ജന്തുനാ-
മയോഗ്യമായുള്ളൊരബലാസംഗവും
വിയോനിസംഗവും വിഷയഭംഗവും
പരധനം സകലവുമടക്കുക
മരുന്നിനാൽ ഗർഭസ്രുതികൾ ചെയ്കയും
വിവാഹകർമ്മത്തെ മുടക്കുക ബലാൽ,
ഇവ പതിനൊന്നുമിതിനു ഹേതുക്ക-
ളറിഞ്ഞാലും നൃപവരശിഖാമണേ!
അതിനുള്ള കഷ്ടഗദത്തിൽ ചൊന്നവ
വഴിപോലെ ചെയ്തീടിലൊഴിയും കന്മഷം"

പുസ്തകം ൬൪-ാംഭാഗത്തു "തരുച്ഛേദ"ത്തിനു പറഞ്ഞിരിക്കുന്നതു് ഈ ഗ്രന്ഥത്തിൽ സ്വല്പവ്യത്യാസമായിക്കാണുന്നു. അതിനെ താഴെ ചേൎക്കുന്നു.

കരമുഷ്ടിഘാതം.

"കരമുഷ്ടിഘാതനിദാനം കേളിനി
നിരൎത്ഥകമായ തരുച്ഛേദംതന്നെ.
അതിനു വൃദ്ധഗൌതമൻ ചൊന്നവണ്ണം
ചരിക്ക കന്മഷം നശിപ്പാനും പിന്നെ
വരനുവണ്ണത്താലുരുശാഖയോടു-
മരയാലുണ്ടാക്കിയതിനുവേണ്ടുന്ന
ജപഹോമാദിയും വിധിയെ ചെയ്തുടൻ
കൊടുക്കണം ദ്വിജവരനറിഞ്ഞാലും
ദ്വിജന്മാൎക്കന്നവും പ്രദാനം ചെയ്കിലൊ
തിരിക്കുമപ്പാപം വിനിശ്ചയംതന്നെ."

ഭീഷ്മോപദേശം ഹംസപ്പാട്ടു നാലുപാദമായി വിഭജിച്ചിരിക്കുന്നതിൽ പ്രഥമപാദത്തിൽ ആത്മാനാത്മവിവേകം, ജാതിവിഭാഗം, ചാതുൎവ്വൎണ്ണ്യസൃഷ്ടിക്രമം, ജാതിസ്വഭാവം, മത്സ്യമാംസദോഷങ്ങൾ, സുവൎണ്ണമൂല്യഭേദം മുതലായ പലവക വിഷയങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. പഞ്ചമഹാപാപങ്ങളുടെ ഭേദങ്ങളും സ്വരൂപങ്ങളും, ഭുക്തിവിഘാതം, ഉന്മാൎഗ്ഗഗമനം, രത്നലോഹാദ്യപഹരണം, ശ്രാദ്ധാദ്യകരണം മുതലായ പാപങ്ങളുടെ സ്വരൂപനിരൂപണാദികളും പ്രായശ്ചിത്തരഹിതപാപകഥനാദിവിഷയങ്ങളും രണ്ടാംപാദത്തിൽ നിബന്ധിച്ചിരിക്കുന്നു. ഏതേതു പാപങ്ങൾ ഏതേതു രോഗങ്ങളെ ഉത്പാദിപ്പിക്കുന്നുവെന്നും അവയ്ക്കു പ്രത്യേകം വിധിച്ചിട്ടുള്ള പ്രായശ്ചിത്താദിപരിഹാരങ്ങളിന്നിന്നവയെന്നുമുള്ള വിവരം വ്യക്തമായി മൂന്നാംപാദത്തിൽ പ്രതിപാദിച്ചിരിക്കുന്നു. നാലാംപാദത്തിൽ പുണ്യൈകലഭ്യമായ സ്വൎഗ്ഗസുഖാനുഭവത്തെ വിവരിച്ചു ജനങ്ങളുടെ മനസ്സിൽ പുണ്യകൎമ്മേച്ഛയും പാപകൎമ്മവൈമുഖ്യവുമുത്പാദിപ്പിച്ചു ഗ്രന്ഥത്തെ സമഗ്രമാക്കി സമാപിപ്പിക്കുന്നു. ഇത്രയുമാണു ഗ്രന്ഥത്തിലടങ്ങിയ വിഷയങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം.

പൂൎവ്വജന്മവും, ഈ ജന്മത്തിൽ മോക്ഷപ്രാപ്തിയില്ലാത്തവൎക്കു് അനന്തരജന്മവും ഉണ്ടെന്നു വിശ്വസിച്ചുപോരുന്ന ഹിന്ദുക്കളുടെ

ശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ച് എഴുതീട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥമാകുന്നു ഭീഷ്മോപദേശം. ശരശയ്യയിൽ കിടക്കുന്ന സ്വച്ഛന്ദമൃത്യുവായ ഭീഷ്മാചാൎയ്യർ ശിഷ്യനായ ധൎമ്മപുത്രന്നുപദേശിക്കുന്ന കൎമ്മവിപാകപ്രായശ്ചിത്തങ്ങളെ മാനസസരസ്സിൽ യഥേഷ്ടം വിഹരിക്കുന്ന രാജഹംസം കവിയായ രാജഹംസത്തിന്നുപദേശിക്കുന്നതായിട്ടാണ് പ്രകൃതം കാണുന്നത്. ഭീഷ്മോപദേശമടങ്ങീട്ടുള്ള മഹാഭാരതത്തിലെ ശാന്തിപൎവ്വത്തിലും ആനുശാസനികപൎവ്വത്തിലും കൎമ്മവിപാകപ്രായശ്ചിത്തങ്ങളെക്കുറിച്ചു ക്രമലംഘമായി പ്രതിപാദിച്ചിട്ടുള്ളതായിക്കാണുന്നില്ല. രാജധൎമ്മം, മോക്ഷധൎമ്മം, ദാനധൎമ്മം എന്നീ മൂന്നു ധൎമ്മങ്ങളെക്കുറിച്ചാണ് ആ രണ്ടു പൎവ്വങ്ങളിലും വിസ്തരിച്ചുപപാദിച്ചിരിക്കുന്നത്. കൎമ്മവിപാകപ്രായശ്ചിത്താദികളെ ഭീഷ്മോപദേശക്കോടിയിൽ ചേൎത്തിരിക്കുന്നതു വിഷയപ്രാമാണ്യത്തെ ആപാദിക്കുന്നതിന്നായിരിക്കാമെന്നു തോന്നുന്നു. അങ്ങിനെ ആയാലുമല്ലെങ്കിലും വേദങ്ങൾക്കും സ്മൃതികൾക്കും പുരാണാദികൾക്കും അനുഗുണമായവിധത്തിൽ വിഷയങ്ങളെ പ്രതിപാദിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിനു പ്രാമാണ്യമുണ്ടെന്നുള്ളതിനു യാതൊരു വാദവുമില്ല. വൃദ്ധഗൌതമൻ, മനു, ഗൌതമൻ, ശൌനകൻ, ബോധായനൻ, ശംഖൻ, ദ്വൈപായനൻ, ബൃഹസ്പതി മുതലായ സ്മൃതികൎത്താക്കന്മാരേയും വായുപുരാണം, പത്മപുരാണം, ബ്രഹ്മാണ്ഡപുരാണം, ഗാരുഡപുരാണം മുതലായ പുരാണങ്ങളേയും ഇതിൽ പലസ്ഥലങ്ങളിലും സ്മരിച്ചു കാണുന്നു.

കൎമ്മവിപാകപ്രായശ്ചിത്തങ്ങളെ വിധിക്കുന്ന ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ അനേകം ഉണ്ട്. അവയെ വിദ്വാന്മാർ അംഗീകരിച്ചുപോരുന്നതുകൊണ്ടുതന്നെ അവയുടെ പ്രാധാന്യവും പ്രാമാണ്യവും വെളിപ്പെടുന്നു. എന്നാൽ പ്രകൃതപുസ്തകം അവയിൽ ഒന്നിനേയും കേവലം അനുകരിച്ച് എഴുതിയതായിത്തോന്നുന്നില്ല. നമ്മുടെ കവി ആവക സംസ്കൃതഗ്രന്ഥങ്ങൾ എല്ലാം നല്ലവണ്ണം വായിച്ചു കേരളസംപ്രദായത്തിന്നും ആചാരങ്ങൾക്കും അനുരൂപമായവിധത്തിൽ പരിഷ്കരിച്ചു ശാസ്ത്രപഥത്തിൽനിന്നു വ്യതിചലിക്കാതെ പ്രകൃതപുസ്തകം ഭാഷയിൽ സ്വതന്ത്രമായി എഴുതിയിരിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. അഥവാ ഈ ഗ്രന്ഥം കേവലം ഭാഷാന്തരമായി കരുതുന്നതായാൽ ഇതിന്റെ മൂലം കേരളാചാൎയ്യന്മാർ ആരെങ്കിലും സംസ്കൃതത്തിൽ എഴുതീട്ടുള്ളതായി വിചാരിക്കണം. കേരളീയരിൽ മാത്രം കാണുന്ന ചില

ആചാരവിഭാഗവിശേഷങ്ങൾ ഇതിൽ കാണുന്നതുകൊണ്ടാണ് ഇപ്രകാരം അഭിപ്രായപ്പെടുവാൻ സംഗതിയായതു്.

ഒരു പൊട്ടച്ചാൺ മാത്രം ദൈൎഘ്യമുള്ള ഇഹലോകചഞ്ചലജീവിതത്തിൽ ദീൎഘകാലം സുഖമൊ, ദുഃഖമൊ അനുഭവിക്കുന്നതിനു ശക്തിയും കാലവും പോരാതെ വരുന്നു. ഉത്കൃഷ്ടമായ സുഖവും നികൃഷ്ടമായ ദുഃഖവും ഇവിടെ ഒരുപോലെ അസാദ്ധ്യം. ഇഹലോകത്തിൽ സുഖദുഃഖാനുഭോഗത്തിനുള്ള ശക്തി മനുഷ്യൎക്കെല്ലാം പ്രായേണ ഒന്നുപോലെ തന്നെയാണ്. ബാഹ്യകാരണങ്ങളെക്കൊണ്ടു അതിൽ കാണുന്ന ഈഷദ് ഭേദങ്ങളെ ആന്ധ്യം നിമിത്തം മഹത്തായിക്കല്പിച്ചു വ്യാമോഹിച്ചു മനുഷ്യർ അസ്വസ്ഥചിത്തന്മാരായിക്കാലം കഴിക്കുന്നു. മനുഷ്യജന്മം സുഖാനുഭവത്തിനൊ ദുഃഖാനുഭൂതിക്കൊ വേണ്ടിയുണ്ടാകുന്നതല്ല. എന്നാൽ ഈ രണ്ടവസ്ഥാഭേദങ്ങളും ജന്മത്തോടുരുമിച്ചു സഹകരിക്കുന്നതു നിമിത്തം അവയുടെ സ്വീകരണനിരാകരണങ്ങളിൽ മാത്രം ബുദ്ധിയെ വ്യാപരിപ്പിച്ചു പ്രയത്നിക്കുന്നതുകൊണ്ടു ജന്മോദ്ദേശ്യം വിസ്മൃതകോടിയിൽപ്പെട്ടുപോകുന്നു. സുഖാഭാസത്തെ സമ്പാദിക്കുന്നതിനും ദുഃഖാഭാസത്തെ പരിഹരിക്കുന്നതിനും വേണ്ടിമാത്രം ജീവിതം കഴിച്ചുകൂട്ടുന്നതു കഷ്ടമത്രെ. ഉത്കൃഷ്ടസ്വൎഗ്ഗസുഖാനുഭൂതിക്കുവേണ്ടി പുണ്യം സമ്പാദിക്കുന്നതിനുള്ള അവസരം ഇഹലോകജനനംകൊണ്ടു സിദ്ധിക്കുന്നു. എന്നാൽ മനുഷ്യൻ സുഖാഭാസത്തിൽ ഭ്രമിച്ചു പാപം സമ്പാദിക്കുന്നതോടുകൂടി പുണ്യത്തിന്റെ ഏതാനും ഭാഗം തുച്ഛസുഖാനുഭോഗത്തിൽ നശിച്ചുപോകുന്നു മിച്ചം വരുന്നതു പാപം തന്നെ. പുണ്യംകൊണ്ടുണ്ടാവുന്ന സ്വൎഗ്ഗസുഖവും പാപംകൊണ്ടനുഭവിക്കേണ്ടതായി വരുന്ന നരകദുഃഖവും നമ്മുടെ ബുദ്ധിക്കു ഗോചരമല്ല. പുണ്യപാപങ്ങൾ അന്യോന്യം തട്ടിക്കഴിക്കുന്നതിനുള്ള നിയമം പ്രകൃതി അനുവദിച്ചിട്ടില്ല. പുണ്യമായാലും പാപമായാലും അനുഭവിച്ചു തന്നെ തീൎക്കണം. അല്ലാതെ ഗത്യന്തരമില്ല.

“അവശ്യമനുഭോക്തവ്യം കൃതം കൎമ്മ ശുഭാശുഭം.”

എന്നു പ്രമാണം.

ഇതരലോകങ്ങളിൽ പുണ്യപാപഫലങ്ങൾ അനുഭവിച്ചുപോരുന്നവൎക്കു പുണ്യവൎദ്ധനത്തിനൊ പാപക്ഷയത്തിനൊ പുണ്യപാപങ്ങൾ സമ്പാദിക്കുന്നതിന്നൊ മാൎഗ്ഗമില്ല. അവിടെ അനുഭവം

മാത്രം ഫലം. പുണ്യം ഒടുങ്ങിയാലും പാപം ഒടുങ്ങിയാലും വീണ്ടും മനുഷ്യലോകത്തിൽതന്നെ കൎമ്മശേഷം അനുഭവിക്കുവാൻ വന്നു ചേരേണ്ടിവരും.

ഒരുവൻ സ്വൎഗ്ഗച്യുതനൊ നരകമുക്തനൊ എന്നറിവാൻ നമുക്കു പലപ്രകാരത്തിലും സാധിക്കും. ജ്യോതിശ്ശാസ്ത്രവും അതിന്നവകാശം തരാതിരുന്നിട്ടില്ല. അതിനുംപുറമെ ആകൃതിയും പ്രകൃതിയും ഏതാണ്ടു സന്നികൃഷ്ടപൂൎവ്വവാസനയെ അനുസരിച്ചു കാണാവുന്നതാണു്. ഇഹലോകത്തിൽ സമ്പാദിക്കുന്ന സുകൃതദുഷ്കൃതങ്ങൾ ഈട്ടംകൂടി ഈട്ടംകൂടി വൎദ്ധിച്ചു വൎദ്ധിച്ചു സ്വൎഗ്ഗസുഖത്തിനൊ നരകദുഃഖത്തിനൊ മനുഷ്യരെ പാത്രമാക്കിത്തീൎക്കുന്നു. അനുഭവാനന്തരം സുകൃതദുഷ്കൃതങ്ങളുടെ ന്യൂനതാതിരേകത്വം അനുസരിച്ചുള്ള ജന്മം വീണ്ടും സിദ്ധിക്കുന്നു. ഇങ്ങനെ ജന്മം ഒടുങ്ങാതെ സംസാരചക്രത്തിൽ മനുഷ്യൻ ഭ്രമിക്കുന്നു. സ്വൎഗ്ഗസുഖമൊ നരകദുഃഖമൊ അനുഭവിക്കുന്നവനു മോക്ഷപ്രാപ്തിക്കുവേണ്ട ഭക്തിജ്ഞാനങ്ങൾ ഉണ്ടാവാൻ പ്രയാസമാണു്. അതിനാൽ സ്വൎഗ്ഗസുഖവും, നരകഭോഗവും അനുഭവിക്കുന്നവർ മോക്ഷാൎഹന്മാരാകുന്നതല്ല. മോക്ഷപ്രാപ്തിക്കുള്ള അവകാശവും മനുഷ്യജന്മം എടുത്തവൎക്കുമാത്രമെ സിദ്ധിക്കുന്നുള്ളു. ജ്ഞാനവൈരാഗ്യസമ്പന്നനായ മനുഷ്യനു സഞ്ചിതകൎമ്മങ്ങളെ ഭസ്മമാക്കുവാൻ സാധിക്കുന്നതാണു്; ആഗാമി ബാധിക്കുന്നതുമല്ല. പ്രാരബ്ധം അവശ്യം അനുഭവയോഗ്യമായും തീരുന്നു. അതിനാൽ മോക്ഷവും, ബന്ധവും, സുഖവും, ദുഃഖവുമെല്ലാം ഇഹലോകവാസകാലത്തുള്ള പ്രവൃത്തികളെ കേവലം ആശ്രയിച്ചു നില്ക്കുന്നു എന്നുതന്നെ സിദ്ധിക്കുന്നു

ഇഹലോകസുഖവും പരലോകസുഖവും ഒരുപോലെ അനുഭവിക്കാനുതകുന്ന മാൎഗ്ഗം വേദോക്തധൎമ്മപഥസംചരണം മാത്രമാകുന്നു. അതുനിമിത്തമാണു ധൎമ്മമാൎഗ്ഗവൈശിഷ്ട്യത്തെ പുരാതനന്മാരായ ഋഷീശ്വരന്മാർ വ്യക്തമായി ഉദ്ഘോഷിച്ചിരിക്കുന്നതു്.

ധൎമ്മമാൎഗ്ഗവ്യതിചലനത്തെ പാപസംജ്ഞകൊണ്ടു വ്യവഹരിച്ചുവരുന്നു. വ്യതിചലനം പലപ്രകാരത്തിലുള്ളതുകൊണ്ടു പാപം ബഹുധാ ഭവിക്കുന്നു. പാപകൎമ്മങ്ങളെല്ലാംതന്നെ മനസ്സിന്റെ അതിസൂക്ഷ്മതന്മാത്രകളുടെ സാമ്യാവസ്ഥയെ ഭേദിച്ചു വികൃത

മാക്കുന്നു. ആ വൈകൃതിയെ അനുസരിച്ചുള്ള ശരീരം ഇഹലോകത്തിൽ സിദ്ധിക്കുന്നു. ത്രിദോഷങ്ങൾക്കും മാനസികതന്മാത്രകൾക്കുമുള്ള ഇതരേതരസംബന്ധംനിമിത്തം ശരീരദോഷങ്ങൾ മനസ്സിനേയും മാനസികദോഷങ്ങൾ ശരീരത്തേയും ബാധിച്ചു രണ്ടിനേയും വികൃതമാക്കുന്നു. ത്രിദോഷങ്ങളുടെ വൃദ്ധിക്ഷയങ്ങൾ രോഗത്തേയും മാനസികതന്മാത്രകളുടെ സാമ്യരാഹിത്യം ദുഃഖത്തേയും ഉത്പാദിപ്പിക്കുന്നു. മാനസികദോഷങ്ങൾ മാനസികരോഗങ്ങളാണ്. അവ പ്രത്യക്ഷങ്ങളല്ല. അനുമാനയോഗ്യങ്ങളത്രെ. ചികിത്സകൊണ്ടു ശമിക്കുന്നതുമല്ല. ശരീരരോഗങ്ങളിൽ ചിലതു പ്രത്യക്ഷമാണ്. ചിലതുമാത്രമെ അനുമാനകോടിയിൽ ഉൾപ്പെടുന്നുള്ളു. അവയിൽ ചിലതു സാധ്യങ്ങളും, മററുചിലതു യാപ്യങ്ങളും, വേറെചിലതു് അസാദ്ധ്യങ്ങളുമാകുന്നു. സാദ്ധ്യത്വാസാദ്ധ്യത്വാദികളെല്ലാം മൂലകാരണമായ മാനസവൈകൃതിയെ ആശ്രയിച്ചിരിക്കുന്നു. ബാഹ്യകാരണങ്ങളായ ശീതോഷ്ണാവസ്ഥ, അപഥ്യാചരണം മുതലായവയെക്കൊണ്ടുണ്ടാവുന്ന കായികരോഗങ്ങൾ പ്രായേണ ശമിക്കുന്നു. ബാഹ്യാഭ്യാന്തരകാരണങ്ങളെക്കൊണ്ടുണ്ടാവുന്ന രോഗങ്ങൾ കാരണങ്ങളുടെ ബലാബലം അനുസരിച്ച് അവ പ്രായശ്ചിത്തചികിത്സകളെക്കൊണ്ടു യാപ്യാവസ്ഥയേയൊ ശമനത്തേയൊ പ്രാപിക്കുന്നു.

"ജന്മാന്തരകൃതം പാപം
വ്യാധിരൂപേണ ജായതേ
തച്ഛാന്തിരൗഷധൈർദ്ദാനൈ-
ർജപഹോമാർച്ചനാദിഭിഃ."

എന്നു പ്രമാണം.

ആന്തരകാരണങ്ങൾനിമിത്തമുണ്ടാകുന്ന രോഗങ്ങൾ കാരണത്തിന്റെ ബലാബലത്തിനുതക്കവണ്ണം പ്രായശ്ചിത്തചികിത്സകളെക്കൊണ്ടു യാപ്യാവസ്ഥയേയൊ, അസാദ്ധ്യത്വത്തേയൊ പ്രാപിക്കുന്നു.

പൂർവ്വജന്മത്തിലൊ ഈജന്മത്തിലൊ ചെയ്തിട്ടുള്ള പാപങ്ങളുടെ പരിഹാരത്തിനുവേണ്ടി കൃച്ഛ്രാദിപ്രായശ്ചിത്തങ്ങൾ വിധിച്ചിരിക്കുന്നു. ആ കൃച്ഛ്രാദികളും തത്കാലം ദുഃഖകരങ്ങളാണ്. എന്നാൽ പാപപരിഹാരത്തിനുവേണ്ടി ചെയ്യുന്ന കൃച്ഛ്രാദിക

ളെല്ലാം സ്വന്തമനസ്സാലെ അനുഷ്ഠിക്കുന്നവയാകുതുകൊണ്ടു ബലാത്കാരേണ അസ്വതന്ത്രനാക്കിത്തീൎത്തു ദുഃഖിപ്പിക്കുന്ന രോഗാദികളെക്കാൾ സഹ്യമായിരിക്കുമെന്നുതന്നെ വിചാരിക്കാവുന്നതാണ്.

ഇനി പ്രായശ്ചിത്തം എല്ലാപ്പോഴും പാപപരിഹാരമാകുന്നതല്ല.

"പ്രായോ നാമ തപഃ പ്രോക്തം
ചിത്തം നിശ്ചയ ഉച്യതേ
തപോനിശ്ചയസംയുക്തം
പ്രായശ്ചിത്തമുദാഹൃതം."

എന്നവാക്യംകൊണ്ട് അറിയാതെ ചെയ്തുപോയ പാപത്തിനു യഥാവിധി കൃച്ഛ്രചാന്ദ്രായണാദിവ്രതം അനുഷ്ഠിക്കേണ്ടുന്നതിനുംപുറമെ മേലാൽ ആ വക കൎമ്മങ്ങളിൽനിന്നു വിരമിക്കുന്നതാണെന്നുകൂടി നിശ്ചയം ചെയ്തുകൊള്ളേണ്ടതാണെന്നു സിദ്ധിക്കുന്നു. ഇതിനു വിപരീതമായിച്ചെയ്യുന്ന പാപങ്ങൾക്കു പ്രായശ്ചിത്തം പരിഹാരമായിത്തീരുന്നതല്ല.

പ്രായശ്ചിത്തം ചെയ്യുന്നതുകൊണ്ടു വ്യാധിരൂപമായിപ്പരിണമിക്കാനിരിക്കുന്ന പാപങ്ങളുടെ മൂൎച്ച കുറഞ്ഞു അവ കാലാന്തരത്തിൽ പീഡിപ്പിക്കുമ്പോൾ സഹ്യമായിത്തീരുമെന്നുള്ളതല്ലാതെ കേവലം നശിച്ചുപോകുമെന്നു വിചാരിച്ചുപോകരുത്.

അതുകൊണ്ടു മനുഷ്യൻ കഴിയുന്നതും പാപകൎമ്മങ്ങൾ ചെയ്യാതെ സുകൃതം വൎദ്ധിപ്പിച്ചു നിത്യസുഖത്തെ അനുഭവിപ്പാൻ ഇടവരുത്തിക്കൊള്ളേണ്ടതാകുന്നു. ഇതാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ രത്നച്ചുരുക്കമായ വിവരണം.

പ്രായശ്ചിത്താദികൾ വിധിക്കുന്നതു ശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ചു വേണമെന്നു നിബന്ധനമുണ്ടു. പ്രമാണഗ്രന്ഥങ്ങൾ നോക്കാതെയൊ, മനസ്സിലാക്കാതെയൊ യഥാമതി വിധിക്കുന്നതു പാപകാരണമായിത്തീരുന്നതാണെന്നുതന്നെ ശാസ്ത്രം ഘോഷിക്കുന്നു.

"ജ്യൌതിഷം വ്യവഹാരം ച
പ്രായശ്ചിത്തം ചികിത്സിതം
വിനാ ശാസ്ത്രേണ യോ ബ്രൂയാത്
തമാഹുർബ്രഹ്മഘാതകം."

എന്ന വചനം കാണ്ക,

മലയാളഭാഷയിൽ കർമ്മവിപാകപ്രായശ്ചിത്താദികളെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥം മറ്റൊന്നും ഇതുവരെ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതായിക്കണ്ടിട്ടില്ലാത്തതുകൊണ്ടു് ഈ ഗ്രന്ഥം ആ ന്യൂനതയെ പരിഹരിക്കുമെന്നു വിശ്വസിപ്പാൻ ധാരാളം അവകാശം ഉണ്ടു്.

ഹോരാദിശാസ്ത്രങ്ങളിൽ പഠിപ്പും പരിചയവുമുള്ള ഒരുവൻ ജാതകം പരിശോധിക്കുന്നതായാൽ ഗ്രഹസ്ഥിതികളെക്കൊണ്ടു് ഉത്പിത്സുക്കളായ രോഗങ്ങളെ മുൻകൂട്ടി മനസ്സിലാക്കിത്തരുവാൻ ശക്തനായിത്തീരുന്നതാണു്.

"അന്തശ്ശശിന്യശുഭയോർമ്മദഗേ പതംഗേ
ശ്വാസക്ഷയപ്ലീഹകവിദ്രധിഗുല്മഭാജഃ."

എന്നുള്ള ശാസ്ത്രവചനത്തിൽനിന്നു ചന്ദ്രനു പാപമദ്ധ്യസ്ഥിതിയും ആദിത്യനു് ഏഴാംഭാവത്തിൽ സ്ഥിതിയുംകൂടി കണ്ടാൽ ആ ലഗ്നത്തിനെ ശ്വാസം, ക്ഷയം, പ്ലീഹാരോഗം, വിദ്രധി, ഗുല്മം മുതലായ രോഗങ്ങളിൽ ഒന്നൊ, രണ്ടൊ, മൂന്നൊ മറ്റൊ യഥാകാലം ബാധിക്കുമെന്നു മുൻകൂട്ടി അറിയുവാൻ സാധിക്കുന്നതാണു്. മേൽപറഞ്ഞ രോഗങ്ങളിൽ ഓരോന്നും ഇന്നിന്ന പാപം നിമിത്തമുണ്ടാകുന്നതാണെന്നു ഈ ഗ്രന്ഥംകൊണ്ടറിവാൻ സാധിക്കുന്നതിന്നുപുറമെ അവ ഓരോന്നിനും വിധിച്ചിരിക്കുന്ന പ്രായശ്ചിത്തങ്ങളേയും മനസ്സിലാക്കുവാൻ കഴിയും. ശാസ്ത്രോക്തമായ പ്രായശ്ചിത്തങ്ങളെ യഥാവിധി അനുഷ്ഠിക്കുന്നതുകൊണ്ടു കാരണം പക്ഷേ തീരെ നശിച്ചില്ലെങ്കിലും ദുർബ്ബലമായിത്തീരുന്നതുകൊണ്ടു രോഗബാധകൾ പിന്നീടു വളരെ ശക്തി കുറഞ്ഞിരിക്കുന്നതാണു്. പാപകാരണം കേവലം ദുർബ്ബലമായിരുന്നെങ്കിൽ പ്രായശ്ചിത്താദികളുടെ ശക്തിനിമിത്തം അതു രോഗമായി പരിണമിച്ചു പീഡിപ്പിച്ചില്ലെന്നും വരാം. പാപകാരണം അവശിഷ്ടതയെ പ്രാപിച്ചിട്ടുണ്ടാവുന്ന വ്യാധികൾ ദൌർബ്ബല്യം ഭവിക്കുന്നതുനിമിത്തം അതു ശാസ്ത്രോക്തരീതിയിലുള്ള ചികിത്സകൊണ്ടു സ്വല്പകാലം പീഡയെച്ചെയ്തു കേവലം നശിച്ചുപോകയൊ അല്ലെങ്കിൽ യാപ്യാവസ്ഥയെ പ്രാപിച്ചു ജീവിതശേഷത്തെ ക്ലേശംകൂടാതെ കഴിച്ചുകൂട്ടുവാൻ സാധിക്കുന്നവിധത്തിൽ പരിണാമത്തെ പ്രാപിക്കുകയൊ ചെയ്യും.

"യഥാശാസ്ത്രം തു നിർണ്ണീതോ
യഥാവ്യാധി ചികിത്സിതഃ
ന ശമം യാതി യോ വ്യാധിഃ
സ ജ്ഞേയഃ കർമ്മജോ ബുധൈഃ."

എന്നു പറഞ്ഞിട്ടുള്ള പ്രകാരത്തിൽനിന്നു പാപകർമ്മസമുദ്ഭൂതമായ വ്യാധിയുടെ പ്രാബല്യത്തെ മനസ്സിലാക്കേണ്ടതാണ്.

ഇനി ഏതുപാപങ്ങൾ മനസ്സിനെ ഏതുവിധം ബാധിച്ചു ത്രിദോഷങ്ങളെ ഏതുവിധം സാമ്യാവസ്ഥയിൽനിന്നു തെറ്റിച്ച് ഏതുവിധം രോഗങ്ങളെ ഉണ്ടാക്കിത്തീർക്കുമെന്നു സകാരണം പ്രതിപാദിക്കുന്നതിന്നു മനുഷ്യബുദ്ധിക്കു സാദ്ധ്യമല്ലാത്തതിനാൽ ഋഷീശ്വരന്മാരുടെ വചനങ്ങളടങ്ങിയ പ്രമാണഗ്രന്ഥങ്ങളെ വിശ്വസിക്കുകയെ നിവൃത്തിയുള്ളു. അതിനാൽ ആവക വിചാരണയൊന്നുംതന്നെ ഇവിടെ പുറപ്പെടുന്നില്ല.

ധർമ്മാർത്ഥസുഖസാധനമായ ആയുസ്സിനെ പരിരക്ഷിക്കേണ്ടതു സകലമനുഷ്യരുടേയും ഉത്കൃഷ്ടകൃത്യമായതുകൊണ്ട് അതിനെ ബാധിക്കുന്നതിന്നായി വരാൻപോകുന്നതൊ വരുന്നതൊ വന്നതൊ ആയ വ്യാധികളെ യഥാവിധി കർമ്മവിപാകപ്രായശ്ചിത്തങ്ങളെക്കൊണ്ടും ശാസ്ത്രോക്തമായ ചികിത്സകളെക്കൊണ്ടും പരിഹരിച്ച് ആരോഗ്യത്തെ വർദ്ധിപ്പിച്ചു സദാകാലവും ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കേണ്ടതാകുന്നു.

ഈ ഗ്രന്ഥത്തിനു വളരെ പ്രചാരം കേരളത്തിൽ ഉണ്ടായിരുന്നു. ജ്യോത്സ്യന്മാർ കർമ്മവിപാകപ്രായശ്ചിത്തം പൂർവ്വകാലങ്ങളിൽ നിശ്ചയിച്ചിരുന്നതു പ്രായേണ ഈ വിശിഷ്ടഗ്രന്ഥത്തെ ആധാരമാക്കിയായിരുന്നു. എന്നാൽ കാലാന്തരത്തിൽ ദൈവജ്ഞന്മാരുടെ അഭാവം നിമിത്തമൊ, ജ്യോതിശ്ശാസ്ത്രത്തിൽ പ്രായേണ ജനങ്ങൾക്കു വിശ്വാസം കുറയുക ഹേതുവായിട്ടൊ, സായണമായണാദി സംസ്കൃതഗ്രന്ഥങ്ങളുടെ സൌലഭ്യം നിമിത്തം അവയിൽ ജനങ്ങൾക്കു വിശ്വാസം വർദ്ധിച്ചിട്ടൊ മറ്റൊ ഇതു ക്രമേണ ലുപ്തപ്രചാരമായിത്തീർന്നു. ഏതായാലും കേരളീയദൈവജ്ഞന്മാർക്ക് ഈ ഗ്രന്ഥം കിട്ടാത്തതുനിമിത്തം ഉപയോഗപ്പെടുത്താതെ വന്നിരിക്കുന്നതാണെങ്കിൽ ആ ന്യൂനതയെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതിനെ ഇദംപ്രഥമമായി പ്രസിദ്ധപ്പെടുത്തുന്നതു.

വാല്മീകിരാമായണംകിളിപ്പാട്ടു, വൈരാഗ്യചന്ദ്രോദയം ഹംസപ്പാട്ടു മുതലായ ഗ്രന്ഥങ്ങളുടെ കർത്താവായ കോട്ടയത്തു കേരളവർമ്മതമ്പുരാനാണു് ഈ ഗ്രന്ഥവും എഴുതീട്ടുള്ളതു. ആ ഗ്രന്ഥങ്ങളിലും ഇതിലും കാണുന്ന കവിതാസമ്പ്രദായം, രീതി, ശൈലി മുതലായവയും „വഞ്ചീശ!" „പുരളീശ!", „കവികുലമണെ!" ഇത്യാദി പ്രയോഗങ്ങളും മററും ആലോചിച്ചുനോക്കുമ്പോൾ കേരളവർമ്മതമ്പുരാനിൽതന്നെ ഇതിന്റെ കർത്തൃത്വം നിക്ഷേപിക്കുന്നതു യുക്തമായിരിക്കുമെന്നു തോന്നുന്നു. ഇതിനുംപുറമെ കേരളവർമ്മതമ്പുരാൻ കർമ്മവിപാകം എഴുതീട്ടുണ്ടെന്നുള്ള പ്രസിദ്ധിയും മേൽപറഞ്ഞ അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

കവിതാഗുണങ്ങൾ ദോഷങ്ങളെ അതിക്രമിച്ചുതന്നെ നില്ക്കുന്നതുകൊണ്ടു് ഈ കാവ്യം ഗുണഭൂയിഷ്ഠംതന്നെ. കവിതയിൽ വലിയ വ്യത്യാസംചെയ്യാതെ തിരുത്താവുന്ന തെററുകളെല്ലാം കഴിയുന്നതും തിരുത്തുകയും പാദവിഭാഗം, വിഷയവിവേചനം മുതലായവചെയ്തു വായനക്കാൎക്കു സൌകര്യപ്രദമാക്കിയും നഷ്ടപ്രായമായ ഭാഗങ്ങളെ പ്രായേണ പൂൎണ്ണമാക്കിയും ഈ ഗ്രന്ഥം, ഇപ്രകാരം അച്ചടിപ്പിച്ചു സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
14-10-102.

കെ. ശങ്കരമേനോൻ.

# ഭീഷ്മോപദേശം

ഹംസപ്പാട്ട്.

---

## പ്രഥമപാദം.

### അവതരണം.

ജനിമരണസംസൃതിമഹാബ്ധിയി-
ലനുപദമാണ്ടു വിവശതതേടി
മനം മയങ്ങിയൊന്നിലുമൊരുത്സാഹ-
മറിയപ്പോകാതെ വസിക്കുമക്കാലം
പുരുപുണ്യവശാലഖിലേശൻപദ-
സരോജമോർക്കുവാനവകാശം വന്നാൽ
പരൻ പരാവരൻ വരദനച്യുത-
നരുകൃപാനിധി ഭുവനൈകസാക്ഷി
ദുരിതമൊക്കയും കളഞ്ഞു വൻകൃപാ-
തരിയേററി മോക്ഷപദത്തിലാക്കുവാൻ
അരം ബദ്ധാദരനരിഗദാദിയാൽ
പരം പ്രശോഭിതൻ ജഗതാമീശ്വരൻ
നിരുപമൻ നിത്യൻ നിഗമൈകവേദ്യൻ
കരുണയോടെന്നെത്തുണച്ചരുളണം.
അപാരബുദ്ധിമാൻ കൃപാനിധി ഭീഷ്മ-
രുപദേശം നരപതിക്കു ചെയ്തവ
അഖിലവുമെനിക്കറിവതിന്നായി-
പ്പറയണം ഹംസപ്പെരുമാളേ! ഭവാൻ.
ഇതുകേട്ടാനന്ദം വളരുമാറന്ന-
പ്രവരനുമേവം കനിഞ്ഞുരചെയ്താൻ.

### ആത്മാനാത്മവിവേകം.

ജനിച്ചവരൊക്കെ മരിക്കുമെന്നുള്ളിൽ
ജനങ്ങളെല്ലാരുമുറച്ചിരിക്കുന്നു.
മരിച്ചു ദേഹവും ത്യജിച്ചു പോകുമ്പോൾ
പെരുത്ത ദുഷ്കൃതസുകൃതങ്ങളെന്യേ

G P. T. 354. 300· 16-8.102· B

വാഴ്കിക്ക കൂടവേയൊരുത്തരും വരാ
തനിക്കിതെന്നതുമറിഞ്ഞിരിക്കുന്നു.
തനിക്കുതന്നെയും മരണമിന്നപ്പോൾ
ഭവിക്കുമെന്നതുമുറപ്പില്ലതാനും.
പെരുത്തൊരാധികൾക്കിരിപ്പിടമായി-
ട്ടിരിക്കുന്ന ദേഹമിതെന്നറിഞ്ഞിട്ടും
സുകൃതദുഷ്കൃതഫലങ്ങളായുള്ള
സുഖദുഃഖങ്ങളെയനുഭവിപ്പാനായ്
ശരീരഭേദങ്ങളെടുത്തതല്ലാതെ
ശരീരമല്ല ഞാൻ ശരീരിയെന്നതും
തനിക്കുതാൻപോന്ന ജനങ്ങൾ കൂടിയും
ധരിച്ചിരുന്നിട്ടും ഭ്രമിക്കുന്നെന്തിതിൻ-
നിമിത്തമെന്തെന്നാലതും പറഞ്ഞിടാം
നൃപവരമണേ! ശ്രവിച്ചുകൊണ്ടാലും.

പരമ്പരയായി വരുന്ന വാസന
പലരെയുമേവം ഭ്രമിപ്പിക്കുന്നെടോ!
അരക്ഷണംപോലും ശരീരത്തെ വിട്ടി-
ങ്ങിരിക്കായ്കകൊണ്ടു ജഗത്തിൽ പ്രാണികൾ
ശരീരവും ഞാനുമൊരു ഭേദമില്ലെ-
ന്നുറച്ചിരിക്കുന്നു മറന്നു തത്വവും.
അതിയായുള്ളൊരു പരിചയംകൊണ്ടും
മതിമാനായോനും മതിമറന്നിടും.
മതിമറപ്പാനുമറികുവാനു-
മിതിനൊക്കെ മൂലം വിഷയസക്തിയാം.
പരിചയംകൊണ്ടു വിഷയസക്തിയും
പ്രബലമായീടും സകലപ്രാണിക്കും
മമതയെന്നൊരു ഭ്രമവുമുണ്ടാകും
മനതാരിലപ്പോഴിതിനോടു കൂടെ.
ഗൃഹാദികൾ തന്റെ ശരീരമല്ലല്ലോ
ഗൃഹാദികളുടെ വിനാശനം വന്നാൽ
മമതകൊണ്ടല്ലോ ശരീരത്തിലെല്ലാം
മഹത്തായുൾക്കമ്പവും വിയർപ്പും കാണുന്നു
ശരീരദുഃഖങ്ങൾ സുഖങ്ങളുമെല്ലാം

ശരീരിക്കുമുണ്ടാമിവററിനേപ്പോലെ
ഇതിനെല്ലാം മൂലം മമതതന്നെയെ-
ന്നിതമായി നീയുമറിക മന്നവ!
അവിവേകംതന്നെ മമതയ്ക്കുമൂല-
മവിവേകത്തിനാൽ നശിക്കുന്നൊക്കെയും
അവിവേകംകൊണ്ടു ശരീരബന്ധവു-
മവിവേകമരുത്തുകൊണ്ടു ചെററം.
ശരീരത്തിന്നില്ല സുഖവും ദുഃഖവും
ശരീരിക്കുമില്ല വിചാരിച്ചുകണ്ടാൽ
അതൊക്കയും പിന്നെ മനസ്സിനുതന്നെ
അഹംകാരത്തൊടുമവനിരിക്കയാൽ.
പെരുത്തൊരു സന്നി പിടിച്ചു പാരമായ്
കരുത്തുവിട്ടുപോയിരിക്കും മർത്ത്യനെ
അടിക്കിലും തന്നെ പിടിക്കിലും വെട്ടു
കൊട്ടുക്കിലും പീഡയവനുണ്ടാകുമോ?
ഗൃഹത്തിരിക്കുന്ന ധനനാശംകൊണ്ടു
ഗൃഹിയായുള്ളോനു വിഷാദവുമില്ല.
മനസ്സിങ്കലുള്ള ധനനാശംവന്നാൽ
മനുഷ്യനു പീഡ വളരെയുണ്ടാകും.
സദനത്തിലുള്ള സകലവസ്തുവും
ഹൃദയത്തിലുണ്ടായിരിക്കുമെല്ലാക്കും.
ക്ഷയംകൂടാതെകണ്ടിരിക്കവേതന്നെ
ക്ഷയിച്ചുപോയെന്നു പറഞ്ഞുകേൾക്കിലും
കളഞ്ഞുപോയിതങ്ങിരുന്നവണ്ണമേ
കളഞ്ഞില്ലെന്നതങ്ങവൻ ശ്രവിക്കിലും
വളരെ ദുഃഖവും സുഖവുമുണ്ടായി
വലഞ്ഞുപോയീടുമവനതിൽതന്നെ.
മനുഷ്യരാദിയായഖിലരുമിതു
മനസ്സിന്റെ കീഴിലിരിക്കുന്നല്ലാതെ
മനസ്സൊരുത്തന്റെ വശത്തിലുണ്ടെന്നു
മനുഷ്യലോകേശാ! നിനച്ചിടാതെ നീ.
തനിക്കു നല്ലതിങ്ങളിലഷിക്കുന്ന
മനുഷ്യൻ മാനസമടക്കി മെല്ലവേ

പെരിയസല്ക്കൎമ്മം ചരിച്ചു സൎവ്വവും
പരിചിലീശ്വരാൎപ്പണമായിച്ചെയ്തു
കരളിലീശ്വരപദാംബുജത്തെയും
കരുതണമെന്നാൽ പ്രസാദിക്കുമീശൻ.
പരമേശൻതന്റെ പ്രസാദത്താൽ നല്ല
പരമാത്മജ്ഞാനം ഭവിക്കയും ചെയ്യും.
അതുകൊണ്ടുതന്നെ വരുമമൃതവു-
മതിനെക്കാളൊന്നും വലുതായില്ലല്ലോ.
പറകിൽ തന്നുടെ മനസ്സിലേ ധ്യാന-
മുറച്ചുവണ്ണമേ ഭവിക്കുമെപ്പേരും.
അതിനു ദൃഷ്ടാന്തം പറഞ്ഞിടാമെങ്കി-
ലതിനെക്കേട്ടാലും ക്ഷിതിപതിമണേ!
കൃമികളെച്ചെന്നു പിടിച്ചു വേട്ടാളൻ
സമീപത്തിൽകൊണ്ടന്നൊരു കൂട്ടിലാക്കി
ഇരുകണ്ണും നന്നായ് മിഴിച്ചു പേടിപ്പി-
ച്ചുരുശബ്ദത്തിനാൽ മുഴക്കിയുംകൊണ്ടു്
കൃമികൾ കാണുമാറടുക്കവേ ചെററു
ഭ്രമിപ്പിക്കുന്നപ്പോഴതിനു നേരായി
പെരിയ ഭീതിപൂണ്ടുടൻ പുഴുതാനും
പരിചിൽ മററൊന്നു മനസ്സിൽ വയ്ക്കാതെ
അതിന്റെ കോലത്തെയനിശം കാൺകയാ-
ലതിന്നേത്തന്നെയങ്ങകതാരിൽ നണ്ണി
അതു കൂട്ടതന്നിലിരുന്നവണ്ണമേ-
യതിൻസ്വരൂപമായഹോ! ഭവിക്കുന്നു.
ഇതല്ലാതെകണ്ടിന്നിനിയുമീവണ്ണ-
മിതമൊട്ടു ചൊൽവാൻ പലതുമുണ്ടെടൊ.
ഇവണ്ണമീശ്വരസ്മരണം ചെയ്തുള്ളോ-
രവൎക്കു സാരൂപ്യം ഭവിക്കയും ചെയ്യും.
ഇനിയുമൊന്നുണ്ടു മമതയ്ക്കു മൂലം
തനിയെ ഗൂഢമായതും ചൊല്ലീടുവൻ.

ജനകനെന്നിട്ടും ജനനിയെന്നിട്ടും
തനുജനെന്നിട്ടും തനുജയെന്നിട്ടും
തനയനെന്നിട്ടുമനുജനെന്നിട്ടും

മമതയുണ്ടാവാൻ നിമിത്തമെന്തെന്നാൽ
സകലവും രക്തസ്പരിശങ്ങൾ തന്നെ
സകലനായുള്ള ഭവാനറിഞ്ഞാലും.
ഇഹ ദേഹദേഹിവിയോഗമുണ്ടാംപോ-
ളഹോ വെടിഞ്ഞിടും കൃപയും കൂടവേ.
പരം നാസായുടെ വരുന്ന ശ്ലേഷ്മത്തെ-
ക്കറന്നു വേറിട്ടു കരത്തിലാക്കുമ്പോൾ
അറയ്ക്കും ശേഷവും വലിച്ചിറക്കിട്ട-
മറപ്പുതോന്നായ്കയങ്ങകത്തതാകുമ്പോൾ.
അതുപോലെതന്നെ ശരീരം വേറിട്ട-
ങ്ങസൃക്കൾ പോകുമ്പോളറയ്ക്കുമെപ്പേരും.
ഒരുത്തന്റെ ചോറു ഭുജിച്ചാലുണ്ടാകു-
ന്നൊരു കൃപയ്ക്കുമിങ്ങിതുതന്നെ മൂലം.
അരികൊണ്ടന്നടൻ പചിച്ചു ഭക്ഷിച്ചാൽ
ജരിച്ചു രക്തമായ് പരിണമിച്ചിടും.
അതുകൊണ്ടന്നത്തെക്കൊടുത്തവനൊടു-
മതിയായിട്ടുള്ള കൃപയുണ്ടാകുന്നു.
അതു നിമിത്തമായവന്നു വേണ്ടീട്ട-
ങ്ങസൃക്കളെക്കൂടെ കൊടുത്തിടുന്നതും.
രുധിരശുക്ലങ്ങൾ നിമിത്തമായത്രെ
പിതാവുമാതാവെന്നവരൊടു കൃപാ
വിപത്തിങ്കൽ തന്റെ ശരീരം രക്ഷിക്ക-
നിമിത്തം ബാന്ധവജനത്തൊടും കൃപാ
പരലോകത്തെക്കു ഗമിക്കുമക്കാല-
മിവരാരും കൂടെ വരികയുമില്ല.
കൃപയും പോയിടും സ്മൃതിയും പോയിടും
ദുരിതമെങ്കിലും സുകൃതമെങ്കിലും
പരിചിൽ താൻ ചെയ്ത ക്രിയകളല്ലാതെ
ശരീരത്തിൽ നിന്നുമസൃക്കൾ പോകുമ്പോൾ
പരലോകത്താരും തുണയില്ല പാർത്താൽ
ധനവും ധാന്യവും പരമബന്ധുവും
മനം കുളുർപ്പിക്കും മനോഹരാംഗിയും
സകലകോശവും സകലരാജ്യവും

സകലഭൂഷണദുകൂലങ്ങളും താനും
കരിവരരഥതുരഗവൃന്ദവും
വരഭടന്മാരുമോരോ ഗൃഹങ്ങളും
പശുക്കളാദിയായിവകളിലൊന്നും
വഴിക്കുകൂടവേ വരാ വരാ നൂനം.
മരണസഞ്ചാരമടുക്കുന്നനേരം
പരമബന്ധുവാല്യപായമെന്തുള്ളു.
പരന്നു നോക്കയും കരഞ്ഞു വീഴ്കയു-
മിരുന്നു കൂട്ടമായ് പഴമ ചൊല്കയും
മരിച്ചാലപ്പോഴേ ദഹിപ്പിപ്പാനുള്ള-
തരുക്കളും വെട്ടിപ്പാൻ തിരഞ്ഞു കാണ്കയും
ഉടയവർ പൊന്നും പണവും പാത്രവു-
മുടമയുമെല്ലാമെടുത്തു സൂക്ഷിച്ചും
മരണവേദന പിണഞ്ഞവനേതും
ശരണം കാണാതെയിരിക്കും നേരത്തിൽ
കുഴിച്ചുവച്ചുതങ്ങെവിടെയെന്നിട്ടും
കിഴികളിലുള്ള പണമെങ്ങെന്നിട്ടും
കരച്ചിലോടുചെന്നവർ ചോദിക്കുമ്പോൾ
മരിച്ചുപോമെന്നങ്ങിരട്ടിസങ്കടം
ഉരുദുഃഖം പൂണ്ടങ്ങവനിരിക്കയാ-
ലുരിയാടുവാനുമരുതതു നേരം.
കടം ധനങ്ങളും പറയണമെന്ന-
ങ്ങുടയവർ ചെന്നങ്ങുടനുടൻ കാതിൽ
കടുകടെച്ചൊല്ലിയസഹ്യമാംവണ്ണം
തുടങ്ങുമിങ്ങനെയവനോടു ചോദ്യം.
പിതൃപതിയുടെ വരഭൃതന്മാരു-
മതുനേരമങ്ങു വരുമയതേന.
ദുരിതമേറിന പരിഷകൾക്കെല്ലാം
പരിചിലങ്ങവർ ഭയപ്രദരാകും
സുകൃതം ചെയ്തുള്ള ജനത്തിനു പിന്നെ
സുഖദരായിടുമവർതന്നെ നൂനം.
അതുകൊണ്ടേററവും പ്രയത്നം ചെയ്തിട്ടും
മതിമാൻ ചെയ്യണം സുകൃതത്തെത്തന്നെ.

സുകൃതത്തിങ്കലോ മതി പ്രവൎത്തിപ്പാൻ
സുഖമേ സജ്ജനസമാഗമം വേണം.
അസൽസമ്പൎക്കാദി ഭവിക്കിലപ്പൊഴേ-
യസൽക്കൎമ്മങ്ങളിൽ മതി പ്രവൎത്തിക്കും.
ഗതി സ്വഭാവത്തിൻ പകൎച്ചയുമുണ്ടാ-
മതിനു ദൃഷ്ടാന്തമിഹ ചൊല്ലീടുന്നേൻ.
കറുത്തപച്ചമൺ ചുടുന്നനേരത്തു
നിറം ചുവപ്പായിട്ടതിങ്കൽ കാണുന്നു.
കറുത്ത മാങ്ങതാൻ പഴുക്കുന്നേരത്തു
കറുത്തതുപോയിച്ചുവപ്പുണ്ടാകുന്നു.
പുളിച്ചതും പിന്നെച്ചവൎത്തതുമെല്ലാം
പഴുക്കുന്നേരത്തു മധുരമാകുന്നു
മധുരമായതുമതി പഴുത്തായാൽ
മതിമതാംവര! പുളിക്കുന്നില്ലയോ.
പുളിയുമുപ്പുമായൊരുമിക്കുന്നേരം
പുതുതായങ്ങൊരു രസം പകരുന്നു.
ഒരു മഞ്ഞളും നൂറുമൊരുമിക്കുന്നേരം
നിറം ചുവപ്പായിപ്പരിണമിക്കുന്നു.
പുളിയും പാലുമായൊരുമിക്കുന്നേരം
പുളിച്ചു തൈരായിട്ടുറയുന്നു പിന്നെ.
കലക്കിയാലതിലിനിച്ചൊരു വെണ്ണ
വെളുത്തുകാണുന്നതനുഭവസിദ്ധം.
അചേതനമായോരിവററിനുംകൂടെ
വിശേഷമായോരോ പകൎച്ച സംപ്രതി
ഒരുകാലംകൊണ്ടുമൊരുപാകംകൊണ്ടു-
മൊരുയോഗംകൊണ്ടുമിവിടെക്കാണുന്നു.
സചേതനങ്ങൾക്കു പകൎച്ച കാലാദി-
വിശേഷങ്ങൾകൊണ്ടു ഭവിച്ചിടുന്നതിൽ
വിശാംപതേ! ഇപ്പോൾ പറയുന്നെന്തിനു
വിചാരിച്ചുകാൺക വിവേകമേധയാൽ.

ജാതിവിഭാഗം.

ധരാസുരൻമുതൽ പുലയവരോളം
ധരേശ! ജാതിയുണ്ടെഴുപത്തിരണ്ട്

അവകളെയെല്ലാം നിനക്കു നന്നായി-
ട്ടവനീശ! വേറു തിരിച്ചു ചൊല്ലുന്നേൻ.
വടിവൊടു വർണ്ണചതുഷ്ടയത്തെയും
നടേ നടേ തന്നെ വചിച്ചിട്ടുണ്ടല്ലോ.
ധരാസുരൻതനിക്കിഹ നൃപസ്ത്രീയിൽ
ധരാപതേ! ജനിച്ചവൻ സവർണ്ണാഖ്യൻ.
ധരാസുരൻതനിക്കവണ്ണമേ വൈശ്യ-
തരുണിയിൽ ജനിച്ചവനംബഷ്ഠനാം.
നിറന്ന വിപ്രനങ്ങവണ്ണം ശൂദ്രിയിൽ
പിറന്നവൻ പാരശവനറിഞ്ഞാലും.
മഹീപതിതനിക്കൊരു വൈശ്യസ്ത്രീയിൽ
മഹീശ! ജന്മിച്ചോൻ സുമാഹിഷ്യംബഷ്ഠൻ.
മഹീപതിതനിക്കവണ്ണമേ ശൂദ്ര-
മഹിളയിലുണ്ടായവനുഗ്രാഖ്യനാം.
മഹീപതിക്കുർവ്വീസുരരമണിയിൽ
മഹാമതേ! ജനിച്ചവൻ സൂതനല്ലോ.
വണിക്കിനു നല്ല വൃഷളനാരിയിൽ
ജനിച്ചവൻതന്നെ കരണനെന്നറി.
വണിക്കിനീവണ്ണം ക്ഷിതിസുരസ്ത്രീയിൽ
ജനിച്ച പുത്രനേ വചിക്കും ക്ഷത്താവായ്.
വണിക്കിനു നല്ല നൃപാംഗനതന്നിൽ
ജനിച്ചവൻതന്നെപ്പറകിൽ മാഗധൻ.
വൃഷളൻ സംഗിച്ച മഹീസുരസ്ത്രീയിൽ
വിശദമാനസ! ജനിച്ചോൻ ചണ്ഡാളൻ.
നൃപസ്ത്രീയിൽ ശൂദ്രനനുഭവിച്ചിട്ടു
നൃപമണേ! ജനിച്ചവൻ വൈദേഹനാം.
അവണ്ണം വൈശ്യയിലിഹ ശൂദ്രൻതനി-
ക്കവനീശാ! ജനിച്ചവനയോഗവാൻ.
നൃപസ്ത്രീയിൽ വിപ്രനൊളിശയനമായ്
നൃപമണേ! ചെന്നിട്ടതിലുണ്ടായുള്ള
പുരുഷനേ നക്ഷത്രജീവിയെന്നു നീ
പുരുഷപുംഗവ! കരളിൽ നണ്ണുക.
അവണ്ണം ചെയ്യുത്താലവൻതന്നെ സംഗി-

ച്ചവനീശ! വൈശ്യതരുണിയിൽ പുത്രൻ
ജനിച്ചാലങ്ങവൻ തനിക്കുള്ള നാമം
മനുഷ്യേശാ! മാല്ലാവികനറിഞ്ഞാലും.
ചതുർത്ഥസ്ത്രീയിലുമവണ്ണമേതന്നെ
വിദേശധനായുള്ള മഹീസുരൻ ചെന്നി-
ട്ടനുഭവിച്ചതിൽ ജനിച്ച മർത്ത്യനു
മനുജപുംഗവ! നിഷാദനെന്നു പേർ.
പതിഭാവമവലംബിച്ചൊരു നൃപൻ
ക്ഷിതിപതേ! വൈശ്യാംഗനയിൽ ജന്മിച്ച
തനയനു നാമമശിരനെന്നല്ലോ
തനിക്കതാൻപോന്നോർ വചിച്ചുകേൾക്കുന്നു.
ക്ഷിതീശനു ശൂദ്രാംഗനയിൽ ചെയ്തതാൽ
ക്ഷിതിപതേ! ജനിച്ചവൻ ശ്രവികാഖ്യൻ.
ക്ഷിതിസുരസ്ത്രീയിലിവണ്ണം ചെയ്തതാൽ
ക്ഷിതിപാലനിഹ ജനിച്ച പുത്രനെ
രഥകരനെന്നു ജഗത്തിലേററവും
പൃഥിവീശ! ചൊല്ലുമറിവുള്ള ജനം.
വണിക്കിനു ശൂദ്രാംഗനയിൽ ചെയ്തതാൽ
ജനിച്ചവനത്രേ തടകനാമകൻ.
അവണ്ണം ചെയ്തതാൽ ധരണിദേവിയി-
ലവൻ തനിക്കുണ്ടായവൻതന്നേ മ്ലേച്ഛൻ.
ക്ഷിതീശകന്യയിൽ വണിക്കിനു ചെയ്ത-
വിധിയിനാലുണ്ടായവൻ പുളിന്ദനാം.
അവരവണ്ണംചെന്നൊളിച്ചു സംഭോഗി-
ച്ചവനിദേവിയിൽ ജനിച്ചവൻതന്നെ
പറയും ബാഹദായനെന്നു പേരായി-
യറിവേറീടുന്ന ജനങ്ങൾ സർവരും.
അവനിപാലകതരുണിയിൽച്ചെന്നി-
ട്ടവൻതന്നെ ചെയ്തതിനാൽ ജനിപ്പിച്ച
തനയൻതന്നുടെയഭിഖ്യയെന്തെന്നാൽ
മനുജപുംഗവാ! ബലവാനെന്നാകും.
വണിക്തരുണിയിലവണ്ണമേയവൻ
ജനിപ്പിച്ച സുതൻ തനിക്കുപേർ ചക്രി.

പതിയിരിക്കവേ പരന്നു ചെയ്യുത്താൽ
മതിമതാംവര! ജനിച്ച പുത്രന്റെ-
യഭിഖ്യയെന്തെന്നു ശ്രവിക്കിലോ ചൊല്ലാ-
മഭിജ്ഞെ! കുണ്ഡനെന്നവനുടെ നാമം.
പതി മരിച്ചുപോയിരിക്കെ ജനിച്ച
സുതന്റെപേർ ഗോളകനെന്നുതന്നെയാം.
തനിക്കുകീഴായ കുലത്തിലഗ്രിയൻ
ജനിപ്പിച്ചുണ്ടായോനനുലോമജാതി.
അധമനഗ്രിയകുലത്തിലവ്വണ്ണം
സുതനെയുല്പാദിച്ചിടുകിലോ പിന്നെ
അവനിലുണ്ടായ സുതൻതന്നെ ഭുവി
അവനിപാലകാ! പ്രതിലോമജാതി.
അനുലോമന്മാൎക്കു പിറന്നവരെല്ലാം
മനുജേശാ! കേളന്തരാളികാഖ്യന്മാർ.
പ്രതിലോമന്മാൎക്കു പിറന്നവർതന്നെ
പരം വ്രാത്യരായിപ്പറഞ്ഞിടുന്നതും.
ധരാസുരവ്രാത്യൻ തനിക്കു നല്ലൊരു
ധരാസുരസ്ത്രീയിൽ ജനിച്ചോനാവന്ത്യൻ.
നൃപതരുണിയിലവണ്ണമേതന്നെ
നൃപവ്രാത്യനുണ്ടായവൻ നല്ലോനാകും.
വണിൿതരുണിയിലൊരു വൈശ്യവ്രാത്യൻ
തനിക്കുണ്ടായവൻ സുധാന്വനാമവാൻ.
ഒരു ശൂദ്രവ്രാത്യൻ തനിക്കു ശൂദ്രിയിൽ
നിരുപമകീൎത്തെ! ജനിച്ചോൻ കാരുഷൻ.
നൃപവനിതയിലൊളിച്ചു സംഗിച്ചു
നൃപതിക്കുതന്നെ ജനിച്ചവൻ ഭോജൻ.
വണിൿതരുണിയിലവണ്ണം ചെയ്യുത്താൽ
വണിക്കിനുണ്ടായോൻ മണികാരനാകും.
വൃഷളിയിൽ ചെയ്യുവിധിയിനാൽച്ചെന്നു
വൃഷളനുണ്ടായ സുതൻ മാലാകരൻ.
പരിചിലംബഷ്ഠൻ തനിക്കംബഷ്ഠയിൽ
പിറന്നവൻ തന്നെ പറകിൽ നതാകൻ.
നിയതമംബഷ്ഠൻ തനിക്കു ക്ഷത്രിയ-

നിതംബിനിതന്നിൽ ജനിച്ചോൻ നാപിതൻ.
മഹീസുരൻതനിക്കൊരു ദൈവജ്ഞന്തിയിൽ
മഹീപതേ! ജനിച്ചവനാനകാരൻ.
പരിചിലംബഷ്ഠതരുണിയിൽ വിപ്ര-
വരനു ജനിച്ച നരനാഭീരനാം.
പരം വൈശ്യസ്ത്രീയിലവണ്ണം വിപ്രനു
പിറന്നവൻതന്നെ പരകുംഭാകരൻ.
പറഞ്ഞിടാമുഗ്രവനിതയിൽ വിപ്ര-
വരനു ജനിച്ച നരനിങ്ങാവൃതൻ.
വസുമതീദേവൻതനിക്കു യാദവ-
കൃശോദരിതന്നിൽ പിറന്ന സൂനുവേ
കുശലരായുള്ള ജനങ്ങൾ ചൊല്ലുവർ
ഭൃശമിഹ പിംഗലനാമകനായി.
ധരണിദേവിയിൽ പരവൈദേഹനു
ധരണീശ! ജനിച്ചവൻ രജകനാം.
ധരണിദേവിയിൽ ശ്വപചനുണ്ടായ
നരനുടെ നാമം ഗുഹനെന്നുതന്നെ.
വണിക്കിനു വിപ്രവനിതയിൽ വീരാ!
ജനിച്ചവൻ വൈദേഹനാമകനാകും.
വരവിപ്രസ്ത്രീയിൽ ഗുഹനു ജനിച്ച
നരൻതന്നെ നാഥ! ഭുവി ദന്താരകൻ.
പരമചണ്ഡാലൻ തനിക്കുർവ്വീദേവ-
തരുണിയിലുണ്ടായവൻ ശ്വപചനാം.
ഒരു ദോഹകാരൻതനിക്കു മന്നവാ!
ധരാദേവിതന്നിൽ ജനിച്ചവൻതന്നെ
കനീയനായുള്ളോരവനുണ്ടാകയാൽ
കണിയാനെന്നെല്ലാം പറയുന്നെല്ലാരും.
ക്ഷിതിസുരവധൂജന്മത്തിലുഗ്രനു
കൃതിവരാ! ജനിച്ചവൻ തച്ചനാകും.
അവനിദേവനാരിയിലയോഗവാ-
നവനിപാലക! ജനിപ്പിച്ചീടുന്ന
നരനു ചർമ്മകാരനെന്നു കേവലം
നരദേവ! നല്ല കൃതികൾ ചൊല്ലിടും.

വിധവയാം വിപ്രാംഗനയിൽ വൈശ്യന്നു
പൃഥിവീശാ! ജനിച്ചവൻതന്നെ ദൂതൻ.
നൃപസ്ത്രീയിൽ മാഗധനു ജനിച്ചോനേ
നൃപമദ്ദണ! ചൊല്ലിട്ടവൻ ഖനകനായ്.
പറഞ്ഞീടാം നാപിതനു നൃപസ്ത്രീയിൽ
പിറന്നവൻ തന്നെയിഹ കർമ്മകരൻ.
നടന്നു നല്ലൊരു നൃപതരുണിയിൽ
വടിവൊട്ടുണ്ടായോൻ ദ്രമിളനാമനാം.
അരിയഭൂപാലൻതനിക്കു വൈശ്യയിൽ
പെരിയ ചൌര്യത്താൽ പിറന്നവൻതന്നെ
പറയുന്നു ശപചാര്യനെന്നു കേവലം
അറിവെഴും വിദ്വജ്ജനങ്ങളും മന്നവാ!
പെരിയ ഗോപകൻതനിക്കു വൈശ്യയിൽ
പിറന്നവൻതന്നെ കിരാതനെന്നതും
രജകകന്യയിൽ നിഷാദനുണ്ടായ
പ്രജയ്ക്കു കൈവർത്തകനെന്നു നാമമാം.
പരിചിൽ വൈദേഹൻതനിക്കംബഷ്ഠയിൽ
പിറന്നവൻതന്നെ പെരിയവനെന്ന്.
രജകയിൽ വൈശ്യവരനുണ്ടായുള്ള
പ്രജക്കഭിധാനം പറകിൽ പുല്ക്കസൻ.
നരേശനാരിയിൽ ഖനകനുണ്ടായ
നരന്റെ നാമം ബലനെന്നാകുന്നു.
വിതന്തുവാമുരുജയിൽ വിപ്രനുള്ള
സുതനുപേർ കായസ്ഥനെന്നറിഞ്ഞാലും.
അവരവർണ്ണാംഗനയിൽ മാഗധനി-
ങ്ങവനീശ! ജനിച്ചവൻ കരണ്ഡനാം.
ക്ഷിതീശകന്യയിൽ നിഷാദനുണ്ടായോ-
നധോനാപിതനെന്നറിക ഭൂപതേ!
വൃഷളകന്യയിൽ നൃപതിമാർമണേ!
നിഷാദനു ജനിച്ചവൻ വൈഭവകൻ.
വണിക്പ്രമദയിലൊരു ചണ്ഡാലനു
ജനിച്ചവൻ ദന്തകപോലനാമനാം.
വൃഷളയിൽ ചണ്ഡാളനു ജനിച്ചവൻ

വിശാംപതേ! ആശ്രയകനറിഞ്ഞാലും.
ധരാമരിതന്നിൽ പരം ദുഷ്ഷനതു
ധരാപതേ! ജനിച്ചവൻ വലാഗണ്ഡൻ.
അതനു നാപിതൻതന്നിൽ ബ്രാഹ്മണ—
സുതനുവിൽ ജനിച്ചവൻ വേണുകനാം.
ഇവണ്ണം ജാതികളെഴുപത്തിരണ്ടു—
മവനിനായക! കണക്കിങ്ങൊത്തിതോ?

### സാധർമ്മ്യം.

നിനച്ചുകാണുമ്പോളിവരെല്ലാപേരും
മനുഷ്യനാഥ! കേളൊരുപോലെതന്നെ.
കരചരണാദിയവയവങ്ങളും
സുരുചിരമായ സുഖദുഃഖങ്ങളും
മുറിച്ചാൽ ചോരയുമെലിമ്പും മാംസവും
മുഖജജാതിക്കും പുലയനുമൊക്കും.
വിശപ്പുമുണ്ണുമ്പോഴും നിറകയും മൂത്ര—
വിസർഗ്ഗവും നിദ്രാ മലങ്ങളും പോകയും
അടിച്ചാൽ പീഡയും പിടിച്ചാലാശ്വാസം
കൊടുത്താൽ പ്രീതിയുമൊരുപോലെതന്നെ.
വരനാരിമാരോടനുഭോഗം ചെയ്താൽ
പെരുത്തൊരാനന്ദമിരുപക്ഷമൊക്കും.
പുരുഷനും സ്ത്രീയുമനുഭവിച്ചിട്ടി—
ങ്ങിരുവരുടെയും ജനനമാകുന്നു.
ഇവർക്കു ചാവുമിങ്ങൊരുപോലെതന്നെ
ശവത്തിനുമേതുമൊരു ഭേദമില്ല.
തെളിച്ചുള്ളായുധമുടലിലേല്ക്കുമ്പോഴും
പുലയനും വിപ്രവരനും മന്നവാ!
മുറിയുമെന്നതുമറിയാവല്ലായൊ
പറയുമ്പോളിതു പെരുതെന്നും വരും.
ഇതാ ഭേദമില്ല വിചാരിച്ചുകണ്ടാൽ
ബഹുതരമായാചരിച്ചു കാണുന്നു.

### ആചാരവൈഷമ്യം.

ഇരുപത്തൊന്നര മൂഴക്കോൽ ദൂരത്തു
തിരിഞ്ഞുപോകണം പുലയനെന്നവൻ

അതിലേററം വന്നങ്ങടുത്തുപോയെങ്കിൽ
മതിമാനായുള്ള മഹീസുരവരൻ
ഉടുത്ത വസ്ത്രത്തോടുടനേ ചെന്നിട്ടു
മടിക്കാതെതന്നെ കുളിക്കയും വേണം.
തുടന്നുപോയെന്നു വരികിൽ മൌനത്തോ-
ടുടനേ ചെയ്യണം മഹാനദീസ്നാനം.
കുളിയിരുപത്തൊന്നരു കഴിഞ്ഞാകിൽ
കുളിക്കുള്ളാചാരം സമന്ത്രമായിട്ടു-
ങ്ങൊരുക്കിപ്പൂണൂലും [illegible]കന്റ പുണ്യാഹം
ചരിച്ചു ചെയ്യണം ഘൃതപ്രാശത്തെയും.
സ്മരിച്ചു വിഷ്ണുവേ മനസ്സിൽ കേവലം
ഇരിക്കിലപ്പാപം കെടുമെന്നു കേൾപ്പൂ.

അവണ്ണം നല്ലൊരു ധരാസുരൻതന്നെ-
യവലോകിച്ചാലുടനേ ഭൂമിയിൽ
നമസ്കരിച്ചഥ നിജഗൃഹത്തിങ്കൽ
വിമത്സരനായിട്ടുടൻ കൂട്ടിക്കൊണ്ടു്
അതിമോദത്തോടും വരാർഘ്യപാദ്യങ്ങൾ
പ്രതിപാദിച്ചിട്ടിങ്ങവൻ തനിക്കുള്ള
ചരണങ്ങൾ രണ്ടും കഴുകിയവെള്ളം
ശിരസ്സിൽ നന്നായി *ധരിച്ചുകൊണ്ടുടൻ
വരാസനത്തിങ്കൽ സുഖമിരുത്തീട്ടു
ധരാസുരൻ തനിക്കഥ താംബൂലവും
കൊടുത്താലവട്ടമെടുത്തു വീശിയും
ചടപ്പു തീർത്തിട്ടങ്ങവനോടു മെല്ലെ
കുശലം ചോദിച്ചു ഗൃഹത്തിലമ്മാനം
കുശലനായുള്ളോൻ ക്ഷണിച്ചു ഷഡ്രസ
സമേതമാംവണ്ണം ഭുജിപ്പിച്ചു കൈക്കും
സുഖോഷ്ണമായിട്ടും ജലം കൊടുത്തഥ
പരിചോടെച്ചിലുമെടുത്തു പ്രോക്ഷിച്ചു
കരചരണങ്ങൾ കഴുകിയും കൊണ്ടു്
പുറത്തുചെന്നതിവിനയത്തോടുമാ-

* 'തളിച്ചു' എന്നു പാഠാന്തരം.

ധരിത്രിദേവനു കൊടുത്തു താംബൂലം
അവനു പോകേണ്ടും വഴിയും കാട്ടീട്ട-
ങ്ങവനേക്കൊണ്ടനുവദിപ്പിച്ചുകൊണ്ട്
തിരിച്ചുവന്നിട്ടു ഭുജിപ്പാനാചാരം
ധരിച്ചിതോ നിനക്കിതൊക്കെയുള്ളത്തിൽ.
ഇവണ്ണമൊക്കെയും വരുവാനെന്തെന്നാ-
ലിവകളേയും ഞാൻ നിനക്കു ചൊല്ലിടാം.

### സ്വഭാവവൈലക്ഷണ്യനിദാനം.

ഗുണങ്ങൾ കൊണ്ടത്രേ വിധിനിഷേധങ്ങൾ
ഗുണങ്ങളാചാരനിമിത്തങ്ങളല്ലോ.
കരളിൽ നന്നായി നിനച്ചുകണ്ടാലും
ധരണിപാലക! ഭവാനിപ്പോളിഹ.
ഒരുത്തനച്ഛനായൊരുവളമ്മയായ്
പിറന്ന മക്കൾക്കു സ്വഭാവം വെവ്വേറേ.
ഒരുത്തൻ ധൃഷ്ടനാമൊരുത്തൻ ശിഷ്ടനാ-
മൊരുത്തൻ വിദ്വാനാമൊരുത്തൻ മൂഢനാം
ഒരുത്തൻ ദുർബ്ബലനൊരുത്തൻ ശക്തിമാ-
നൊരുത്തൻ നിസ്തേജനൊരുത്തൻ സുന്ദരൻ
ഒരുത്തനച്ഛനായൊരമ്മമക്കളാ-
യിരുന്നോരെല്ലാരുമിവിടെക്കേവലം
ഒരുപോലെതന്നെ വരാഞ്ഞതെന്തെന്നാൽ
ധരേശ! ചോദിക്കിൽ പറയാമുത്തരം.
അവരവർ ചെയ്ത ക്രിയയ്ക്കൊത്തവണ്ണ-
മവരവർക്കുണ്ടാം സ്വഭാവം വെവ്വേറെ.
ഗതികളുമുണ്ടാമവണ്ണമെങ്കിലും
സുധീവര! ഞാനൊന്നിതിൽ ചൊല്ലീടുന്നേൻ.

### ചാതുർവർണ്ണ്യസൃഷ്ടിക്രമം.

വിരാട്ടുതന്നുടെ മുഖത്തീന്നുണ്ടായി
ധരാസുരരെല്ലാം പ്രഥമമങ്ങനെ.
കരദ്വയത്തീന്നുമനന്തരം വീര!
ധരിത്രിപാലന്മാരഖിലരുമുണ്ടായ്.
വണിക്കുകളുമങ്ങവൻതുടകളീ-

ന്നനുക്രമത്താലേ പിറന്നു പാദജർ
അവനുടെ പാദദ്വയത്തിങ്കൽനിന്നു-
മവരവർണ്ണവും സമുത്ഭവിച്ചു.
പ്രഥമവർണ്ണത്തിനുടെ ഗുണങ്ങളെ
പൃഥുലകീർത്തേ! ചെററിഹ ചൊല്ലീടുന്നേൻ.

ബ്രാഹ്മണസ്വഭാവം.

പൊറുമയും നല്ല ദയയും സത്യവും
നിരുപമമായ തപസ്സദ്ധ്യയനം
അനിഷിദ്ധാഹിംസായജനദാനങ്ങ-
ളനുതാപമെന്നിങ്ങനെയുള്ളതെല്ലാം
ദ്വിജവരന്മാർക്കു മനുജനായക!
നിജങ്ങളായിന്നുമിതല്ലാതെയുണ്ടു്.
അടിച്ചുവെങ്കിലും തടവിയെങ്കിലും
കൊടുത്തുവെങ്കിലും പറിച്ചുവെങ്കിലും
സ്തുതിച്ചുവെങ്കിലും ദുഷിച്ചുവെങ്കിലും
മനസ്സിലേതുമേ വികാരംകൂടാതെ
ഇരുന്നവരെല്ലാവരെയും കേവലം
പെരിയ ബ്രാഹ്മണരവരെന്നുവച്ചു്
മുഴുത്ത സത്യവും മുഴുത്ത സത്വവും
മുഴുത്ത ദാക്ഷിണ്യമിവയൊരുപോലെ
ഇരിക്കയാലുണ്ടായവർക്കു ബ്രാഹ്മണ്യം
ധരിച്ചുകൊണ്ടാലും ധരണിനായക!

ക്ഷത്രിയസ്വഭാവം.

സ്തുതിച്ചാൽ സമ്മാനം ദുഷിച്ചാൽ വെട്ടടി-
യുപകരിച്ചാൽ പ്രത്യുപകരിക്കയും.
അഭിമാനം ഡംഭമഹംകാരം ക്രോധ-
മസൂയ ദേവബ്രാഹ്മണവിശ്വാസവും
അരാതികളോടു കലർന്ന ദ്വേഷവു-
മരികേ നില്ക്കുന്ന ജനങ്ങളിൽ ക്രൂരം
പെരുകിയും മോഹം തഴച്ചും ഭൂമിയിൽ
തരുണിമാരിലുമവണ്ണമേതന്നെ
പെരുത്തോരൈശ്വര്യം മതിയാകയില്ല

മരിപ്പാൻ പേടിയും യുധി ചെറവുമില്ല
ശരണംപ്രാപിച്ച ജനങ്ങടെ പക്കൽ
കരുണ വാത്സല്യം ചിതമായിട്ടുണ്ട്
ധരണീശൻ ഞാനിന്നെനിക്കുകീഴായി
ധരണിയിലുള്ളോരിരിക്കണമെന്നും
ഒരു ക്ഷാത്രം തോന്നിയവർക്കതുകൊണ്ടു
പരിചിൽ ക്ഷത്രമെന്നൊരു പേരും വച്ചു.
അസത്വം കാലംശം കലരുകകൊണ്ടും
രജസ്സത്വം രണ്ടും സമമാകകൊണ്ടും
അവർക്കു ക്ഷത്രിയത്വമെന്നു മന്നവ!
സുവൃത്തരായുള്ളോർ പറഞ്ഞുകേൾക്കുന്നു.

വൈശ്യസ്വഭാവം.

അടിച്ചാലും പിന്നെയധിക്ഷേപിച്ചാലു-
മഭിമാനക്കേടിങ്ങനുഭവിച്ചാലും
പെരുകിയോരർത്ഥം കളയാതെതന്നെ-
യിരുന്നാൽപ്പോരുമെന്നിഹ നിനയ്ക്കയും
മകൻ മകൾ മാതാ പിതാവു പോയാലും
മനസ്സറിഞ്ഞിട്ടങ്ങൊരുകാശുപോവാൻ
അയയ്ക്കയുമില്ലങ്ങസൂയയും പാരം
നയജ്ഞ! കേളതിഭയവുമുണ്ടെടോ.
പെരിയലാഭവും വരുമെന്നുകണ്ടാ-
ലെരിയും തീയിലും പതിക്കുമോരാതെ
ഇവണ്ണമുള്ളോരു ഗുണങ്ങൾ കണ്ടള-
വവർക്കു വൈശ്യരെന്നൊരു പേരുണ്ടാക്കി.
അസത്യസത്യങ്ങൾ സമമാകകൊണ്ടും
രജസ്സു മുക്കാലായിരിക്കകൊണ്ടിട്ടും
അവർക്കു വൈശ്യത്വമറിഞ്ഞിതോ ഭവാ-
നവണ്ണം ശൂദ്രത്വത്തിനു മൂലം ചൊല്ലാം.

ശൂദ്രസ്വഭാവം.

തനിച്ചു താനായി നടപ്പാനാളല്ല
മനസ്സിൽപ്പോരായങ്ങതിനു ധൈര്യവും
ഒരുത്തനെസ്സേവിച്ചിരുന്നു തൽപ്രീതി

വരുത്തിയിട്ടവനുടെ പ്രസാദത്താൽ
തരത്തിൽത്തന്നുടെയഭീഷ്ടമൊക്കെയും
വരുത്തുവാൻ വേണ്ടും കരുത്തുണ്ടുതാനും.
പൊളിപറകയും മടിയുറക്കവും
കളവും ഹിംസയുമിവ പെരുക്കയാൽ
അവരവണ്ണമെന്നൊരു പേരുമുണ്ടാ-
യവർക്കു ഭൂമിയിലവനിനായക!
അസത്യം മുക്കാലു,മൊരു കാൽ സത്യവും,
രജസ്സു പാതിയും, തമസ്സു പാതിയും
ഇവണ്ണമെല്ലാമങ്ങിരിക്കകൊണ്ടിട്ടു-
ങ്ങവർക്കു ശൂദ്രത്വമറിക മന്നവ!

### ആത്മരക്ഷണൌത്സുക്യം.

ശരീരപോഷണത്തിനുള്ളുപായങ്ങൾ
നരന്മാർക്കും നല്ല മൃഗജാതികൾക്കും
കൃമികീടാദിയായിവിടെയുള്ളൊരു
സമസ്തപ്രാണിക്കുമൊരുപോലെതന്നെ
ഉറക്കം സംഭോഗം വിശപ്പും ദാഹവും
പെരുത്ത വൈരിയെ ഭയവുമിങ്ങനെ
സമസ്തവുമിങ്ങു നൃപകുലമണേ!
സമസ്തപ്രാണിക്കും ചിതമായിട്ടുണ്ടാം.
ജനിച്ചു മൂന്നുനാൾ കഴിഞ്ഞ മാർജ്ജാരൻ
തനിക്കിരയെന്നു നിനച്ചുകതാരിൽ
എലിയേക്കാൺമ്പോൾ പിടിച്ചു ഭക്ഷിക്കും
ബലിയായിത്തന്നെയിരിക്കിലുമതു്.
പിറന്നു മൂന്നുനാൾ കഴിഞ്ഞ മൂഷികൻ
കരഞ്ഞ പൂച്ചതൻ സ്വരങ്ങൾ കേൾക്കുമ്പോൾ
വിറച്ചു മണ്ടീടുമരിയെന്നുള്ളി-
ലറിവുമുണ്ടെന്നതറിക മന്നവാ!
പുറന്നാലപ്പോഴേ പശുക്കിടാങ്ങളു-
മരിയെന്നുള്ളിലറിഞ്ഞു ഭീതരായ്
പുലി കരയുന്ന കരച്ചിൽ കേൾക്കുമ്പോൾ
നിലവിളിച്ചുകൊണ്ടൊരുദിശി മണ്ടും.
കരികൾ തങ്ങടെ കരച്ചിൽ കേട്ടാലു-

മൊരുചലനവുമവററിനില്ലല്ലോ.
അറിവെല്ലാററിനും സ്വയമേയുണ്ടെന്ന-
തറിയാമേററവുമിതുകൊണ്ടുതന്നെ.
ഇഹലോകസുഖമനുഭവിപ്പാനാ-
യുപായമുള്ളവനപായമില്ലെടോ.
നരജന്മം ദൈവാലിഹ ലഭിക്കിലോ
നരലോകേശ! പോന്നനിശവുമോരോ
വരകർമ്മങ്ങളെ ചരിച്ചിടുന്നവൻ
വരപൂരുഷനെന്നറിക ഭൂപതേ!
അചേതനങ്ങളായിരിക്കുന്ന വൃക്ഷ-
നിചയങ്ങൾക്കുമുണ്ടറിവെന്നുള്ളതു്.
ഉരുവായുള്ളൊരു മരത്തിന്റെ കീഴി-
ലൊരുമരമുണ്ടായ് വളരുന്നനേരം
ഉയർന്നിരിക്കുന്ന മരത്തിനേക്കണ്ടു
ഭയംകൊണ്ടല്ലയോ ചരിഞ്ഞു മറേറതി-
ഞ്ഞൊതുങ്ങിച്ചാഞ്ഞതല്ലോ വളരുന്ന മര-
മതിങ്ങു കണ്ടല്ലോയിരിക്കുന്നു ഭവാൻ.
ചരങ്ങൾക്കും പിന്നെയചരങ്ങൾക്കുമാ-
യറിവെന്നുള്ളതിങ്ങൊരുപോലെതന്നെ.
പതത്രികൾ കൂട്ടം ചമച്ചു നന്നായി
പതുപ്പുള്ള പുല്ലു വിരിച്ചു മൊട്ടയു-
മതിലിട്ടുമെല്ലെന്നുടഞ്ഞു പോകാതെ-
യതിനെ സാദരം ചിറകിനാൽ മൂടി
പതിനഞ്ചുദിനമതിൽ തീനുമിട്ടു
മതിമൻ! സൂക്ഷിച്ചങ്ങിരുന്നു കാത്തിടും.
ഉടച്ചു മൊട്ടയിന്നെടുപ്പാറായെന്നാ-
ലുടലിൽ കൊക്കുകൾ പെടാതെകൊത്തിയ-
ങ്ങുടച്ചു നന്നായിട്ടതിനെ മെല്ലവെ-
യെടുത്തു സാദരം വളർത്തുന്നില്ലയോ.
അതുമാത്രമല്ല കുരുവികൾ കൂട്ടി-
ലതിമാത്രം സുഖമിരിക്കുമ്പോഴതിൽ
വെളിച്ചമുണ്ടാവാൻ വിളക്കിനു പ്രതി
തെളിഞ്ഞു മിന്നുന്നതൊരു മിന്നാനങ്ങൾ.

പിടിച്ചു കൊണ്ടന്നങ്ങുടനേ പച്ചമ-
ണ്ണെടുത്തു ക്രൂടതിലുറപ്പിച്ചു പിന്നെ-
പ്പുറന്നുപോകാതെ പതിക്കും നന്നായി-
ട്ടറിഞ്ഞുകൊണ്ടാലുമതിനെയെപ്പോഴും.
വലകെട്ടി വണ്ണാൻ പതുക്കവെ ചെന്നു
വലനടുവിലിരുന്നു വഞ്ചിച്ചു
പലതും ജന്തുക്കൾ പറന്നുവന്നതിൽ
പിണഞ്ഞുപോകുമ്പോൾ പിടിച്ചു ഭക്ഷിച്ചു-
മിവണ്ണമേതന്നെ കഴിയുന്നു കാല-
മവണ്ണമിന്നുമുണ്ടിഹ പറഞ്ഞിടാം
മധുരമായുള്ള സുമങ്ങളിൽനിന്നു
മധുക്കളേ മെല്ലെന്നെടുത്തുകൊണ്ടന്നു്
അതിൻെറ കിട്ടമാം മെഴുകൊണ്ടു കൂടും
പതിന്നാംശ്ലോളവും ചമച്ചു വാവിന്നു്
പലരുമൊന്നിച്ചങ്ങിരുന്നു തേനെല്ലാം
നലമോടീച്ചകൾ കുടിക്കുന്നില്ലയോ?
നരന്മാക്കും മൃഗപശുപക്ഷികൾക്കു-
മറിവാഹാരാദികളിലെന്തുഭേദം.
ഗുണാഗുണങ്ങളെയറിഞ്ഞു നന്നായി
ഗുണങ്ങളെയംഗീകരിക്കുന്നവനെ
നരവരനല്ലാത്തവർകളൊക്കയും
നരപശുക്കൾതാൻ വിശയമില്ലെടോ.

## ഗുണഭേദങ്ങൾ.

ഗുണങ്ങൾകൊണ്ടത്രേ സകലഭേദവും
ഗുണജ്ഞ! കേളിതിനുദാഹരണവും.
ഒരുമരത്തിന്മേലിരണ്ടു പൂക്കുല
സുരുചിരമായി വിരിഞ്ഞിരിക്കുമ്പോൾ
അതിലൊന്നിൽ തേങ്ങായിളന്നീരുമുണ്ടാം
ഇതരത്തിൽക്കള്ളു മവണ്ണമുണ്ടാകും.
അതു കുടിക്കുമ്പോൾ പതിതനുമാകു-
മതെന്തുകൊണ്ടെന്നാൽ പറഞ്ഞീടാം തവ.
നിറയെത്തേങ്ങയുമിളനീരുമെല്ലാം

Mal /294.538/ BL 583

വെറുവയറതിൽ കുടിക്കിലും തന്നെ
ലഹരിയേതാനുമതിനിങ്ങുണ്ടാമോ
മഹീപതികുലമണേ! പറഞ്ഞാലും.

മദ്യദോഷങ്ങൾ.

തനിച്ചു കള്ളതാൻ കുടിക്കുന്നേരത്തു
തനിക്കുതാൻപോന്ന ജനങ്ങൾക്കും കൂടെ
മതിമറന്നൊരു വിവേകം കൂടാതെ
പതിക്ക കാട്ടുക പറകയെന്നേവം
പലയവമാനം വിപത്തുമുണ്ടാകും
അലമിതു ലോകപ്രസിദ്ധമല്ലയോ?
ഇവണ്ണം ദുർഗ്ഗുണമിരിക്കകൊണ്ടതിൽ
നിഷേധമുണ്ടാവാൻ നിമിത്തമെന്നറി.
ചിലരു ചൊല്ലുന്നിങ്ങിതിനെ മന്നവ!
നലമോടേററവും ഗുണമായിത്തന്നെ.
ബലവുമുണ്ടാകമുടലിനാരോഗ്യം
പലതും ഭക്ഷിച്ചാൽ ദഹിക്കയുംചെയ്യും
മിഥുനകർമ്മത്തിൽ വിശേഷതയുണ്ടാം
അതെന്തു കാമിനീകമന്നന്മാർക്കഹോ!
ശരീരദുഃഖങ്ങൾ മറക്കുമാറിഹ
പരിചിലാനന്ദങ്ങളുമുണ്ടാം വേഗം
ജരാനരകൾക്കും വിശേഷമുണ്ടെടോ
ധരാപതേ! ചെററും ധിശയമില്ലെന്നും
പരിചിലിച്ചൊന്ന ഗുണങ്ങളൊക്കെയും
പരമിതിലുണ്ടായിരിക്കിലുംതന്നേ
അരുതെടോ ചെററുമിതിനു കേട്ടാലു-
മുരചെയ്തീടുന്നേൻ വരുന്ന ദോഷത്തെ.

ഇവ ഗുണങ്ങളെയിഹ പ്രയത്നിച്ചു-
മവനിപാലക! ലഭിക്കാമന്യത്താൽ
വിപത്തല്ലാതെ കണ്ടിവനൊരിക്കലും
ശുഭം വരാ പിന്നെ മരണപര്യന്തം.
നിനച്ചുകാണുമ്പോളിതിന്നു ദോഷങ്ങൾ

പറകയെന്നേവം പലയവമാനം
വിപത്തുമുണ്ടാകുമലമതു ലോക-
പ്രസിദ്ധദോഷമേ മനുഷ്യലോകേശ!
ഗുണവും ദോഷവുമൊരുവങ്കൽതന്നെ.
ഗുണനിധേ!യുണ്ടാമതിൽകുറഞ്ഞൊന്നു്.
ഗുണത്തിങ്കൽതന്നെ പെരുപ്പമെങ്കിലി-
ങ്ങനുസരിക്കണമതിനെ നന്നായി.
പരനാരിതന്റെ പരിഗ്രഹത്തിലും
വരുമാപത്തുകളിവണ്ണമേതന്നെ.

### പഞ്ചഗവ്യഭേദങ്ങൾ.

ചവർക്കും ചാണകമിനിക്കും പാലെല്ലാം
ലവണമായ്ത്തന്നെയിരിക്കും ഗോമൂത്രം,
ഇതുകളൊക്കെയുമിഹ ഗവ്യങ്ങളി-
ലവനിപാലകാ! വിശേഷമല്ലയോ?
ദിനവും ചാണകം തനിച്ചുതിന്നാലും
മനുജപുംഗവ! നിറകയില്ലെടോ.
അതുമാത്രമല്ല മരണവുമുണ്ടാ-
മതുപോലെതന്നെയിതു ഗോമൂത്രവും.
പയഃപാനംചെയ്താൽ പശി ദാഹം തീരും
വയസ്സുവർദ്ധിച്ചുവരുമിങ്ങായുസ്സും
മനവും നന്നായിത്തെളിഞ്ഞു വന്നിടും
തനുവിനും നല്ലൊരൊളിവുകളുണ്ടാം
മനോമാത്രം ശുദ്ധിവരായ്കകൊണ്ടിട്ടു
മഹിഷിക്ഷീരത്തിൽ കുറവു മന്നവ!

### മാംസഭക്ഷണദോഷം.

പലകുഷ്ഠങ്ങൾക്കും നിമിത്തം മാംസങ്ങൾ
പചനഭേദത്താൽ മരണവുമുണ്ടാം.
പരപ്പിൽച്ചൊല്ലിയാൽ സമാപ്തിവന്നിടാ
പരിപാകമുള്ളോർക്കിതുതന്നെ ബോധം.

### ഇന്ദ്രിയഗുണഭേദങ്ങൾ.

നവദ്വാരങ്ങൾക്കുമിവണ്ണം ഭേദങ്ങൾ
നവങ്ങളായുള്ള ഗുണങ്ങൾകൊണ്ടത്രേ.

ചെവിയില്ലാത്തവനൊരു ശബ്ദംപോലും
സവിധത്തിൽചെന്നു പറഞ്ഞാലും കേളാ.
രസനയില്ലാത്ത നരൻ തനിക്കങ്ങു
രസങ്ങളെത്താനുമറിഞ്ഞുകൂടുമോ?
വിനാസികനായ നരനൊരിക്കലും
മനസ്സറിഞ്ഞിടാ മണമെന്നുള്ളതു.
നയനമില്ലാത്ത നരനു രൂപത്തെ
പ്രയത്നിച്ചീടിലും ഗ്രഹിച്ചുകൂടുമോ!
പ്രജനനമില്ലാത്തൊരു നരനുണ്ടോ
പ്രജോല്പത്തി വീരാ! വരനാരീസംഗാൽ
ഭഗലിംഗങ്ങടെ സമാഗമംതന്നെ-
യഗമ്യഗന്താവിൻ പതനകാരണം.

## സുവർണ്ണമൂല്യഭേദം.

ഒരുകഴഞ്ചുള്ള സുവർണ്ണത്തിൻവില-
യുരച്ചുകൂട്ടുമ്പോൾ പലതരമാകും.
അതങ്ങനെയാവാൻ നിമിത്തമെന്തെന്നാ-
ലതിനെച്ചൊല്ലിടാമറിഞ്ഞവണ്ണം ഞാൻ.
ഒരുമാറേറതാനും കുറയുന്നേരത്തു
കുറഞ്ഞിടുമതിൻ വിലയുമങ്ങനെ.
അതെന്തെന്നെല്ലാരുമറിഞ്ഞിട്ടുമില്ല
മതിമാന്മാർ ചിലരറിഞ്ഞിട്ടുമുണ്ടു്.
ഒരുതുലാം ചെമ്പിങ്ങുരുക്കി നന്നായി-
ക്കഷായലാവണ്യപുളിയുള്ള ചാററിൽ
പരിചോടേ ചാച്ചുമുരുക്കിയും ചാച്ചും
പലവട്ടമേവമുരുക്കുമ്പോളതിൽ
അരത്തുചാമായാലറിയാം കേവല-
മറവച്ച വെള്ളിക്കസവതായിടും.
അതിൽ നാലുമാററമത്തുമിതും കൂടി
ഒരുമിച്ചുകണ്ടാലതിൽ പത്തുമാററാ-
ലൊരുകാൽ ന്യൂനമാമറിക മന്നവ!
ഇവണ്ണം കാക്കാചായൊരാമട്ടംചേന്താ
ലിവകാം തന്നെയിങ്ങുരയാണികളും
വളരെ മാററുകൾ കുറവാനും പിന്നെ

വിലഭേദിപ്പാനുമിതുതന്നെ മൂലം.
ഇളയപൊന്നെങ്കിൽ കുറയും മാററുകൾ
വളരെ ഭേദിക്കും വിലയുമപ്പോലെ.

### സുവർണ്ണവൈശിഷ്ട്യം.

ഒരു പൊന്നുമുപ്പുമിരുമ്പുമീയവ്വ-
മുരുത്തരം ചെമ്പും നവധാതുക്കളും
വിളഞ്ഞുണ്ടാകുന്നിങ്ങൊരു ഭൂമിതന്നിൽ
വിലയ്ക്കു ഭേദങ്ങൾ വളരെക്കാണുന്നു.
ഒരു കഴഞ്ചിന്നു വില പാരം പൊന്നി-
ന്നിരിമ്പിന്നീവണ്ണം വിലയുമില്ലല്ലോ.
അതില്ലാതെ പോവാനവകാശം ചൊല്ലാ-
മതിന്നേക്കേട്ടാലും ചിതമായിന്നിയും.
ജലം തട്ടുന്നേരമഴിയുമുപ്പെല്ലാം
പലകാലം കൊണ്ടും ലവണങ്ങൾകൊണ്ടു-
മുലയിലിട്ടു തീയെരിക്കുന്നേരത്ത-
ങ്ങൊട്ടങ്ങിപ്പോമല്ലൊ ഇരിമ്പിത്യാദികൾ.
പല കൊല്ലർ കൂടിയുലയിൽവച്ചൂതി
പലനാളും പാരമെരിച്ചിരുന്നാലും
അറവച്ചതങ്കമതിലതിന്മാററി-
ലൊരു ചേതമേതും വരികയില്ലല്ലോ.
അവണ്ണമുള്ളൊരു ഗുണാധിക്യംകൊണ്ടു
സുവർണ്ണത്തിനിങ്ങു വിലയേറി മന്നാ!
തനിച്ചിരുന്നാലുമിതരലോഹങ്ങൾ
വിനശ്വരങ്ങൾതാൻ വിശയമില്ലെടോ.
ക്രൂരനെന്നാകിലുമൊരു ശൂരനെങ്കിൽ
പെരിയ ശമ്പളം കൊടുത്തു നിർത്തിടും
തടിയനെങ്കിലും കുരുടനെങ്കിലൊ
ഭടനേ വേണ്ടില്ല നൃപതിമാർക്കെടോ.
പെരുത്തൊരർത്ഥങ്ങൾ വരുത്തുവാനാളാ-
മൊരുത്തൻതന്നെയങ്ങൊരു ഗുണത്തിനാ-
ലനശ്വരമായ സുവർണ്ണത്തേക്കൊണ്ടേ
വിനശ്വരനായ നരനേക്കൊള്ളുന്നു.

പലതും ചൊല്ലീട്ടു ഫലമിങ്ങെന്തുള്ളു
നലമോടാവോളം സുകൃതം ചെയ്ക നീ.
വിലയമില്ലാത പരലോകമെല്ലാം
സുലഭമായിട്ടു നിനക്കുണ്ടാകുമെന്നാൽ.

പാപഫലങ്ങൾ.

ദുരിതമേറിന ജനങ്ങളൊക്കെയും
നരകയാതനാബഹുപാപം ഭുജി-
ച്ചൊട്ടുക്കം വന്നിഹ വിയോനിയിങ്കല-
ങ്ങൊടുക്കം ജന്മങ്ങൾ പലതരമായും.
അതുമാത്രമല്ല ദുരിതശേഷംകൊ-
ണ്ടതിയായുണ്ടാകുമവർക്കു രോഗവും.
സുകൃതമേറിന ജനങ്ങളും പിന്നെ
സുഖമായിത്തന്നെ സുരലോകം പുക്കു
സകലഭോഗവും ഭുജിച്ചുവന്നിഹ
സകലന്മാരായി ജനിക്കയും ചെയ്യും.
അതുകൊണ്ടാവോളം ദുരിതം നേടാതെ
മതിമാനായ നീ സുകൃതത്തെത്തന്നെ
ചരിക്കയെന്നപ്പോളതിന്റെ വാക്കുകേ-
ട്ടുരത്താനിങ്ങനെ പുരളിനാഥനും.
"ഏവണ്ണമുള്ളൊരു ദുരിതം ചെയ്തവ-
നെവണ്ണമുള്ളൊരു നരകങ്ങൾ ഭുജി-
ച്ചെവണ്ണമുള്ളൊരു ജനനവുമെട്ടു-
ത്തെവണ്ണമുള്ളൊരാമയം പ്രാപിക്കുമെ-
ന്നിതൊക്കെയും നന്നായെനിക്കു ഹംസമേ!
വദിക്ക"യെന്നപ്പോൾ വദിച്ചിതന്നവും.

പ്രഥമപാദം സമാപ്തം.

---

ദ്വിതീയപാദം.

പഞ്ചമഹാപാപങ്ങൾ.

മനസ്സു മറെറങ്ങും ഗമിച്ചിടാതെ കേൾ
മനുഷ്യനായക! വചിക്കുന്നെല്ലാം.

ധരണിയിലൊക്കെപ്പെരുതായിത്തന്നെ
ദുരിതമഞ്ചുണ്ടെന്നറിവുള്ളോർ ചൊല്ലും.
അവകളെയെല്ലാം തവ ചൊല്ലീടുന്നേൻ
വിവശതയെന്യേ ശ്രവിക്ക നീയിപ്പോൾ.
തദീയമായുള്ള നരകഭോഗങ്ങൾ
സുധികൾ ചൊല്ലി ഞാനറിഞ്ഞിരിക്കുന്നു
അതിനെയുമഥ ജനിക്കും ജന്മവും
മതിമതാംവരാ! സകലവും ചൊല്ലാം.
മഹാപാപികളിൽ പ്രഥമനാരെന്നാൽ
മഹാമതേ! വിപ്രവധങ്ങൾ ചെയ്യുവൻ.
സുരാപനായുള്ള നരാധമനതിൽ
സ്ഥിരാപതേ! രണ്ടാമനെന്നറിഞ്ഞാലും.
കനകതസ്കരൻ തൃതീയനെന്നതിൽ
മനുജപുംഗവാ! മനസ്സിൽ നണ്ണുക.
ഗുരുതല്പത്തിനെ ഗമിച്ചവൻതന്നെ
തുരീയനായുള്ള പെരിയ നാരകി.
ഇവരോടുംകൂടെ സഹവസിച്ചവ-
നിവരിലഞ്ചാമനതുമറിഞ്ഞാലും.

ബ്രഹ്മഹത്യാപാപം.

പ്രഥമൻതന്നുടെ ഗതികളെയെല്ലാം
ചിതമായിട്ടഹ തവ ചൊല്ലീടുന്നേൻ.
തപനമെന്നുള്ള നരകത്തിൽവീണു
തപിച്ചു പാരമായ് വിറച്ചനന്തരം
പുരുദുഃഖപ്രദമയോരുശൂലത്തി-
ന്നിരയത്തിൽ വ്യാഘ്രകുലാശിതനാക।
പ്രമഥനത്തിങ്കലയുതവർഷങ്ങൾ
പ്രമഥ്യമാനനായഥ കിടന്നിട്ടും.
ഇരുമ്പുരുളയെപ്പഴുപ്പിച്ചുണ്ടാകും
തരിമ്പും ചൂടുകൾ പുറത്തുപോകാതെ
വിരഞ്ഞുകൊണ്ടന്നു യമന്റെ ദൂതന്മാർ
കരഞ്ഞവായിലക്ഷണം കൊടുത്തിടും.
അതുമേററുകൊണ്ടിട്ടവനനേകം നാ-

ഉത്തുലകീർത്തേ! കേളതിൽ കിടന്നോറ്ം
മുദാ മുന്നംചെയ്ത മഹാപാപത്തിനെ
തദാ നിനച്ചുകൊണ്ടലമുഴറവെ
വലിച്ചുകൊണ്ടന്നങ്ങവനെ വേഗേന
പചിക്കും കുംഭിപാകമെന്നതിലിട്ടും
ദഹിച്ചിട്ടും മഹാഗ്നിയുമനേകാബ്ദ-
സഹസ്രങ്ങൾ നന്നായവനെ മന്നവാ!
സമസ്തമായുള്ള നരകഭോഗവും
വിഹസ്തതയോടു ഭുജിച്ചുഥ വന്നു
ധരിത്രിയിൽ ബ്രഹ്മനിശാചരനായി
ധരിത്രീനായകാ! ജനിച്ചിട്ടുമവൻ.
പരന്ന പാരതിൽ യുഗങ്ങളുമഞ്ച-
ങ്ങിരുന്നു ദീനനായഘഫലമെല്ലാം
ഭുജിച്ചു ചണ്ഡാലകുലത്തിങ്കൽച്ചെന്നു
ജനിച്ചീടും പിന്നെ വിനിശ്ചയം തന്നെ.

സുരാപാനപാപം.

സുരാപാൻതന്നുടെ നരകവുമിന്നി
ധരാപതേ! നിനക്കുരെ സ്ലീടുന്നേൻ.
അയുതവഷങ്ങൾ മലമൂത്രങ്ങളെ
നിയതമായിട്ടു കുടിച്ചു മദ്യപൻ
കിടക്കുമന്നേരം കൃതാന്തദൂതന്മാ-
രടിക്കും തപ്തമാമയഃപിണ്ഡംകൊണ്ടും
അതിശിതമായിട്ടിരിക്കുന്ന സൂചി
തദീയമാം നേത്രേ നിറച്ചുടൻതന്നെ
ഉറച്ചു സ്ഥൂലം നഖതതിയിലും
തറയ്ക്കും കൊണ്ടന്നങ്ങവർതന്നെ നന്നായ്.
അനന്തരമവനൊരു ന്തറുയുഗ-
മനന്തകീർത്തേ! കേളെരിയുന്ന തീയിൽ
കിടന്നു ധൂമപാനമെന്നതിൽ പിന്നെ
കിടന്നിട്ടുമെട്ടുയുഗം കുറയാതെ.
സുരയേക്കാച്ചിയക്കുടനേകൊണ്ടന്നു
നിറയച്ചുടോടെ കുടിപ്പാനും ചൊല്ലി-

ക്കൊടുക്കും ദൂതന്മാരതിന്നേയുമവ-
നടി പേടിച്ചുടൻ കുടിക്കയും ചെയ്യും.
പലതരമായിട്ടിരിക്കുന്ന പാപ-
ഫലമേവമനുഭവിപ്പിച്ചിട്ടഥ
പരന്ന പാരതിൽ പിശാചായി ജനി-
ച്ചിരുന്നിട്ടും യുഗം ക്ഷുധാൎത്തനായ് ത്തന്നെ.
ദുരന്തമായുള്ള മഹാദുഃഖത്തെയും
നിരന്തരമായിട്ടനുഭവിച്ചുടൻ
അനന്തയിൽവന്നു കുലവിഹീനനാ-
യനന്തജന്മങ്ങളെട്ടത്തൊട്ടുകത്തിൽ
നികൃഷ്ടപുല്ക്കസകുലത്തിൽ ജന്മിച്ചു
ജഗത്തിലൊക്കെയും ചരിക്കും ദീനനായ്.

സ്വൎണ്ണസ്തേയപാപം.

കനകതസ്കരന്റെ ഗതിയിനി
മനുജകുഞ്ജരാ! പറയുന്നേൻ തവ
ഒരു നിഷ്കമാത്രപ്രമാണമായുള്ള
പരസ്വൎണ്ണത്തെയപഹരിക്കിലു-
മവനെ സ്തേയിയെന്നറിവുള്ളോർ ചൊല്ലു-
മവനിനായകാ! ധരിക്ക നന്നായി.
ഒരു കൎമ്മത്തിനുമവനെയൊട്ടും കൊ-
ള്ളരുതെടോ കേൾക്ക നൃപകുലമണേ!
വിനിഷ്കൃതികളുമവനിങ്ങില്ലെന്നു
തനിക്കുതാൻപോന്ന ജനങ്ങൾ ചൊല്ലുന്നു.
ഒടുക്കം ചെന്നവൻ നരകത്തിൽ വീണു
കിടക്കും മാൎഗ്ഗവുമിഹ ചൊല്ലീടുന്നേൻ.
തരന്തരമായ ഗണങ്ങളെക്കൊണ്ടു
നിരന്തരമായ മഹാക്രൂപം പിന്നെ
പരന്തപ! ശീതഹിമങ്ങളെക്കൊണ്ടു
പരം നിറഞ്ഞുള്ള ഹിമോല്ക്കടം താനും
ദുരന്തമായുള്ള മഹാദുഃഖത്തിനെ-
ത്തരുന്ന ശൂലയന്ത്രമാം നരകവും
ശവഭക്ഷമാംസഭക്ഷണങ്ങളെന്നിട്ടു
വിപക്ഷഹന്താവേ! പരം രണ്ടുണ്ടെടൊ.

ഇതിങ്ങനേയുള്ള നരകങ്ങളെല്ലാം
യുഗങ്ങളഞ്ഞൂറു ഭുജിച്ചതിൻശേഷം
ക്രകചമെന്നുള്ള പരായുധത്തിനാ-
ലഖിലമായുള്ളോരവയവത്തെയും
അരിഞ്ഞരിഞ്ഞുടനറച്ചു മർമ്മത്തെ
വിരഞ്ഞു വന്നലമടിക്കും ദൂതന്മാർ.
അതിനേയുമങ്ങിന്നനുഭവിച്ചവ-
നധികപീഡയോട്ടുടൻതന്നെ വന്നു
പരന്ന പാരതിൽ സ്വകർമ്മദോഷത്താൽ
മരങ്ങളാദിയായനേകജന്മങ്ങൾ
ധരാപതേ!യെട്ടുത്തിരുന്നെട്ടു യുഗം
കിരാതയോനിയിലൊട്ടുക്കും ജന്മിക്കും.

### ഗുരുതല്പഗമനപാപം.

ഗുരുതല്പത്തിനേ പരിഗ്രഹിക്കുന്ന
നരാധമൻതന്റെ നരകപീഡയെ
പരിചൊടേ ഞാനിന്നുരചെയ്തീടുന്നേൻ
നരപതികുലശിരോമണേ! ഇപ്പോൾ.
ഗുരുതല്പത്തിനു സമാനരായുള്ള
തരുണിമാരെയുമിഹ ചൊല്ലീടുന്നേൻ.
മഹിതയാം ജ്യേഷ്ഠാ ജനനിയും ഭ്രാതൃ-
ഗൃഹിണിയുമദ്ധ്യാപകന്റെ പത്നിയും
ശ്വശുരമാതുലസധർമ്മിണികളും
വിശദമാനസ! പുനരങ്ങു പത്നി
ജനകന്റെ കൂടെപ്പുറന്ന പെണ്ണുങ്ങൾ
ജനനിതന്നുടെ സഹോദരിമാരും
ജനനിയും ഗുരുതനൂജയുമെല്ലാം
മനുജപുംഗവാ! ഗുരുതല്പസമം.
ഇവരെച്ചെന്നനുഭവിക്കുമ്പോൾത്തന്നെ
അവനിനായകാ! ഗുരുതല്പമാം പോൽ.
നരലോകത്തിങ്കൽ പലരുമുണ്ടേവം
ഗുരുതല്പഗന്മാരതിൽ വിശേഷിച്ചും
മനു മുതലായുള്ളൊരു ഗ്രന്ഥത്തിലും

മനുജേശാ! വിനിഷ്കൃതിയില്ലാത്തൊരു
ഗുരുതല്പഗാമി തനിക്കുള്ള മഹാ-
നിരയത്തെ മുൻപിൽ വചിക്കുന്നേനിഹ.
അനവധിദുഃഖങ്ങളെയെല്ലാം നന്നാ-
യനുഭവിപ്പിക്കുന്നൊരു കാലസൂത്രം
ദുരിതമേറിന നരനെയെപ്പൊഴും
കരയിക്കുന്നൊരു മഹാരൌരവവും
അടുത്ത രൌരവമിവകളിലെല്ലാം
പടുതമേറിന ഭടന്മാർ വേഗേന
നടിച്ചു കോപത്താലവനേക്കൊണ്ടന്നു
പിടിച്ചുകെട്ടിയങ്ങുടനെയിട്ടഥ
മിടുക്കു നന്നായിട്ടെനിക്കുണ്ടെന്നവൻ
കടുക്കെക്കാട്ടിനോരഘത്തിനേയെല്ലാം
ഭുജിപ്പിച്ചീടുവോരൊരു നൂറുയുഗം
ഭജിക്ക നന്നായിതറിഞ്ഞങ്ങീശനെ.
ഒരു ശ്വാസംപോലും ശ്വസിച്ചുകൂടാത്ത
നിരുച്ഛ്വാസമെന്ന നരകത്തിൽച്ചെന്നു
കിടന്നുഴന്നുടനസിപത്രവനേ
കിടക്കുമൊട്ടുനാൾ മുടക്കമില്ലെടോ.
ഒരൻപതുയുഗം പുനരപി നന്നായ്
കരഞ്ഞുപീഡിച്ചീടവേ കാലസൂത്രേ
കിടത്തി നന്നായി വരപ്രഹരത്താ-
ലടിച്ചു വെട്ടിയും വധിച്ചനന്തരം
വൃഷണത്തോടുമങ്ങറുത്തു ശിശ്നത്തെ
വിശയംകൂടാതെ കരത്തിങ്കലാക്കി
പുടവയെണ്ണയിൽ നനച്ചു ചുററിയി-
ട്ടുടനേ തീകൊണ്ടന്നതിൽ കത്തിച്ചിടും
ഇതൊക്കെയും നന്നായനുഭവിച്ചവ-
നൊടുക്കം ഭൂമിയിൽ ജനിക്കും രക്ഷസ്സായ്.
അനന്തരമവനെടുത്തിടുന്നൊരു
വിനിന്ദ്യജന്മങ്ങൾ സകലവും നന്നായ്
അനന്തകീർത്തിയാം നിനക്കു ചൊല്ലുന്നേൻ
മനം തെളിഞ്ഞു നീ നിശമിച്ചിടുക.

നിശാചരജന്മം കഴിഞ്ഞാലപ്പൊഴേ
വിശാംപതേ! നായായ് ജനിക്കും നിർണ്ണയം.
അനന്തരം മാർജ്ജാരനായ് ജനിച്ചിട്ട-
മനന്തരമുമന്നുടനെ വായസം
ഒട്ടുക്കം ഗർദ്ദഭമിവണ്ണം ഭൂപതേ!
എട്ടുക്കും ജന്മങ്ങളനേകമായിരം.
ബഹു ജന്മമെല്ലാമെടുത്തവനേവ-
മിഹ ചണ്ഡാലനായ് ജനിക്കുമന്തത്തിൽ.

ജ്യേഷ്ഠപത്നീഗമനപാപം.

ഗുരുതല്പഗമസമാനമായുള്ള
പരനാരീസംഗാൽ വരുന്ന കില്ബിഷ-
ഗതികളെയും ഞാനിഹ ചൊല്ലീടുന്നേൻ
കൃതിവരാ! കേട്ടീടുക ഹിതമായി.
തമയൻവേട്ടുള്ള രമണിയേച്ചെന്നു
ഗമനം ചെയ്യുന്ന കുമതിയാമവൻ
തദീയമായുള്ള ഫലത്തെയൊക്കെയും
നദിയാകും വൈതരണിയിൽ ചെന്നുടൻ
നിമഗ്നനായ് മൂത്രമലങ്ങളെയെല്ലാം
സമഗ്രമാംവണ്ണം കുടിച്ചും ഭക്ഷിച്ചും
ഒരായിരം യുഗം കിടന്നതിൽത്തന്നെ
ധരാപതേ! നന്നായ് ഭുജിച്ചൊടുക്കത്തിൽ
ജനങ്ങളില്ലാത്ത വനങ്ങളിൽച്ചെന്നു
ജനിക്കും ബ്രഹ്മരാക്ഷസനായ് നിർണ്ണയം.

ആചാര്യപത്നീഗമനപാപം.

ഭുവിച്ചുടനദ്ധ്യാപകൻെറ പത്നിയെ
ഗമിച്ചവനുടെ ഗതിയെച്ചൊല്ലിടാം.
മഹാസപനമായുള്ളൊരു തപ്തശൂല-
മഹാനരകത്തിൽ യുഗമിരുപത്ത-
ഞ്ചിഹ ചെയ്തപാപഫലങ്ങളെയെല്ലാ-
മഹോ! ഭുജിച്ചവനവനിയിൽവന്നു
പുറക്കുമ്പോഴുംതന്നെ ഭ്രശമന്ധനായി
പുറക്കും നിശ്ചയം ധരിത്രിനായകാ!

പുറന്നാലോ പിന്നെ മഹാരോഗിയായി-
ട്ടിരിന്നു വീൎയ്യവും ക്ഷയിച്ചു സൎവ്വദാ
വ്രണങ്ങൾ ഗുഹ്യത്തിലധികവുമുണ്ടായ്
ഇണങ്ങളുമെന്ന്യേ ചിലകാലമവൻ
അപുത്രനായിട്ടും ദരിദ്രനായിട്ടും
വിപത്തുകളോരോന്നനുഭവിച്ചിടും.
അവനു യൌവനവയസ്സിങ്കൽത്തന്നെ
സുതനും ചത്തു വിഷണ്ണചിത്തനായ്
അതികൃശാംഗനായലമല്പായുസ്സായ്
മതിവിഹീനനായ് വ്രണിയായും പിന്നെ
മരിപ്പോളോം ഭിക്ഷ മനുജപുംഗവാ!
ഇരപ്പുതുംചെയ്തു ചരിക്കും നിൎണ്ണയം.

ഋതുമതീഗമനപാപം.

ഋതുമതിയായിട്ടിരുന്നീടുന്നൊരു
വധുവിനേച്ചെന്നു പരിഗ്രഹിച്ചവൻ
രുധിരകൂപത്തിൽ മുഴുകിത്തന്നെയ-
ങ്ങധിവസിച്ചീടുമൊരു നൂറുയുഗം
അതുകഴിഞ്ഞാൽ പിന്നൊടുക്കം മന്നവ!
മലാദിയിൽ കൃമികളായ് ജനിച്ചിടും.

പരനാരീഗമനപാപം.

പരന്റെ നാരിയെ പരിഗ്രഹിക്കുന്ന
നരന്റെ പാപത്തെപ്പറഞ്ഞിടാം തവ.
അനേകമായിരം നരകങ്ങളെല്ലാ-
മനുഭവിച്ചുടനവനിയിൽ വന്നു
പലലഭുക്കായി ജനിച്ചനന്തരം
പലതുദിക്കിലും ചരിക്കും ദീനനായ.
നലമോടങ്ങവനൊരു ഭക്ഷണവും
സുലഭമായിട്ടു ലഭിക്കയുമില്ല.
നിശിചരജന്മം കഴിഞ്ഞങ്ങുചെന്നാൽ
നിശിതകണ്ടകനിചയങ്ങൾ തന്നെ
നിരത്തിയിട്ടതിലവനേക്കൊണ്ടന്നു
കിടത്തിപ്പിന്നെയുമവന്ടെമീതേ

തരത്തിൽമുള്ളുകൾ നിരത്തിയിട്ടതിൽ
പരുത്തപാറകൾ നിരത്തും ദൂതന്മാർ.
ഇതിത്തരമെല്ലാം ഭുജിച്ചു പാപിയും
അതിൽത്തന്നെ യുഗം ശതം കിടന്നഥ
സ്വമാംസഭോജനനരകത്തിൽച്ചെന്നു
സ്വമാംസത്തെത്തന്നെ ഭുജിക്കയും ചെയ്തു
ദഹനജ്വാലയെന്നതിൽ പ്രവേശിച്ചും
ബഹുലമായുള്ള നരകഭോഗവും
ഭുജിച്ചു പുല്കസാദിയിലുടൻ വന്നു
ജനിക്കുമീഷലിങ്ങിതിനില്ല ന്യൂനം.

### വിശ്വസ്തതരുണീഗമനപാപം.

ഒരു വിശ്വസ്തന്റെ തരുണിയെച്ചെന്നു
പരിഭോഗിക്കിലും ഫലമേവം തന്നെ.
വരവർണ്ണസ്ത്രീയെയനുഭവിക്കുന്ന
നരൻ രക്തകൂപേ യുഗം നിമഗ്നനായ്
പുനരെട്ടുയുഗമധികമാം ക്ഷാര-
ഘലനരസത്തിങ്കൽ കിടന്നൊടുക്കത്തിൽ
ധരിത്രിയിൽ വന്നു ജനിച്ചു നായായി-
ച്ചരിക്കയും ചെയ്യും ക്ഷുധാർത്തനായ്ത്തന്നെ.
മഹാപാപികളോടൊരു സംവത്സരം
സഹവസിച്ചോനും മഹാപാപി തന്നെ.
അവനുമിച്ചൊന്ന നരകങ്ങളെല്ലാ-
മവനിപാലക! ഭുജിച്ചനന്തരം
പുലയനായിട്ടു ഭുവി ജനിച്ചിടും
കലുഷശേഷത്താലമലമാനസാ!

### ബ്രഹ്മവിനിന്ദകന്മാർ.

ഒരുപതിഭേദി പതിവ്രതാഭൂമീ-
സുരവിനിന്ദകർ പരമദേശികൻ
നിഗമവിക്രയീയിവരഞ്ചുപേരും
ജഗത്തിങ്കൽ ബ്രഹ്മവിനിന്ദകരാകും.
ഇവർക്കുള്ള പാപഗതികളും പിന്നെ
ഭവിക്കുന്ന ജന്മങ്ങളുമെല്ലാം ചൊല്ലാം.

മരിച്ചു ചെന്നാലങ്ങുടനവർകളെ
കരുത്തരായുള്ള യമന്റെ ദൂതന്മാർ
ഒരുപത്തായിരം യുഗം കുംഭീപാക-
നരകത്തിലിട്ടു മഥിച്ചിടും നൂനം.
അനന്തരമവർ വരാഹജന്മത്തെ-
യനന്തയിൽ വന്നിട്ടെടുക്കും മന്നവാ!

ബ്രഹ്മഘാതകപാപം.

ധരാസുരന്മാരെ ധനാദിവസ്തുക്കൾ
തരാമെന്നും ചൊല്ലി വരുത്തിയിട്ടുടൻ
തരികയില്ലെന്നു പുനരുരചെയ്യും-
നിരയഗാമിതൻ ഗതിയെക്കേളിനി.
അവനേ ബ്രഹ്മഘാതകനെന്നു ചൊൽവോ-
രവനിയിലേറ്റമറിവുള്ളോരെല്ലാം.
അസിപത്രവനനരകത്തിലവ-
നസികൃത്തനായി വസിച്ചിടും യുഗം.

ഗുരുദ്വേഷപാപം.

സകലകർമ്മവും ഗുരുവിങ്കൽ നിന്നു
വികലതയെന്യേ ഗ്രഹിച്ചുകൊണ്ടുടൻ
അവനേ ദ്വേഷിക്കുമവനുമഗ്രേക-
ണ്ടവനേ കൂട്ടാക്കാതിരിക്കുന്നവനും
ഇവരും ബ്രഹ്മഘാതകന്മാർ തന്നെയാ-
മിവർ പോകും വഴിയറിഞ്ഞിട്ടാരൊള്ളു.
അസിപത്രവനമഹാനരകത്തിൽ
വസിച്ചിടും ചെന്നു ചിരകാലമെല്ലാം.
അനന്തരം വൈതരണിനദിതന്നി-
ലനന്തകാലങ്ങൾ കിടന്നു ദുഃഖിക്കും.
ഒടുക്കം കുംഭീപാകമെന്ന നാരകേ
കിടക്കുമൊട്ടുനാൾ പ്രദഹ്യമാനരായ്.
ഇതിങ്ങനേയുള്ള നരകഭോഗങ്ങൾ
കഴിഞ്ഞതിൻശേഷമതിവിഷണ്ണരായ്
മഹീതലത്തിങ്കൽ പിറന്നിടും കുല-
വിഹീനരായിട്ടു മഹാമതേ! നൂനം

### ഭുക്തിവിഘാതപാപം.

പശുക്കളും കാളകളും പെരിയ വിപ്രന്മാർ
ശിശുക്കളും നാരിമാരിവരേച്ചെന്നുടൻ
തടുത്തു ഭക്ഷിപ്പാനയക്കാതെ തന്നെ
മുടക്കീടുന്നൊരു ദുരിതകാരികൾ-
ക്കധികദുഃഖത്തെക്കൊടുത്തീടുന്നൊരു
ഗതികളെന്തെന്നാലതിനെച്ചൊല്ലീടാം.
മഹാശൂലത്തിന്മേലിരുന്നു പീഡിക്കും
മഹീപതേ! സാഗ്രയുഗശതമെല്ലാം.
നരകഭോഗങ്ങളിതിലിന്നിങ്ങനെ
പുരളിനായക! ഭുജിച്ചതിൻശേഷം
ധരിത്രിയിൽ മ്ലേച്ഛകുലത്തിങ്കൽവന്നു
കരുത്തുകെട്ടോനായ് ജനിക്കയും ചെയ്യും.

### ജപാദിവിഘ്നകരണപാപം.

ജപാദികൾ ചെയ്യുന്നവനെയും പിന്നെ
തപോദാനാദികൾ ചരിക്കുന്നോനെയും
ഒരു തീർത്ഥാടനനിമിത്തം കോപ്പിട്ടു
പുറപ്പെടുന്നൊരു നരനെയും തന്നെ
മുടക്കുംപേരുകൾ മഹാനരകത്തിൽ
കിടക്കും നിശ്ചയം വിശയമില്ലെടോ.

### അന്യഥാകരണപാപം.

വിനിഷ്കൃതികളും വ്യവഹാരങ്ങളും
ചികിത്സയും ജ്യോതിഷവുമിതുകളെ
അതിലതിൽച്ചൊന്ന പ്രകാരമെന്നിയേ
മതികൊണ്ടൂഹിച്ചു പ്രയോഗിക്കുന്നൊരു
നരനെ ബ്രഹ്മഘാതകനെന്നു തന്നെ
പറയാമിന്നിയിങ്ങിവന്റെ പന്ഥാവെ.
പെരിയ മൂഷികനിരകളാലേററം
പെരുകീടും കൂപേ കിടന്നവർകടെ
കടികളുമേററു പൊറാഞ്ഞു പീഡിച്ചു-
ങ്ങൊടുക്കം ജന്മിക്കും കഴുതയായിഹ.
അനേകജന്മങ്ങളിവണ്ണമേ തന്നെ

മനുജകുഞ്ജര! ജനിച്ചന്തത്തിങ്കൽ
വരാഹാദികളിൽ ജനിക്കും വന്നുടൻ
ധരാധീശ! നന്നായറിഞ്ഞുകൊണ്ടാലും.

മദാന്ധ്യാദിപാപം.

ധനമദംപൂണ്ടു മദിച്ചു കാമിയാ-
യനാരതമേതുമറിയാതെതന്നെ
അധിക്ഷേപംകൊണ്ടു ദ്വിജാദികൾക്കെല്ലാ-
മധികം പീഡയെ വരുത്തിടുന്നവർ
അവരിലേതുമേ കൃപാലേശമെന്യേ
ഭുവി ചരിക്കുന്ന മനുജനും പിന്നെ
അസത്യവാദിയായിരുന്നീടുന്നോനു-
മധർമ്മത്തെ ചെയ്യാനനുവദിപ്പോനും
വസുമതീസുരരുടെ കർമ്മങ്ങളെ
അസൂയയായ്ച്ചൊല്ലിക്കൊടുക്കുന്നവനും
ബഹുശ്രുതന്മാരെ വിനിന്ദിക്കുന്നോനു-
മിഹത്തിലേററവും മഹാപാപികൾതാൻ.
ഒരുപത്തായിരം യുഗങ്ങളൊക്കെയു-
മുരുബലങ്ങളായിരിക്കും നായ്കളാൽ
ശ്വഭക്ഷമെന്നുള്ള നരകത്തിൽതന്നെ
ശ്വഭക്ഷിതാംഗരായ് കിടന്നു പീഡിക്കും.
പറക്കും പക്ഷിയായൊടുക്കം വന്നിഹ
പുറക്കും ഭൂമിയിലവരറിഞ്ഞാലും.

പരസന്താപാദിപാപം.

പലരുടെ മനം തപിപ്പിക്കുന്നോനും
നിരപരാധിയെ പരിദ്വേഷിപ്പോനും
പരരെക്കൊണ്ടോരോ കുരളചൊല്ലുന്ന
നരനും ബ്രഹ്മഘാതകന്മാരാമെടോ!
അവർ മൂത്രപാനനരകത്തിൽത്തന്നേ
ധ്രുവം കിടന്നിട്ടും ബഹുകാലമെല്ലാം.

ഗണാന്നഭോജനപാപം.

ഗണാന്നത്തെച്ചെന്നു ഭുജിക്കുന്നവനെ
ഗുണാകരൻ ചൊല്ലും സുരാപിയെന്നിഹ

ഒരുയുഗമെല്ലാം മഹാകൂപമെന്ന
നരകത്തിൽ കിടന്നവനും പീഡിക്കും.

ഗണികാന്നഭോജനപാപം.

ഗണികാന്നത്തിനെ ഭുജിച്ചവനെയും
ഗുണനിധേ! ചൊല്ലും സുരാപിയെന്നിഹ
ചിരകാലമെല്ലാമൊരു തപ്തശൂല-
നരകത്തിൽ കിടന്നുരുദുഃഖങ്ങളെ
അനുഭവിച്ചുടനിഹ വന്നു മത്സ്യ-
ജനിയെ പ്രാപിക്കുമറിക മന്നവ!

സങ്കീർണ്ണാന്നഭോജനപാപം.

പതിതതസ്കരചതുർത്ഥകാമികാം
പ്രതിപാലികളെന്നോരശനത്തെച്ചെന്നി-
ങ്ങദിക്കുന്ന പാപനരരുടെ ഗതി
വദിക്കുന്നേൻ തവ വരഗുണനിധേ!
പ്രതപ്തമായുള്ള വലിയ പാറയിൽ
പതിപ്പിച്ചഞ്ഞൂറു യുഗമിവർകളെ
കൃതാന്തദൂതന്മാർ ഭുജിപ്പിച്ചീടുവോർ
നിതാന്തം തത്പാപഫലങ്ങളെയെല്ലാം.
തദനു ചണ്ഡാലകുലത്തിൽ ജനിച്ചി-
ങ്ങതനുദീനരായവരിരന്നിടും.

അഭക്ഷ്യാന്നഭോജനാദിപാപം.

ചതുർത്ഥർ വന്നിഹ ഭുജിപ്പാറായെന്നു
വിദഗ്ദ്ധനായുള്ള ദ്വിജപ്രവരനെ
പറഞ്ഞുകേൾപ്പിച്ചാലവന്റെ ചൊൽകേട്ടു
വിരഞ്ഞുചെന്നുടൻ ഭുജിക്കും വിപ്രനും
അവനെക്കൊണ്ടനുവദിപ്പിച്ചുംകൊണ്ടു
ഭവനം പൂക്കുടൻ ഭുജിക്കും വിപ്രനും
ഇരുവരും നല്ല സുരാപികൾതന്നെ
പുരളിനായക! പറകിൽ കേവലം.
രുധിരകൂപത്തിൽ യുഗങ്ങളഞ്ചിവ-
രധിവസിച്ചഥ ജനിക്കും ശൂദ്രരായ്.

ദൎശനാനന്തരദുഷ്ടഭോജനപാപം.

പതിതനും നായുമപരവൎണ്ണവു-
മൃതുമതിതാനുമിവർ ൪ ലും കാണവേ
ഭുജിക്കും വിപ്രന്മാർ മരിച്ചാലപ്പോഴേ
ഭുജിക്കും രൌരവം ധരിത്രീനായക!
രജസ്വലാശബ്ദം നിശമിച്ചുകൊണ്ടു
ഭുജിച്ചവിപ്രനും ഫലമിതുതന്നെ.

അനൎത്ഥസംഭാഷണപാപം.

സലിലസ്നാനാദി ചരിക്കുന്നേരത്തും,
നലമൊടന്നാദി ഭുജിക്കുന്നേരത്തും,
ജപഹോമാദികം കഴിക്കുന്നേരത്തും
നൃപമണേ! ചെന്നു വൃഷളനോടോരോ
വിശേഷം ചൊല്ലുന്ന മഹീസുരന്മാരെ
വിശയംകൂടാതെ കൃതാന്തദൂതന്മാർ
സകലദുൎഗ്ഗതിതതികൾതന്നിലും
യുഗമിരുപതു കിടത്തും നന്നായി.
തദനു കേവലം ധരണിദാരമാ-
യതിനു ജന്മിക്കുമറിക ഭൂപതേ!

പരോച്ഛിഷ്ടാശനപാപം.

പരന്റെയുച്ഛിഷ്ടമിലയിൽക്കൂടിയ-
ലറിഞ്ഞതിൽത്തന്നെയിരുന്നു പിന്നെയും
ഭുജിച്ച മർത്യന്റെ ശരീരമൊക്കെയും
ദഹിപ്പിച്ചീടുമേ യമന്റെ ദൂതന്മാർ.

അനൎഹാന്നഭോജനപാപം.

വൃഷളിതന്നുടെ പതിതാൻ കേവലം
വിനിന്ദിതനായിട്ടിരുന്നവൻതാനും
യതിതാൻ സൂതകിയിവൎക്കുള്ളോരന്നം
വിധിയില്ലെവനും ഭുജിപ്പാനവീശ!
അതിൽച്ചെന്നൊട്ടുടൻ ഭുജിക്കിലോ പിന്നെ-
യതികഠോരമാം നരകേ വീണിടു

ഉന്മാൎഗ്ഗഗമനപാപം.

പരമേശോപാസനപരിത്യാഗിയായ
നരനും ദേവാന്നം ഭുജിച്ച മൎത്ത്യനും
ഇരുവരും നല്ല നിരയഗാമികൾ
നിരുപമഗുണനിധേ! അറിക നീ.
ഇവരങ്ങുചെന്നു പെടുന്ന പാടെല്ലാം
ശിവൻതന്നെ വേണമറിയണമെങ്കിൽ.
എരിയുമഗ്നിയാലഭിതപ്തമായ
പെരിയ പാറയിലിവരെക്കൊണ്ടുപോയ്
അരിശമോടെമഭടന്മാരാരോപി-
ച്ചൊരുയുഗമെല്ലാമവിടെ ദണ്ഡിക്കും.
ക്രിയാനുരൂപമായ് ഫലങ്ങളേയെല്ലാം
ദയാനിധേ! ചെന്നു ഭുജിച്ചൊടുക്കത്തിൽ
അഘാവശേഷത്താലവനിയിൽ വന്നു
സഖാവേ! കേവലം ജനിക്കും മൂൎഖരായ്.

രത്നാദ്യപഹരണപാപം.

മണികൾ കസ്തൂരി വസനം കൎപ്പൂരം
മണമേറും നല്ല മലയജങ്ങൾതാൻ
ഇവകളെച്ചെന്നിങ്ങപഹരിച്ചിട്ടു-
ന്നവനെ സ്തേയിക്ക സമാനമായ് ചൊല്ലാം.
അവൻ ഭുജിക്കുന്ന നരകഭോഗവു-
മവന്റെ *നാഗികഗതിയും ചൊല്ലുന്നു.
നിരയഗന്മാൎക്കു ദരം കൊടുക്കുന്ന
വരകാഷ്ഠയന്ത്രമൊരു കബന്ധത്താൽ
മഹാനാഗം താനും ക്രിമിഭോജനവും
മഹാഗ്നിവൃഷ്ടിയുമിവകളിലേററം
യുഗമിരുപത്തൊന്നൊരുപോലെതന്നെ
അഘഫലത്തിനെയനുഭവിച്ചുടൻ
സ്വമാംസഭോജനനരകത്തിൽച്ചെന്നു
സ്വമാംസത്തെത്തന്നെ ഭുജിക്കയുംചെയ്തു-
ങ്ങിരുന്നൊരുനൂറു യുഗം സമഗ്രമായ്

* 'നാനായുധം നിചയും' എന്നു പാഠാന്തരം.

പുറന്നിടും കാകകുലത്തിൽ വന്നുടൻ.
അനന്തരമശ്വകുലത്തിൽ ജന്മിക്കും
അനന്തരം മ്ലേച്ഛകുലത്തിലും പ്രഭോ!

ലോഹാപഹരണപാപം.

നിറന്ന ചെമ്പുകൾ നിറന്ന വെള്ളോട്ടും
നിറന്ന നാകങ്ങൾ നിറന്നൊരീയങ്ങൾ
ഇതിത്തരമായിട്ടിരിക്കും ലോഹത്തെ-
യിതത്തിൽ ചെന്നപഹരിച്ച പാതകി
ദഹനജ്വാലയെന്നതിൽ വപുസ്സെല്ലാം
ദഹിക്കവേ യുഗം വസിച്ചനന്തരം
അനേകജന്മങ്ങളജാവികളായു-
മനേകജന്മങ്ങൾ കുരങ്ങും നായായും
ജനിച്ചൊടുക്കത്തിൽ ചെവിയും കേളാതെ
ജനിക്കുമ്പോൾത്തന്നെയിരിക്കുമന്ധനായ്.

ഫലമൂലാദ്യപഹരണപാപം.

കദളീനാം ഫലം ലികുചമാമ്രവും
മൃദുലമാനസ! പനസം തേങ്ങയും
ക്രമുകക്രുശ്മാണ്ഡാദ്യഖിലവസ്തുവാം
ഫലമൂലാദിയായിരിക്കുന്നവയും
ഇവകളെക്കട്ട നരനെയും ചൊല്ലാ-
മവനിയിൽ ഹേമാപഹാരിതുല്യനായ്
ശിലാവൃഷ്ടിയെന്ന മഹാനരകത്തിൽ
പ്രാപിച്ചുകൊണ്ടു കിടന്നന്ത്യകല്പം
ക്ഷിതിതലത്തിങ്കൽ പിശാചായി വന്നു
വിധിവശാലവൻ ജനിച്ചിടും പിന്നെ.

കേദാരാദ്യപഹരണപാപം.

നിലങ്ങൾ നെല്ലുകളിരിപ്പാനുള്ളോരു
സ്ഥലങ്ങൾ പാത്രങ്ങൾ രസവസ്തുക്കൾതാൻ
തുരഗങ്ങൾ പിന്നെ പശുക്കളാടുകൾ
എരുതുകൾ നല്ല മഹിഷവർഗ്ഗങ്ങൾ
ഇവകളെയപഹരിച്ചവനുടെ
വിവിധമായുള്ള വിധിയേക്കേൾക്ക നീ.

ജ്വലനതപ്തമായിരിക്കുമശ്മാവിൽ
മലിനനാമിവന്റെ വപുസ്സിനെ
ശമനദൂതന്മാരൊരു യുഗം മാത്രം
വിമലമാനസ! ദഹിപ്പിച്ചുടൻ പിന്നെ
പ്രതപ്തമായുള്ളോരയസ്തംഭങ്ങളെ
പതിപ്പിച്ചീടുവോരഖിലദേഹവും.
അതിൽ പിന്നെക്കൊണ്ടന്നയഃപിണ്ഡത്തെയു-
മതിക്രൂരമായിപ്പുഴുപ്പിച്ചു വായിൽ
കൊടുത്തുടൻതന്നെ തലകീഴായിട്ടു
പിടിച്ചു നന്നായി നിബന്ധിച്ചുതൂക്കി
നിലത്തു തീയിട്ടു നിതാന്തവുമവൻ-
തലക്കു നേരായി ജ്വലിപ്പിച്ചീടുവർ.
ഇവററിലൊക്കെയും ക്രമത്താലെയുള്ള
വിപത്തുകളെല്ലാമനുഭവിച്ചുടൻ
ദരിദ്രനായിട്ടു ധരിത്രിയിൽ വന്നു
ഷരിക്കും മൂർഖനായ് പിടിച്ചു രോഗവും.

### പരദ്രവ്യാപഹരണപാപം.

പരനംഗീകരിച്ചിരിക്കും ദ്രവ്യത്തെ
പരമപഹരിക്കരുതൊരിക്കലും
തൃണമതെങ്കിലും വഴിന കിടക്കിലും
ഗുണനിധേ! തൊട്ടുന്നതുമരുതേടോ.
വിരയച്ചെന്നതങ്ങപഹരിക്കിലും
പെരിയ പാതകിയവൻതന്നെ നൂനം.

### ശ്രാദ്ധാദ്യകരണപാപം.

പിതൃശ്രാദ്ധാദികളിഹ ചെയ്യാത്തവൻ
പിതൃവിരോധിയായിരിക്കുന്നവനും
സമയമല്ലാതസമയത്തിൽ കർമ്മം
സമാചരിക്കുന്ന നരനും പാതകൻ.
ജ്വലിക്കുമഗ്നിയിലിവരെല്ലാവരും
വിളിച്ചുകൊണ്ടുടൻ കിടന്നു നേരായി
അനുഭവിച്ചഞ്ചുയുഗങ്ങൾ ദുഃഖത്തെ
മനുജശാർദ്ദൂല! ജനിക്കും കാക്കയായ്.

### പരുഷവചനാദിപാപം.

പരുഷവാക്കുകൾ പറയുന്നവനു-
മൊരു നാസ്തികനും ശഠനും ധൂർത്തനും
അതികാമിയായിട്ടിരിക്കുന്നവനു-
മതിക്രൂരൻ പ്രാണിവിഹിംസകൻതാനും
ഇവരെല്ലാവരും നിരയഗാമികൾ
ഇവരുടെ പാപഗതിയും ചൊല്ലുന്നേൻ.
സികത നന്നായി വറുത്തവരുടെ
സകലദേഹവും ചൊരിഞ്ഞുടൻ പിന്നെ
കുറുക്കിയിട്ടുള്ള കഷായവെള്ളത്തെ
വെറുക്കവെ ചൂടോടതിങ്കൽ വീഴ്ത്തീടും
അതിതപ്തമായോരയഃശയനത്തിൽ
അതിൽപിന്നെക്കൊണ്ടന്നവരെയൊക്കെയും
കിടത്തി വാലുക വറുത്തുകൊണ്ടന്നു
കൊടുത്തിടും വേഗം ഭുജിപ്പതിന്നായി.
യുഗങ്ങളിങ്ങനെയിരുപത്തൊന്നവ-
രഘങ്ങളുടെ ഫലം ഭുജിച്ചു ഭൂമിയിൽ
ഒട്ടുക്കെ രാക്ഷസകുലത്തിൽ വന്നിട്ടി-
ങ്ങെടുക്കും ജന്മങ്ങൾ ദുരിതശേഷത്താൽ.

### ദാനാദിവിഘാതപാപം.

ക്ഷിതിസുരൻകൈയിൽ കൊടുക്കുന്നോനെയും,
ഉറ്റതജ്ജി ഹോമം ചരിക്കുന്നോനെയും,
ജഗതി ഗോഗ്രാസം കൊടുക്കുന്നോനെയും,
വിഘാതിക്കുന്നവൻ പിതൃപതിതന്റെ
പുരി തന്നിലുള്ള നരകമൊക്കെയും
ചിരകാലമെല്ലാം ഭുജിച്ചിഹ വന്നു
ജനിച്ചു നായായിട്ടനേകജന്മങ്ങൾ
ജനിക്കും ചണ്ഡാലകുലത്തിങ്കൽ പിന്നെ.

### പരനിന്ദാദിപാപം.

പരരെ നിന്ദിച്ചു പറവതിന്നായി
വിരുതുകെട്ടിയ നരവിഹീനനും
ഒരുത്തൻ ദാനങ്ങൾ ചരിപ്പാൻ ഭാവിച്ചി.

ട്ടിരിക്കുന്നേരത്തിലതിനെച്ചെന്നുടൻ
നമയമല്ലെന്നു മുടക്കിടുന്നോനും
യമനുടെ ദൂതർക്കെതിരികളാകും.
ഇവർ ഭുജിക്കുന്ന നരകഭോഗവും
തവ പറയുന്നേനിന്നു മഹീപതേ!
അതിശിതങ്ങളായിരിക്കുന്ന സൂചി-
തതികളെ നന്നായ് തറച്ചു നേത്രത്തിൽ
പ്രതപ്തമായുള്ളോരയഃപിണ്ഡത്തെയും
പ്രതിക്ഷണം വായിൽ കൊടുത്തു ദൂതന്മാർ
തല കീഴായിട്ടു നിബന്ധിച്ചു തൂക്കി
പലപ്രകാരത്തിൽ പ്രഹരിച്ചീടുവോർ.
അയുതവർഷങ്ങളം നരകഭോഗത്തെ
നിയതമിങ്ങനെ ഭുജിച്ചൊടുക്കത്തിൽ
പലലഭോജികളാം കുലത്തിൽവന്നു തൽ-
കലുഷശേഷത്താൽ ജനിച്ചിടുമവർ.

പരസ്വാപഹരണാദിപാപം.

പരന്റെ ദ്രവ്യത്തെയപഹരിച്ചവർ
പരനാരിതന്നിൽ മനസ്സുവച്ചവർ
ഒളിച്ചുവച്ചുള്ള പരാപരാധത്തെ
വെളിച്ചത്താക്കിന നരനിവരെല്ലാം
നിരുച്ഛ്വാസമെന്ന മഹാനരകത്തിൽ
പരിക്ഷീണാംഗരായ് കിടന്നഞ്ചു യുഗം
തരത്തിലങ്ങുള്ള നരകഭോഗവും
ധരണിനായക! ഭുജിക്കയും ചെയ്തു
വരാഹജന്മത്തെയെടുത്തു ഭൂമിയിൽ
ചിരായുസ്സുകളായിരിക്കും നിശ്ചയം.

അന്യഥാകാമപാപം.

പരപുരുഷരെ ഭ്രമിച്ചു ചെന്നുള്ള
തരുണിതന്നുടെ ഗതിയെച്ചൊല്ലുന്നു.
നരരൂപത്തിനെച്ചമച്ചു ചെമ്പുകൊ-
ണ്ടൊരുരൂപോലെതന്നെ പഴുപ്പിച്ചേറവും
പ്രതപ്തമായുള്ളോരയഃശയനത്തിൽ

വിദഗ്ദ്ധരായുള്ള ഭടന്മാർകൊണ്ടന്നു
കിടത്തിച്ചൂടോടെ തഴുകുവാൻ ചൊല്ലി-
ക്കിടത്തും ശിക്ഷിച്ചങ്ങവളെക്കൂടവേ.
കരഞ്ഞു കേവലമവളും ദീനയായ്
കരങ്ങളെക്കൊണ്ടു പരിരംഭം ചെയ്തു-
ങ്ങൊരു യുഗമെല്ലാമതിനോടുകൂടെ
പുരുഷപുംഗവ! കിടന്നുഴന്നിടും.
അതിൽപ്പിന്നെക്കൊണ്ടന്നതിതപ്തമായ
രുധിരകൂപത്തിലതികുപിതരായ്
പടുതപമേറിയ ഭടന്മാർ വേഗേന
കിടത്തിടുമഞ്ചു യുഗപരിയന്തം.
പരസ്ത്രീയെച്ചെന്നു പരിഗ്രഹിക്കുന്ന
നരന്നുമിങ്ങനെ നരകഭോഗങ്ങൾ.
ദുരിതശേഷത്താലൊടുക്കം വന്നിഹ
ധരണിയിലവൾ ജനിക്കും വന്ധ്യയായ്.
നരനെന്നാകിലോ നപുംസകമാക-
മിരുപേരും ഹീനകുലത്തിൽ ജന്മിക്കും.
അതുകൊണ്ടു ചെറുമരുതെടോ പര-
വധൂജനസംഗം പുരുഷന്മാർക്കെല്ലാം.
മദിരാക്ഷിമാർക്കും പരസംഭോഗങ്ങൾ
മതിശാലിൻ! ചെറുമരുതേവംതന്നെ.

മഹന്നിന്ദാശ്രവണപാപം.

മഹന്നിന്ദതന്നെയനുസരിച്ചിഹ
മഹീപതേ! ചെവികൊടുത്തു കേൾക്കുന്ന
നരന്റെ കർണ്ണത്തിലതിതപ്തമായി-
ട്ടിരിമ്പുനാരായത്തിനെക്കൊണ്ടന്നുടൻ
ഉറച്ചു ദൂതന്മാരതിതരമായി-
ത്തറയ്ക്കും കേവലം കൃപയുമെന്നിയേ.

കോപാദിപ്രാവലോകനപാപം.

അതികോപംപൂണ്ടു ചുവന്ന കണ്ണിനാൽ
ക്ഷിതിദേവന്മാരെ വിലോകിക്കുന്നൊരു
നരപശുവിന്റെ നയനയുഗ്മത്തി-

ലെരിയും സൂചിയെ പെരിയെക്കൊണ്ടുന്ന-
ങ്ങുറക്കെ വാവിട്ടു വിളിച്ചുകേഴവേ
തറയ്ക്കുമന്തകാനുചരവൃന്ദങ്ങൾ.

പ്രായശ്ചിത്തരഹിതപാപം.

വിനിഷ്കൃതിയില്ലാത്തഘത്തിനെയിന്നി
മനുഷ്യനായക! നിനക്കു ചൊല്ലുന്നേൻ.
ക്ഷിതിസുരഹത്യാദികൾക്കു നിഷ്കൃതി
വിധിയുണ്ടെങ്കിലുമിതിനില്ലേതുമേ.
ധരാസുരന്മാരെ പരിദ്വേഷിക്കുന്ന
നരാധമനേതും വിനിഷ്കൃതിയില്ല.
അതിവിശ്വാസമായിരുന്നവൻതന്നെ
ചതിചെയ്യുന്നവൻതനിക്കുമില്ലെടോ.
കൃതഘ്നനായുള്ള നരപശുവിനും
ചതുർത്ഥൻെറയന്നം സദാ ഭുജിച്ചോനും
ഇതിഹാസവേദപുരാണശാസ്ത്രങ്ങ-
ളതിഥിസൽക്കഥ ഗുരുജനങ്ങളും
ക്രതുക്കൾ ധർമ്മശാസ്ത്രവും മുരരിപു
ക്രതുധ്വംസിയെന്നുള്ളിവരെക്കൂശാതെ
മനഃപൂർവ്വമായി വിനിന്ദിച്ചീടുന്ന
ജനത്തിനും ബൌദ്ധമതം ഗ്രഹിച്ചോനും
ചതുർത്ഥവർണ്ണംതാൻ വധൂജനങ്ങൾതാൻ
പ്രതിഷ്ഠിച്ച ദേവാലയങ്ങളിൽച്ചെന്നു
നമസ്കരിച്ചീടുന്നവനും ഭൂപതേ!
വിനിഷ്കൃതിയില്ലെന്നറിക ധാത്രീശ!

ഇതൊക്കെ ഞാൻതന്നെ മനസ്സുകൊണ്ടൂഹി-
ച്ചിതമതിൽ ചൊല്ലിയെന്നിഹ നിനയ്ക്കാതെ
വദിച്ചിതു ഭീഷ്മരശേഷധർമ്മത്തെ
യുധിഷ്ഠിരൻതനിക്കത്രെ ചൊല്ലി ഞാൻ.

അരയന്നത്തിൻെറ വചനമിങ്ങനെ
നരവരൻകേട്ടു പുനരപി ചൊന്നാൻ.

„ദുരിതമിന്നതു ചരിച്ചവരെല്ലാം
നരകമെന്നതു ഭുജിക്കും ചെന്നിട്ടു

ധരണിയിൽവന്നു പുനരിന്നജന്മം
ദുരിതശേഷത്താലെടുക്കുമെന്നിട്ട്
ഇതൊക്കെയും നന്നായെനിക്കു ഹംസമേ!
വിദഗ്ദ്ധനായ നീ പറഞ്ഞുകേൾക്കയാൽ
കരളിലുണ്ടായി തെളിവു മാമകം
കരുണയോടിന്നുമെനിക്കു ചൊല്ലുക.
ദുരിതമിന്നതു ചരിച്ചവർക്കെല്ലാം
വിരവിലിന്നതു ഭവിക്കുമാമയം
ശരീരത്തിലെന്നുമതിനിനിത്തത്ര
പരിഹാരമെന്നും സകലവും നന്നായ്
കഥിക്കണ''മെന്നു നൃപമണിചൊന്നാ-
നതുകേട്ടു ഹംസകുലതിലകവും
മതിമോദംപൂണ്ടു പറഞ്ഞാനിങ്ങനെ.

ദ്വിതീയപാദം സമാപ്തം.

---

## തൃതീയപാദം.

മനസ്സോടുകൂടെ ശ്രവിക്കണമെന്നു
മനുഷ്യേശാ! ഭവാനുരച്ചിരിക്കിലോ
മടിയില്ലിങ്ങേതുമെനിക്കു ചൊല്ലുവാൻ
വടിവോടൊക്കെയും വഥിക്കുന്നുമുണ്ട്.
ഇതു രോഗത്തിനിങ്ങിതു പാപമൂല-
മിതു പാപത്തിനു പരിഹാരമിതേ.
ഇതൊക്കെയും വേറുതിരിച്ചു നന്നായി
വദിക്കുന്നേൻ തവ വരഗുണനിധേ!

### ക്ഷയരോഗം.

ഗദങ്ങളൊക്കെയ്ക്കും പ്രധാനമായുള്ള
ഗദം ജഗത്തിങ്കൽ ക്ഷയരോഗമല്ലോ.
അതുകൊണ്ടുതന്നെയതിന്റെ മൂലവും
അതിനുവേണ്ടുന്ന പ്രതീകാരങ്ങളും
വദിക്കുന്നേനെന്നു പതഗവീരനും
പതുക്കവേ ചൊല്ലിത്തുടങ്ങിനാനേവം.

ക്ഷയരോഗം ചിലർക്കിവിടെയുണ്ടാവാൻ
നയശാലിൻ! കേട്ടീടുക മൂലം മുൻപിൽ.

* * * * *

### കുഷ്ഠരോഗം.

പെരുത്തകുഷ്ഠങ്ങൾ ഭവിപ്പാൻ കാരണ-
മുരത്തിടുകിലോ പതിമൂന്നുണ്ടിഹ.
ഗുരുദ്വിജവധം പ്രഥമമങ്ങതിൽ
ഗുരുദ്വേഷം ഗുരുകുടുംബിനീസംഗം
പരരുടെ മനം പരിതപിപ്പിക്ക
പരംവിശ്വസ്തന്റെ ഗരംകൊടുക്കതാൻ
പരിബന്ധിക്കതാനബന്ധ്യനെ നന്നാ-
യൊരു ബന്ധ്യൻതന്നെ വിസർജ്ജിക്കതാനും
പരുഷവാക്കുകൾ ഗുരുക്കളെച്ചൊല്ല,
പെരിയവല്ലാതെ ചികിത്സിക്കതാനും
പരക്കു ദുർമ്മന്ത്രപ്രയോഗം ചെയ്കതാൻ
*പരരുടെയിഷ്ടം കെടുക്കതാൻ പിന്നെ
വരരൂപത്തിനെ വിരൂപമാക്കുക
പരരെക്കൊല്ലുകയിവ പതിമൂന്നും.

ധരിക്ക വിപ്രഹാ താനിക്കു നിഷ്കൃതി
ചരിക്കണമാറു ശരത്തുകൾ നന്നായ്.
അനന്തരം നാലിന്നൊരൊൻപതിൽപ്പാതി
പരന്തപ! വേണം സമകൾ വെവ്വേറെ.
പരങ്ങളെട്ടിലും പറകിൽ പ്രത്യേകം
വിരഞ്ഞു ചാന്ദ്രകൃച്ഛ്രകങ്ങൾ ചെയ്യണം.
പടുതപമുള്ളൊരോ മുനിപ്രവരന്മാ-
ർക്കുടുത്ത സമ്മതികളിൽ വിശേഷമായ്
വിധിച്ച ദാനങ്ങൾ വിനിഷ്കൃതികളിൽ
മദിച്ചുപോകാതെ ചരിക്കയും വേണം.
പ്രവൃദ്ധഗൌതമൻ പറഞ്ഞവണ്ണമേ
രവിപ്രതിമയും പ്രദാനം ചെയ്യണം.
വിദഗ്ദ്ധനായവൻ കദളിദാനവും
വിധിപ്രകാരമങ്ങിതിൽ ചെയ്തീടണം.
പ്രശസ്തമാം വായുപുരാണത്തിൽചൊന്ന-

* പരന്മാർക്കച്ഛരിഷ്ടം കൊടുക്കതാൻ പിന്നെ (പാഠാന്തരം).

വ്രതത്തെയുമിഹ വിശിഷ്യ ചെയ്യണം.
സുഹൃത്തുകളാകും ദ്വിജപ്രവരരേ
വരുത്തിയിട്ടവരുരത്തവണ്ണമേ
ചരിക്കണം സവ്വവിനിഷ്കൃതികളും
തരത്തിലങ്ങവരനുമതിയൊടും
ഇതിത്തരംചെയ്യാതിരിക്കിലൊക്കെയും
വിനിഷ്ഫലമായി ഭവിക്കും നിൎണ്ണയം.

ലവണകാർപ്പാസവസനകാംസ്യങ്ങ-
ളിവകൾ കക്കിലും ഭവിക്കും കഷ്ടങ്ങൾ.

ലവണചോരനു യവത്തിനെക്കൊണ്ട-
ന്നവനിപാലക! പചിച്ച ഗോമൂത്രേ
ഭുജിക്കണം പഞ്ചദശദിനമെന്നാൽ
ത്യജിക്കുമപ്പാപമവനു നിശ്ചയം.

കുറയെക്കാർപ്പാസമപഹരിക്കിലു-
മറിക തല്പാപമവനു പോവാനായ്
ഉപവസിക്കണം ദിനത്രയമവൻ
നൃപകുലമണേ! സുനിഷ്ഠിതനായി.

വസനതസ്കരൻ ചരിക്കണം കൃച്ഛ്രം
വ്യസനം വാരാതെ ദിനങ്ങൾ തൊണ്ണൂറെ-
ന്നറക ശംഖന്റെ മതത്തിലാമ്മാറ-
ങ്ങുരത്തിരിക്കുന്നു ധരിച്ചിതോ ഭവാൻ?

പരന്റെ വെള്ളോടങ്ങപഹരിച്ചവൻ
നിറഞ്ഞ ഷണ്മാസം ചരിക്കണം കൃച്ഛ്രം
വ്രതങ്ങളിങ്ങനെ ചരിക്കിലേ കഷ്ട-
ഗദങ്ങളുമിന്നങ്ങൊഴിവുവന്നിട്ടു.

ഭഗ്നരോഗം.

ശ്രവിക്കെടോ ഭഗ്നഗദത്തിൻ കാരണം
ഭവിച്ചിടും വിപ്രാംഗനാഹിംസയാലേ.
അതു പാപം പോവാനമലചിത്തനായ്
വ്രതം മൂന്നുവർഷം വഴിയേ ചെയ്യണം.
ഉമാമഹേശപ്രതിമദാനവും
ക്ഷമാപതേ! ബോധായനൻ വേണമെന്നാൻ.
സമാചരിക്കണമൊരു പത്മദാനം

പ്രമാദമെന്നിയെയിതിനായിങ്ങനെ
സുമതി ഗൌതമനരുചെയ്തവണ്ണം
വിമദനായിട്ടിങ്ങിതു താൻ ചെയ്യണം.

### വിസർപ്പം.

വിസർപ്പരോഗത്തിൻ നിദാനം ചൊല്ലിടാം
പാർപ്പിലാക്കാതെ മനസ്സടക്കിക്കേൾ.
അഹികളെക്കൊണ്ടു കടിപ്പിക്കുന്നോനേ
അഹികളെത്തന്നെ ഹനിക്കയെന്നതും
ഇവകൾ രണ്ടുമാമതിന്റെ കാരണ-
മിവകൾ ദോവാനും വിനിഷ്കൃതിചൊല്ലാം.
അറിഞ്ഞതോ നൃപകുലശിഖാമണേ!
നിറഞ്ഞ നാലാണ്ടുമൊരാറുമാസവും
വ്രതം ചരിക്കുമ്പോൾ പ്രഥമപാപവും
ദ്രുതം ഗമിച്ചിടും വചനവുമുണ്ട്.
ദ്വിതീയമായുള്ള ദുരിതം നീങ്ങുവാൻ
മതിയെടോ! കാമമൊരു പ്രാജാപത്യം.
ഇതിത്തരമെല്ലാം വസിഷ്ഠമാമുനി-
മതത്തിൽ ചൊല്ലീട്ടുണ്ടിതത്തിൽ മന്നവ!
വിദഗ്ദ്ധനായുള്ള മുനി *ബോധായനൻ
വദിച്ചതു പിന്നെയിതിനു ഗോദാനം.
സരീസൃപംകൊണ്ടു കടിപ്പിക്കുന്നവൻ
പെരിയ സർപ്പിയായ് ഭവിക്കും നിർണ്ണയം.
നലമൊടു ദാനജപഹോമാദികൾ
പലതും ചെയ്യുമ്പോഴിവ ഗമിച്ചിടും.

### വിസ്ഫോടരോഗം.

പരരെ നിന്ദിച്ചു പറയുംപേർകൾക്കു
വിരവിൽ വിസ്ഫോടം വരുമെന്നോർത്താലും.
വിനിഷ്കൃതിയായിട്ടിതിനൊരുമാസ-
മനുഷ്ഠിച്ചീടണം പയോവ്രതത്തിനെ,
വിധിയാകുംവണ്ണമിതങ്ങുചെയ്യുമ്പോൾ
ക്ഷിതിപാല! രോഗശമനവും വരും.

* "ദ്വൈപായനൻ." (പാഠാന്തരം).

പാണ്ഡുരോഗം.

ഉരുതരമായുള്ളൊരു പാണ്ഡുരോഗം
വരുവതിനഞ്ചുണ്ടറിക കാരണം.
ഒരോതരം ദേവസ്വാപവും ഹരിക്കയു-
മൊരോതരം വിപ്രധനവുമപ്പോലെ.
അവൎക്കു വല്ലതും വരുന്ന കാരിയം
ജവത്തിനാൽച്ചെന്നു മുടക്കുകതാനും
അഭക്ഷ്യവസ്തുക്കൾ ഭുജിക്കയുമേവം
വിപക്ഷഹന്താവേ! വചിച്ചതഞ്ചുതാൻ.
ഒരൊൻപതിൽ പാതി സമകൾ ചെയ്യണം
നിരന്തരമായി വ്രതങ്ങൾ വെവ്വേറെ
മനം തെളിഞ്ഞുടൻ ചരിക്കണം ചാന്ദ്ര-
മനന്തരം കൃച്ഛ്രമഥാതികൃച്ഛ്രവും.
ദുരിതമാലിയിൽ പറഞ്ഞതു രണ്ടും
പറന്നുപോയിട്ടമിതങ്ങു ചെയ്യുമ്പോൾ.
ഇതരമായുള്ള ദുരിതങ്ങൾ രണ്ടു-
മിതമൊടു യവം പചിച്ചു ഗോമൂത്രേ
തപവും വൎഷവും ശരത്തുതാനും
ഇതുകൾ മൂന്നിലുമൊരോരോ മാസങ്ങൾ
ഭുജിച്ചു പഞ്ചാഗ്നിനടുവിൽ നിന്നിട്ടും
ജലത്തിലാമ്മാറു ശയിച്ചിട്ടും തന്നെ
തപസ്സു വെവ്വേറെ ചരിക്കിലോ വന്ന
വിപത്തു നീങ്ങിടും വിശയമില്ലെടോ!
അനൎഘിക്കംപോക്കങ്ങഭക്ഷ്യഭക്ഷണം
വിനിഷ്കൃതി ശ്രുലേ വദിച്ചിരിക്കുന്നു.
കൃപാസമേതനായതിനു ചൊല്ലിയ-
ജപഹോമാദികൾ കഴിപ്പിച്ചീടണം.
സുവൎണ്ണമാദിയായ് കൊടുക്കയും വേണം
വിവൎണ്ണതവിന്യേ മഹീസുരൎക്കെല്ലാം.
ഇവണ്ണം ചെയ്യുമ്പോൾ പിടിച്ച രോഗവു-
മവന്റെ ദേഹത്തിന്നകന്നിടും നൂനം.

## കാമിലാരോഗം.

നിറന്ന ദേഹത്തിൽ പരന്ന കാമില
വരുന്ന മൂലവും നിനക്കു ചൊല്ലുന്നേൻ.
പ്രഥമമൂലമിന്നവററിലെന്തെന്നാ-
ലധമമായുള്ളൊരശനചൌൎയ്യം താൻ.
ദ്വിതീയം കാലുകൾ കഴുകാതെ ചെന്നു
മതിയാവോളവും ഭുജിക്കയെന്നത്രേ.
തൃതീയമെന്തെന്നാലതും പറഞ്ഞീടാം
ക്ഷിതിപതികുലമണേ! ഹിതമായി.
* അമത്രത്തിലന്നമവശേഷിക്കാതെ
സമസ്തവും നന്നായ് ഭുജിക്കതാൻ വീരാ!
അശനചൌൎയ്യത്തിനുടെ വിനിഷ്കൃതി
വിശയംകൂടാതെ പറഞ്ഞു ഗുല്മത്തിൽ
ഭൃശമുരചെയ്തിട്ടിരിക്കുന്നില്ലയോ
വിശദമാനസ! നിനക്കു മുന്നമേ.
പരത്ര മൂന്നിനുമൊരു പ്രാജാപത്യം
ചരിക്കണമതിന്നതിനു വെവ്വേറെ.
ദ്വിജാതികളെക്കൊണ്ടു ജപഹോമാദിയും
സുജാതമാംവണ്ണം കഴിപ്പിച്ചേററവും
മുദാ ഹിതനായിട്ടൊരു വിപ്രൻകൈയിൽ
തദാമയപ്രതികൃതിയും നൽകണം.
ഒടുവിൽ വൃദ്ധഗൌതമൻ ചൊന്നവണ്ണം
മടികൂടാതെ കണ്ടതിനുമാഗധി
പ്രതിമയുണ്ടാക്കി ഗരുഡരൂപമാ-
യതിനു യുക്തദക്ഷിണയുംകൂടവേ
കൃതിയായുള്ളൊരു ധരാസുരൻകൈയിൽ
മതിമാനാകിലൊ കൊടുക്കയും വേണം.
ഇതിങ്ങനെ ചെയ്താലുടനേ ദേഹത്തി-
ന്നാതങ്കകന്നുപോമവനു നിശ്ചയം.

## പ്രമേഹരോഗം.

പ്രമേഹമുണ്ടാവാൻ വഴികൾ കേട്ടാലും
ക്രമേണ ചൊല്ലുന്നേൻ നിനക്കു ഭൂപതേ!
ദ്വിജന്റെയൎത്ഥത്തെയപഹരിക്കതാൻ

* അമത്രം = പാത്രം.

ദ്വിതീയം താപസീസമാഗമനം താൻ
ഗുരുതൻപത്നിയെ പിടിച്ചു ഭോഗിക്ക
ഗുരുക്കന്മാരൊടു പരിഭാഷിക്കതാൻ
പരമനസ്സിനെപ്പരിതപിപ്പിക്ക
പരന്റെ ഭാൎയ്യയെപ്പരിഗ്രഹിക്കയും
വിധവയെച്ചെന്നിട്ടനുഭവിക്കയും
ദൂഷിപ്പിക്ക കന്യാജനങ്ങൾതന്നെയും
വിജാതിയോനിയിൽ വിഷയിക്കതാന-
മിവകളൊൻപതും പ്രമേഹമൂലമാം.
ദുരിതമാദ്യത്തിനുടെ വിനിഷ്കൃതി
ചരിപ്പാൻ വേണ്ടിടും ശരത്തുകളാറു്.
ദ്വിതീയപാപത്തിൻ വിനിഷ്കൃതിം ചയ്യാ
നതിലൊരുപാദം കുറയെ വേണ്ടിടും
പരത്ര മൂന്നിനും വിനിഷ്കൃതിപൂൎവ്വ-
മുരത്തിരിക്കുന്നിതറിക കൃച്ഛ്രത്തിൽ.
അതിനുമങ്ങുള്ള ദുരിതം മൂന്നിനും
പ്രതീകാരം മൂലേ വദിച്ചിട്ടുണ്ടല്ലോ.
ഇവററിനൊക്കെയുമൊരോ ചാന്ദ്രായണ
മപത്ഥ്യംകൂടാതെ നിയതം ചെയ്യണം.
പടങ്ങളതുചെയ്വാനരുതെന്നാകിലോ
ഉടൻകഴിക്കണമൊരുതപ്തകൃച്ഛ്രം.
സകലരോഗത്തെ ഹനിക്കും ഹോമവും
സകലശൌനകമുഖോക്തമന്ത്രവും
പിഴച്ചുപോകാതെ മനസ്സോടുംകൂടെ
കഴിച്ചു നന്നായി ജപിക്കയും വേണം.
രുചിയോടന്നവുമുദകതക്രവും
ശുചിയോടാരണക്കനുഗുണമായി
പ്രദാനംചെയ്യണം മുദാ സമമെന്നു
പിതാമഹനുടേ പുരാണത്തിലുണ്ടു്.
പ്രമേഹത്തിനുടേ പ്രതിക്രിയാദാനം.
സുമേധസ്സായവൻ ചരിക്കയും വേണം.
രുചിരത തേടുന്നൊരു രജതത്താൽ

രചിതമായുള്ളോരൃഷഭംതന്നോടും
സുവർണ്ണധേനുവെക്കൊടുക്കണമെന്നി-
ങ്ങിവണ്ണം വൃദ്ധഗൌതമനുരചെയ്താൻ.
അറിഞ്ഞിഹ ചെയ്കിൽ പ്രമേഹസാമാന്യം
തെരുന്നനെത്തന്നെ ശമിക്കയും ചെയ്യും.

### സുരാമേഹം.

സുരപോലെയുള്ള പ്രമേഹത്തിൻമൂലം
ധരാപതേ! മാതൃഗമനമെന്നറി.

### ഇക്ഷുമേഹം.

കരിമ്പിൻെറ രസംകണക്കേയുള്ളൊരു
പ്രമേഹത്തിൻമൂലം സഹോദരീസംഗം.

### മധുമേഹം.

മധുനിറമായി വരുന്നതിൻമൂലം
സഹോദരഭാര്യാസമാഗമംതന്നെ.
ചരിക്കണം വ്രതം പ്രഥമത്തിന്നാറു
ശരത്തുകളെന്നാൽ വിപത്തു നീങ്ങിടും.
അതഃപരം രണ്ടിനുടേ വിനിഷ്കൃതി-
യതിൻപാദമാത്രം കുറച്ചുചെയ്യണം.
വിനിഷ്കൃതിയായിട്ടൊരു തപ്തകൃച്ഛ്ര-
ചതുഷ്ടയംതന്നെ യഥാ തപസ്സോടും
അനുഷ്ഠിച്ചീടുകിൽ മതി മാതൃഗാമി-
ക്കനിഷ്ടമായതും വിനഷ്ടമായിടും.
വ്രതങ്ങടേമദ്ധ്യേ വിഘാതമുണ്ടായാ-
ലതിനു നാല്പതന്തണരെ നിത്യവും
വ്രതം കഴിവോളം ഭുജിപ്പിച്ചീടണം
ഘൃതം ഗുളം സൂപമിവകളോടെല്ലാം.
സലിലതക്രവും രുചിരമന്നവും
മലിനനായവൻ മലങ്ങൾ പോവാനായ്
അഹീനനാകിലും വിഹീനനാകിലും
മഹീപതേ! കേൾക്കിലുടനേ നല്കുക.
പറഞ്ഞവണ്ണമേയിതിത്രയും ചെയ്താൽ
പറന്നുപോയീടുമവൻെറ പാപവും.

പിടക.

ദുരിതമൊൻപതാൽ പുളവയുണ്ടു:മെ-
ന്നരിയസൂരികൾ പറഞ്ഞു കേൾക്കായി.
അതിനെയൊക്കെയും നിനക്കു ചൊല്ലുന്നേൻ
മതി ചലിക്കാതെയിരുന്നു കേൾക്ക നീ.
ഗുരുവധൂവിനെപ്പിടിച്ചു ഭോഗിക്ക
ഗുരുജനങ്ങളെ പ്രതിദ്വേഷിക്കയും
പരക്കുന്നപാദം മനഃഖേദം ചെയ്ക
പരനെ യഷ്ട്യാദികളാൽ ഭേദിക്കയും
കഠിനമായുള്ള കരമുഷ്ടികൊണ്ടു
ദൃഢമന്യൻതലയ്ക്കുടി കൊട്ടുകയും
തുടികളെക്കൊണ്ടു പരന്റെ ദേഹത്തിൽ
മുറിച്ചുടൻ ചോരയൊലിപ്പിക്കതാനും
പരന്റെ വാക്കിനേ വിഘാതിച്ചീടുക
പരുഷവാക്കുകൾ പല പറകയും
അനൃതം ചൊല്ലുകയിതുകളൊൻപതും
മനുജപുംഗവ! പുളവമൂലങ്ങൾ.

ഇവററിനാദികളുരത്ത മൂന്നിനു
മവനിപാലക! വിനിഷ്കൃതി ചൊല്ലി-
യിരിക്കുന്നു നന്നായറിക കല്പത്തിൽ
ചരിത്രംചേർകൾക്കു സ്പഷ്ടമാകുംവണ്ണം
വിപത്തു നീങ്ങുമെന്നറിഞ്ഞുകൊണ്ടാലും
അതിനടുത്തുള്ള ദുരിതം നാലിനു-
മതികൃച്ഛ്രങ്ങളെ വിധിയോടുമേവം
വിനിഷ്കൃതിയായിത്തനിത്തനിയില-
ങ്ങനുഷ്ഠിച്ചീടണമറിക ഭൂപതേ!
അതിനു മററുള്ള ദുരിതം നീങ്ങുവാൻ
മതിയൊരു ചാന്ദ്രം ചരിക്കിൽ മന്നവ!
നലമോടതികൃച്ഛ്രകങ്ങൾ ചെയ്യുമ്പോൾ
കലുഷമൊൻപതാമതുമകന്നിടും.
മതിമാൻ ശൌനകൻ പറഞ്ഞവണ്ണമെ
ഗതിയായുള്ളവൻ ജപഹോമാദികൾ
നടത്തി രോഗത്തിൻ പ്രതിരൂപത്തെയും

കൊട്ടക്കണം സുരവരന്റെ കയ്യിലായ്
പൃഥുലപാത്രവുമിവണ്ണം ചെയ്യുമ്പോൾ
ശിഥിലമായിട്ടും വിശയമില്ലെടോ.

## അർശോരോഗം.

അർശോരോഗത്തിൻ നിദാനമെട്ടുണ്ടെ-
ന്നറിക മന്നവ! പറഞ്ഞിടാമതും.
പരന്റെ ചേതസ്സെപ്പരിതാപിപ്പിക്ക
പരിഭോഷിക്കതാൻ ഗുരുജനങ്ങളെ
ചരിക്ക ഗോവധം ഗ്രഹിക്ക ദേവസ്വം
ഹരിക്കതാൻ വിപ്രധനമഹേതുവായ്.
ഗ്രഹണകാലത്തിൽ യുവതികളൊട്ടു
സഹ ഗമനംചെയ്തിരിക്കതാനെന്ന-
ന്തരത്തിലോരോരോ നിഷിദ്ധാചാരങ്ങൾ
ചരിക്കയുമന്നമപഹരിക്കയും
ഇവകളെട്ടുമാമർശോമൂലമെ-
ന്നവനിയിൽ ചൊല്ലുന്നറിവേറും ജനം.
വിനിഷ്കൃതി മുൻപിൽ പറഞ്ഞ രണ്ടിന്നു-
മതിസ്ഫുടം ചൊല്ലിയിരിക്കുന്നു കേൾക്കു.
അതിന്നേയവ്വണ്ണം ചരിച്ചനന്തര-
മതിനിയമത്തോടിരുന്നൊരുമാസം
പ്രതിദിനം പഞ്ചഗവ്യം കൂട്ടീട്ടു
മതിമാനായവനകത്തു കൊള്ളണം.
പശുക്കളേക്കെട്ടും സ്ഥലത്തിലക്കാലം
പശുക്കളെപ്പോലെ കിടന്നു ഭൂമിയിൽ
അഹർമ്മുഖത്തിങ്കലതുകൾ പോകുമ്പോ-
ളഹന്തകൂടാതെയനുഗമിക്കണം.
സുശീലയായേററം കറക്കും ഗോവിനെ
വശിയായുള്ളൊരു ദ്വിജന്നു നൾകണം.
പരങ്ങൾ മൂന്നിനും വിനിഷ്കൃതിചൊല്ലി-
യിരുന്നു പാണ്ഡുവിലതങ്ങറിഞ്ഞാലും.
അതിന്നുമങ്ങുള്ളൊരനലവിനിഷ്കൃതി
വിധികൾ ചൊല്ലീട്ടുണ്ടെന്നു യക്ഷ്മാവിങ്കൽ.

നിഷിദ്ധാചാരം ചെയ്യുവൻ നിഷ്കൃതി
വിശുദ്ധാത്മാവെന്നു വരികിലും ദേഹ-
വരുത്തം കണ്ടു ഗദമൊഴിവാനായ്
ചരിക്കണം ചാന്ദ്രാദികളെ നന്നായി.
ഇതിങ്ങനേതന്നെയശനം കക്കിലും
വ്രതങ്ങളെ നന്നായനുഷ്ഠിച്ചീടണം.
കനകധേനുവിൻ പ്രദാനം വേണമെ-
ന്നനഘനാം ബോധായനൻമുനിയോതി
യഥാവിധിയായ ഗദപ്രതിമയും
തഥാഭിജാതനാം ദ്വിജനു നല്കണം.
സകലവുമേവം ചരിക്കുമ്പോൾതന്നെ
ശകലമായിട്ടുമുദിതരോഗവും.

## അതിസാരരോഗം.

അതീസാരത്തിന്റെ നിദാനമേഴുണ്ടു
മതിമതാംവര! പറഞ്ഞിടാമതും.
ഗുരുതല്പഗമം ഗുരുദ്വേഷങ്ങളും
പരഹൃദയത്തിൻ പരിപീഡനവും
നിറന്ന വാപികൾ കിണറുകൾ കുളം
നിറഞ്ഞൊഴുകുന്ന നദികളുമെല്ലാം
തകൎക്കയെന്നുള്ളതിവകളേഴുമാം
തികച്ചുവന്നുള്ളോരതിസാരമൂലം.
അതിൽ പ്രഥമമാം ദുരിതം മൂന്നിനും
വിനിഷ്കൃതി കഷ്ടേ പറഞ്ഞിരിക്കുന്നു.
ഇതരം നാലിനും ഷഡബ്ദ്യം വെവ്വേറെ
വ്രതം ചരിക്കണം വിശുദ്ധചിത്തനായ്.
പിടിച്ചരോഗത്തിൻ തരാതരം കണ്ടു
നടത്തണം ചാന്ദ്രാദികൾ സദ്രൂപമായ്.
പെരിയ കഷ്ടത്തിൽ പറഞ്ഞവണ്ണമേ
വിരയെച്ചെയ്യണം ജപാദികളെയും.
കൃതിവരനാകും ദ്വിജനു രോഗത്തിൻ
*പ്രതികൃതിയെയും പ്രദാനം ചെയ്യണം.
ഇതൊക്കെയുമേവം ചരിക്കുമെങ്കിലോ
പതുക്കെ വാങ്ങിടും ഗദികൾ രോഗവും.

* 'പ്രതിമയുണ്ടാക്കി' എന്നു പാഠാന്തരം.

## ഗ്രഹണിരോഗം.

അധികമായുള്ള ഗ്രഹണിയുണ്ടാവാൻ
സുധീവര! മൂലമപത്ഥ്യമാരണം.
അതീസാരേ ചൊന്ന വിധികളൊക്കെയു-
മതിയായിത്തന്നെയിതിന്നും ചെയ്യണം.
അപത്ഥ്യത്തെക്കൊന്ന ദുരിതംപോവാനാ-
യഭിജ്ഞനായുള്ളോനഭിമോദത്തോടു-
മുറച്ചുചെയ്യണം വരിഷമാറതിൽ
കുറച്ചൊരുപാദം വിനിഷ്കൃതിതന്നെ.
പ്രവൃദ്ധഗൌതമൻ പറഞ്ഞവണ്ണമേ
സുവൃത്തരായുഗ്രഗ്രഹണിരോഗികൾ
പരിഷ്കൃതയായ കുരുത്ത ഗോവിനെ
പുരസ്കൃതയാക്കിക്കൊടുക്കയും വേണം.
വിനയശാലിയായൊരു ബോധായന-
മുനിയുരചെയ്തപ്രകാരമെങ്കിലും
ഹുതാശനപ്രതിനിധിയേയുണ്ടാക്കി
വ്രതാവസാനത്തിൽ പ്രദാനംചെയ്യണം.
പ്രതിനിധി ഹേമകൃതമായി വേണ-
മതല്ലെങ്കിൽ താമ്രകൃതമായിട്ടുമാം
ശുദ്ധിയായുള്ളവൻ സകലവുമേവം
വിധിയൊടു ചെയ്താൽ ശമിക്കും രോഗവും.

## മുഖരോഗം.

പറഞ്ഞിടാമിനി മുഖരോഗമൂല-
മറിഞ്ഞവർ ചൊല്ലുന്നിതിന്നു പത്ഥ്യമെന്നും.
പരക്കു ദുഃഖത്തെ വരുത്തുവാനായി-
പ്പുരമെല്ലാമെപ്പൊഴും പ്രയത്നിച്ചീടുക.
ഒരുത്തനുവേണ്ടി കപടം സാക്ഷിയാ-
യുറപ്പുകൂടാതെ വചിക്ക സത്വരം.
ഗുരുജനത്തിനോടനുദിനം ചെന്നു
പരുഷമായുള്ള വചനം ചൊല്ലുക
പരന്റെ കുടി കെടുക്കവണ്ണം
പറക കൃശാതെ കുരള നിത്യവും
പരിചിലപ്പൊഴുമസത്യം ചൊല്ലു-
പരസുഖത്തിങ്കലസൂയയുണ്ടാക

പരന്റെ ചുണ്ടുകൾ കളക ജിഹ്വയും
പരന്റെ പല്ലുകൾ പറിക്ക താൻ ചെന്ന്
പരമുഖത്തിങ്കലടിക്കയുമേവ-
മിവ പത്തും മുഖഗദനിദാനങ്ങൾ.
ഇവററിനൊക്കയും വിനിഷ്കൃതിതന്നെ
വിവിക്തമാനസ! നിനക്കു ചൊല്ലുന്നേൻ.
ദുരിതമാദിയിൽ പറഞ്ഞ രണ്ടിനും
വരിഷം നാലുമങ്ങൊരാറുമാസവും
വ്രതമനുഷ്ഠിച്ചാൽ വൃജിനം പോയിടും
ദ്രുതമശേഷവുമതുകൊണ്ടുതന്നെ.
പരുഷവാക്കുകൾ ഗുരുവിനേച്ചൊന്ന-
കലുഷം പോവാനുള്ളൊരു വിനിഷ്കൃതി
മുടക്കമെന്നിയേ ചരിക്കണം ചാന്ദ്ര-
മടുത്തു കൃച്ഛ്രവുമതികൃച്ഛ്രം താനും.
തുരീയമായുള്ള ദുരിതനിഷ്കൃതി
പെരിയെച്ചൊല്ലീട്ടുണ്ടറിയാം ശ്രുതത്തിൽ.
പരന്റെ പല്ലുകൾ പറിച്ചൊരു പാപ-
നരന്റെ നിഷ്കൃതിയതങ്ങനേതന്നെ.
ഉപരിയുള്ളൊരു ദുരിതമൊക്കെക്കും
സപാദകൃച്ഛ്രങ്ങൾ ചരിക്കയും വേണം.
തരാതരം കണ്ടങ്ങതിലൊരു ന്യൂനം
വരാതതന്നെയങ്ങതിനൊത്തവണ്ണം
ദ്വിജന്മാരെക്കൊണ്ടു ജപഹോമാദികൾ
നിജം ചരിപ്പിക്ക ചരിക്ക ദാനവും.
വരുന്ന വിപ്രരെയൊരുപോലെതന്നെ
വരാന്നദാനത്താൽ പരിതോഷിപ്പിക്ക.
ഉറച്ചരോഗങ്ങൾ പിടിച്ചുടനുണ-
മുറക്കം കൂടാതെ ചടച്ചുപോയുള്ള-
ജനത്തിനൌഷധം കൊടുക്കയും വേണം
തനിക്കാകുംവണ്ണം ധനധാന്യങ്ങളും
ദ്വിജപ്രവരനാമൊരു ബോധായനൻ
ഗജപ്രദാനവും ചരിക്കണമെന്നാൻ.
ഇതിങ്ങു ചെയ്യുമ്പോൾ ദുരിതരോഗങ്ങൾ
ദ്രുതം ഗമിച്ചിടും സുഖങ്ങളും വരും.

### നയനരോഗം.

നയനരോഗത്തിന്നുടേ നിദാനങ്ങൾ
നയജ്ഞന്മാർചൊല്ലി വരുന്നു നാലെണ്ണം.
തനിക്കു നല്ലതു വരുത്തുന്നവനു
നിനയ്ക്കാതെതന്നെ വിരുദ്ധമാകുന്നോൻ.
പരന്റെ കണ്ണിന്നെ കെടുക്കയും സദാ
പരന്റെ ഭാൎയ്യയെ വിലോകിക്കുന്നോനും
ഒരുത്തിയോടൊരു പരിദ്വേഷമുണ്ടാ-
യിരിക്കിലങ്ങതുമുറച്ചുനന്നായി
ചികിത്സയെന്നൊരു ഫലത്തിനാൽച്ചൊല്ലുന്നു
ചികിത്സിച്ചു നേത്രം കളകയെന്നേവം.
ധരാപതേ! ചാന്ദ്രം വിനിഷ്കൃതിയായി-
വരാകമെങ്കിലുമിഹ ചരിക്കണം.
അതിനുകൂടെയും തനിക്കു ശക്തികൾ
മതിയല്ലെന്നാകിൽ ബൃഹസ്പതി ചൊന്നാൻ
ചുരുങ്ങിയിട്ടൊരു വഴിയതുവണ്ണം
ചരിക്കണം കൃച്ഛ്രവ്രതാതികൃച്ഛ്രംതാൻ.
ഇവകൾ ചെയ്വാനും ബലവുമില്ലയ-
ങ്ങവനെന്നാകിലങ്ങതിനു ചൊല്ലുന്നേൻ.
ദ്വിജപ്രവരന്മാരൊരൊരാൻപതുപേരെ-
ബ്ഭുജിപ്പിച്ചീടണം ദിനംപ്രതിയെന്നു
മനുവചനമുണ്ടിവറ്റിനൊക്കെക്കും
മനുജപുംഗവ! തരത്തിൽ വെവ്വേറെ.
ത്വരിച്ചു വൈകല്യം വരാതെ കൎമ്മത്തിൽ
ചരിക്കണം കൃച്ഛ്രാദികളെ വെവ്വേറെ
ജപിക്ക ഹോമിക്ക കൊടുക്കയെന്നങ്ങൾ
ചരിക്കയും പിന്നെ സുവൎണ്ണദാനങ്ങൾ
പരിചൊടു പത്മപുരാണത്തിൽച്ചൊന്ന-
ശുദ്ധദാനവുമിഹ ചെയ്തീടണം.
ഇതീവണ്ണംതന്നെ സമാചരിക്കിലോ
മതി, രോഗശാന്തി വരുമതുകൊണ്ടു്.

### നക്താന്ധ്യം.

നിശയിങ്കൽ നേത്രം തിരിയാതെ പോവാൻ
പശുനേത്രേ ശൂലം തറയ്ക്ക കാരണം.

അതിന്നൊരുമാസം പയോവ്രതംചെയ്തു-
അതിന്റെ പിന്നാലെയനാഗമിക്കണം.
അവ കിടക്കുന്ന സ്ഥലത്തിൽക്കൂടവേ
ഭുവി ശയിക്കണം രജനികൾ തന്നിൽ.
അതിമനോജ്ഞമായിരിക്കുന്ന ഗോഹാ-
വതിൻപ്രതിമയും പുരാണകല്പിത-
പ്രകാരമാംവണ്ണം കൊടുക്കയുമെന്നാൽ
നികാമം നേത്രവും തിരിയുമാറാകും.
ഒട്ടകമാമയപ്രതിമയുംകൂടെ
കൊടുക്കണം വിപ്രവരനു ബുദ്ധിമാൻ

കണ്ണരോഗം.

പറയുന്നു കണ്ണുഗളത്തിനുമൂല-
മറിവുള്ളോർ മുന്നെന്നതിനേക്കേട്ടാലും.
പരരേക്കൊണ്ടോരോ കുരള ചൊല്ലുക
പരന്റെ കാര്യകളറിഞ്ഞിട്ടുകതാൻ
പരക്കു വല്ലതും വരുന്ന കാരിയ-
മറിഞ്ഞുടനതു മുടക്കുകതാനും.
മനുഷ്യനാഥ! ഞാനിവററിനൊക്കെക്കും
വിനിഷ്കൃതിവേണ്ടുംപ്രകാരം ചൊല്ലുവൻ.
പുരാ പറഞ്ഞുള്ള ദുരിതം രണ്ടിനും
*വരാകം പ്രത്യേകം സമാചരിക്കണം.
മതിമാനായുള്ള ബൃഹസ്പതി ചൊന്നാൻ
മതി പ്രാജാപത്യം തൃതീയത്തിനെന്നു.
ജപഹോമാദികൾ കഴിക്കയുംവേണം
കൃപയൊടുമന്നം കൊടുക്കയും വേണം
വിപുലമാം ധാന്യപ്രദാനവും വേണ-
മുപരി ചെയ്യണം ഹിരണ്യദാനവും
മഹീസുരന്മാർക്കു വരകംബളങ്ങൾ
മഹിതമാംവണ്ണം കൊടുക്കയും വേണം.
§ പ്രകാമം ബ്രഹ്മാണ്ഡപുരാണത്തിൽ ചൊന്ന-
പ്രകാരം ദാനങ്ങളിതിലും ചെയ്യണം.

* 'വരിഷം' എന്നു പാഠാന്തരം, § 'പ്രമാണം' എന്നു പാഠാന്തരം,

ഗളപ്രതിമയും പ്രദാനം ചെയ്യുമ്പോൾ
ഗളത്തിൻ മെല്ലെന്നൊഴിവുവന്നിടും.

### ബാധിര്യം.

ശ്രുതിരണ്ടും കേളാതിരിപ്പാൻകാരണം
ശ്രുതിവിലംഘനം പ്രഥമമങ്ങതിൽ.
ദ്വിതീയമുന്മാർഗ്ഗപ്രവർത്തനംതന്നെ
തൃതീയം വേദാദിപഠനവിഘ്നംതാൻ
ദുരിതമിങ്ങനെ പറഞ്ഞ മൂന്നിനും
ത്വരിതം ചെയ്യണം വിനിഷ്കൃതിനന്നായ്.

ഒരാൻപതിൽപാതി സമകൾ വെള്ളോറ-
യൊരംഘ്രിയൊക്കെക്കും കുറച്ചു മന്നവ!
തന്നവായുള്ളോരു കല്മഷം നീങ്ങുവാൻ
മനുജേശാ! ചെയ്യാൽ മതി പ്രാജാപത്യം.
വിധിയാകുംവണ്ണമിതിങ്ങു ചെയ്യുമ്പോൾ
ശ്രുതി രണ്ടും കേൾക്കും വഴിപോലെ നൂനം.

### നാസാരോഗം.

ശ്രുവിക്കെടോ നാസാരുജം ശരീരിക്കു
ഭവിപ്പതിൻമൂലം പിശുനതതന്നെ.

ഇതിൻെറ നിഷ്കൃതി ചെവിരോഗത്തിങ്കൽ
മന്നം തെളിയവേ പറഞ്ഞിരിക്കുന്നു.
ശ്രുതപ്രവിരനാം ദ്വിജപ്രവരനു
ഗളപ്രതിമയും പ്രദാനം ചെയ്യണം.
വിധിപ്രകാരമായിതിങ്ങു ചെയ്യുമ്പോൾ
ഗളപ്രശാന്തിയും ക്രമേണ വന്നിടും.

### രസനാരോഗം.

വ്യസനമേററവും വളർത്തിടുന്നൊരു
രസനാരോഗത്തിൻ നിദാനം നാലുണ്ടു്.
കടുകടേച്ചൊല്ലു ഗുരുക്കന്മാരോടു
കഠിനമായ ചൊന്നു നശിപ്പിക്കുന്നോനേ.
പരൻെറ ജായയെ പരിചേ ഛർദ്ദിക്കയും
പറക നിത്യവുമസത്യവാക്കുകൾ.

ഇവകൾ നാലിനും വകയോരോന്നിലു
വിവശതകൂടാതിരുന്നു കേവലം
വരാകങ്ങൾ രണ്ടു ചരിക്കണമെന്നു
സുരാചാര്യൻ ചൊന്നാൻ വിനിഷ്കൃതിയായി.
മഹാപാതകത്തിൽ പറഞ്ഞ നിഷ്കൃതി
മഹീപതേ! മുൻപിൽ പറഞ്ഞ പാപത്തിൽ
വിനിഷ്കൃതിയായിട്ടുരത്തിതു ദേവ!
വിനീതനായുള്ള മുനീശതാപസൻ.
കുറഞ്ഞ രോഗമെന്നിരിക്കിലോ മന്ന
പറഞ്ഞുപോരുമെന്നിതിൽ പ്രാജാപത്യം.
ജപഹോമാർച്ചനാദികൾ കഴിക്കണം
നൃപമണേ! ശക്തിക്കനുഗുണമായി.
ചതുർമുഖാണ്ഡമാം പുരാണത്തിൽ ചൊന്ന
വിധിയിനാൽ ധാന്യധനവിനിഷ്കൃതി.
വിശിഷ്യ കഷ്ടത്തിൽ വദിച്ചിരിക്കുന്നു
വിശയംകൂടാതെ ജലദാനത്തിനെ
വിശേഷമായിട്ടിങ്ങിതിൽ ചെയ്തീടണം
ഉരചെയ്തപോലെ ജപഹോമാദികൾ
ധരാപതേ! ചെയ്തീടണം സകലവും.
ക്ഷിതിസുരൻതന്റെ കരംതന്നിൽ രോഗ-
പ്രതികൃതികളെ പ്രദാനം ചെയ്യണം.
ഇതൊക്കെയുമേവം സമാചരിക്കുമ്പോൾ
പതുക്കവേ രോഗം ശമിക്കയും ചെയ്യും.

* ജിഹ്വാരോഗം.

രസനയിൽ രോഗം ചിലർക്കുണ്ടാവാനും
വസുമതിപാല! വചിക്കാം കാരണം.
പരന്റെ ജിഹ്വയെയരിഞ്ഞിടുകയും
പരുഷമായ് ദേശികനോടു ചൊല്ലുകയും
പറക നിത്യവുമസത്യവാക്കുകൾ
പരക്കു പീഡയെ വരുത്തുകതാനും.
പറഞ്ഞ നാലുകൂട്ടവും മഹാമതേ!
അറിഞ്ഞിതോ ജിഹ്വാഗദനിദാനങ്ങൾ.

* മറെറാരു ഗ്രന്ഥത്തിൽ കണ്ടപ്രകാരം.

മുഖരോഗത്തിങ്കലിവതാനൊക്കെയുള്ള
നിഗദിച്ചിട്ടുണ്ടു വിനിഷ്കൃതിനന്നായ്.
ജപഹോമാദിയും പരികർമ്മത്തിൽ
നൃപമണേ! സാധാരണ വിധാനത്താൽ
അതിഘോരമായിട്ടിരിക്കുന്ന രോഗ-
പ്രതിരൂപത്തെയുമവസാനത്തിങ്കൽ
കൃതിവരനാകും ക്ഷിതിസുരൻകൈയിൽ
വിധിയൊടു വീരാ! പ്രതിപാദിക്കണം.
ഇതീവണ്ണംചെയ്താലതു ജിഹ്വാരോഗം
ഗളിതങ്കൽനിന്നുമകന്നിടും നൂനം.

വ്രണരോഗം.

ഉരുതരമായി വ്രണം ചിലൎക്കെല്ലാം
വരുവാനെന്തെന്നാലതും പറഞ്ഞിടാം.
ഗുരുവനിതയെപ്പിടിച്ചു സംഗിക്ക
ഗുരുജനത്തിനേ വൃഥാ ദ്വേഷിക്കയും
പരഹൃദയത്തെപ്പരിക്ലേശിപ്പിക്ക
പരരേക്രുശാതേയടികൊടുക്കയും
പലരുംകൂടിയിട്ടിരിക്കുംനേരത്തു
ബലാലൊരുത്തൻവന്നൊരു വിശേഷത്തെ
പറഞ്ഞാലപ്പോഴുയവനെ മന്നവാ!
പരമധിക്ഷേപിച്ചവിടെ മറ്റൊന്നു
പറകയും ശാകാദികളെക്കക്കയും
പറഞ്ഞ രോഗത്തിൻ നിദാനങ്ങളാകും.

ഇവററിലാദിക്കു വദിച്ച നാലിനു-
മവശ്യം ചെയ്യണം വിനിഷ്കൃതികളെ.
അനിഷ്ടരൂപമായിരിക്കും കഷ്ടത്തിൽ
മനുഷ്യനായക! വദിച്ചിരിക്കുന്നു.
പരത്ര രണ്ടിനുമൊരോ പ്രാജാപത്യം
ചരിക്കണമപ്പോൾ ഗമിക്കുമപ്പാപം.

നാഡീവ്രണം.

ഗുണോത്തരനായ നിനക്കിഹ നാഡീ-
വ്രണത്തിന്റെ മൂലം വചിക്കുന്നേനിനി.
തരുച്ഛേദത്തിനാൽ വ്രണമതുണ്ടാകും

ചരിക്കേണം ചാന്ദ്രായണമതു പോവാൻ.
അതല്ലെന്നാകിലുമൊരു പ്രാജാപത്യ-
മതങ്ങു ചെയ്യുമ്പോൾ മതിയായും വരും.
ഗുണപ്രധാനനായിരിക്കും വിപ്രങ്കൽ
വ്രണപ്രതിമയെക്കൊടുത്തു ഗൌതമൻ
പറഞ്ഞവണ്ണമേ വരരത്നദാന-
മറിഞ്ഞു ചെയ്യണമുടനേ ബുദ്ധിമാൻ.
സകലവുമിപ്പോൾ വദിച്ചവണ്ണമേ
വികലതയന്യേ ചരിക്കുംനേരത്ത്
അകലുമെപ്പേരുമഘങ്ങൾ മന്നവാ!
സുകലനായ നീയറിഞ്ഞുകൊണ്ടാലും.

ഭുജവ്രണം.

ഭുജവ്രണത്തിനു നിദാനമെന്തെന്നാൽ
ദ്വിജവധംതന്നെ നിജമായുള്ളത്.

പാദവ്രണം.

പാദത്തിൽ കാണുന്ന വ്രണത്തിനു മൂലം
വദിക്കിലോ മൂന്നുണ്ടുരച്ചിടാമതും.
ഗുരുതല്പഗമം ഗുരുവിദ്വേഷവും
പരഹൃൽക്ലേശകമിതു മൂന്നുംതന്നെ.

ഇവററ മൂന്നിനും വിനിഷ്കൃതിനന്നാ-
യവലോകിക്കുമ്പോളറിയാം കഷ്ടത്തിൽ.
ഉദിതരോഗത്തിൻ പ്രതികൃതിയേയും
മുദിതനായിട്ടങ്ങൊട്ടുക്കും നല്കണം.
കരമുഷ്ടിപ്ലാതവ്രജനം പോവാനു-
മൊരുമാസം പയോവ്രതം ചെയ്തീടണം.
മുദാ ചെയ്തീടണം മണിയെ ദാനവും
സദാചാരപരൻ തനിക്കറിഞ്ഞിതോ.
തദനു വൃദ്ധഗൌതമൻ ചൊന്നവണ്ണം
സുതനുവായുള്ള ഋഷഭം നല്കണം.

തരുച്ഛേദം.

നിരർത്ഥകമായ തരുച്ഛേദത്തിനു
ചരിക്ക കന്മഷം നശിപ്പാനും പിന്നെ
വരസുവർണ്ണത്താലൊരോശാഖയോട്ട-

മരയാലുണ്ടാക്കിയവനതിന്റെ നി-
ർന്നനായുള്ളൊരു ദ്വിജന്നു നൽകണം.
*അതിന്റെ കല്പോക്തപ്രകാരമാംവണ്ണം
അതിനു വേണ്ടുന്ന ജപഹോമാദിയ-
മതുകഴിവോളം ദ്വിജഭോജനവും
ചരിക്കണമെന്നാലുടനേ വഞ്ചീശാ!
തീരുമപ്പാപം വിനിശ്ചയംതന്നെ.

അപുത്രത.

അപുത്രതയ്ക്കുള്ള നിദാനം കേളിനി-
യഭിജ്ഞന്മാർ ചൊല്ലും പതിനൊന്നുണ്ടെന്ന്.

* * * * * * *

വൃദ്ധിരോഗം.

പറയാം വൃദ്ധിക്കു നിദാനമെന്തെന്നാൽ
പരിചിലപഹാരം മുടക്കുകതന്നെ.

ഒരുപാദം കുറച്ചതിനു ചെയ്യണ-
മൊരു പന്തീരാണ്ടു വ്രതങ്ങളെ നന്നായ്.
ഉരുതരമായിട്ടിരിക്കുന്ന വായു-
പുരാണത്തിൽച്ചൊന്ന പ്രകാരമാംവണ്ണം
തിരുനാരായണപ്രതിമയുണ്ടാക്കി-
യതു ദക്ഷിണയോടതിനു വെവ്വേറെ
ചരിക്കണം കൃച്ഛ്രാതികൃച്ഛ്രചാന്ദ്രങ്ങൾ
കൊടുക്കയും പൂർവ്വം കണക്കായന്നങ്ങൾ
നടത്തണം നല്ല ജപാദികളെയും
അനർഘരത്നങ്ങൾ സുവർണ്ണമാദിയാ-
യതിപ്രമോദേന കൊടുത്തനന്തരം
പ്രവൃദ്ധഗൌതമന്തരത്തവർണ്ണമേ
സുവൃത്തനായ്ക്കൊണ്ടു ഗജത്തെയും നൽകി
വിധിജ്ഞനായുള്ള ദ്വിജപ്രവരനു
ഗദപ്രതിമയും സമർപ്പിച്ചീടുമ്പോൾ
ഉരുതരമായി പിടിച്ച രോഗവും
തെരുതെരെ നീങ്ങുമറിക ഭൂപതേ!

* 'അതിനതിനൊത്തപ്രകാരമാംവണ്ണം' എന്നു പാഠാന്തരം.

### വിദ്രധിരോഗം.

ഭവിക്കും വിദ്രധി ഫലങ്ങൾ മോഷ്ടിച്ചാ-
ലവശ്യം ചെയ്യണമതിനു നിഷ്കൃതി.
തിരിക്കുമപ്പാപമൊരു പ്രാജാപത്യം
ചരിക്കിലപ്പോഴേ പരമതല്ലായ്കി-
ലുറച്ചദോഷജ്ഞമണി ബോധായനൻ
ഉരത്ത നൽമൃതപ്രദാനം ചെയ്കിലും
മതിയെടോ! രോഗപ്രതിമാദാനവും
മതിമാൻ മുൻപിലെക്കണക്കെ ചെയ്യണം.
സമസ്തവുമേവം ചരിക്കുമ്പോൾ രോഗ-
വിഹസ്തതതീരും വിശാംപതേ! നൂനം.

### ഗളഗണ്ഡരോഗം.

പരിമളദ്രവ്യമപഹരിക്കിലോ
വരികയുംചെയ്യും ഗളഗണ്ഡരോഗം.
ഒരൊൻപതിൽപാതി സമ വ്രതങ്ങളെ-
യൊരാതെചെയ്യണമതങ്ങുകല്പവാൻ.
വരവിപ്രൻകൈയിൽ ഗദപ്രതിമയു-
മുരുദക്ഷിണയോടുടനെ നൽകണം.
പെരുതായ ഗന്ധവഹപുരാണത്തി-
ലുരചെയ്തരത്നപ്രദാനമെങ്കിലും
ചരിക്കണമെന്നാൽ പിടിച്ച രോഗവും
ധരിത്രീനായക! ശമിച്ചിടും നൂനം.

### ശിരോരോഗം.

ശിരോരോഗത്തിന്റെ നിദാനമെന്തെന്നാൽ
ധരാസുരഹോമപരിദ്വേഷംതന്നെ.
ശരത്തുകളാറിൽ കുറച്ചൊരുപാദം
ചരിക്കണമതിൻ വിനിഷ്കൃതി നന്നായ്.
ജപിക്ക ഹോമിക്ക കൊടുക്കയെന്നവ-
മിതൊക്കെ മുൻപിലെക്കണക്കിനുതന്നെ.
വിഹിതമാമിതിനുപവീതദാനം
മഹിതമാം വായുപുരാണത്തിൽ ചൊന്ന-
തതിനേയെങ്കിലും ചരിക്കണം രോഗ-
പ്രതിമതന്നെയുമൊടുക്കം നൽകണം

ഇതിങ്ങനെചെയ്താലുടനേയീ രോഗം
ഗദിതങ്ങൾനിന്നു ഗമിക്കയും ചെയ്യും.

### ശ്ലീപദരോഗം.

ചിലൎക്കു കാലിന്മേലധികം വീൎത്തിട്ടു-
ങ്ങൊലിപ്പാൻ കാരണം വദിക്കാമിന്നി ഞാൻ.
രസത്തെ മോഷ്ടിച്ചാലജസ്രം വേൎത്തിട്ടു-
ങ്ങസഹ്യമാംവണ്ണമൊലിക്കും പാദത്തിൽ.
കരത്തിലുണ്ടാകുന്നൊരു ഗദത്തിനു-
മുരത്തതുതന്നെയറിക കാരണം.
വിനിഷ്കൃതിയതിന്നൊരു ചാന്ദ്രായണ-
മനുഷ്ഠിച്ചീടണമിവററിനു നൂനം.
അനഘനായുള്ള മുനി ബോധായനൻ
കനകധേനുവെക്കൊടുക്കണമെന്നാൻ.
അതിനെയവ്വണ്ണം ചരിച്ചുടൻതന്നെ
ഗദിയായുള്ളവൻ മടിയാതെ രോഗ-
പ്രതിരൂപത്തെയും കൊടുക്കണമെന്നാ-
ലധികമായുള്ള ഗദങ്ങൾ നീങ്ങിടും.

### അസൃഗ്ദരരോഗം.

അസൃഗ്ദരമെന്ന ഗദത്തിനു മൂല-
മറിഞ്ഞിതോ രണ്ടുണ്ടതിനേച്ചൊല്ലീടാം.
മഹത്തായുള്ളൊരു മഹീരുഹത്തിനെ
മുറിച്ചു മൂട്ടോടെ പറിച്ചിടുകതാൻ
നിരൎത്ഥകമായിപ്പശുവിനെത്തന്നെ
വധിക്കതാൻ രണ്ടുമസൃഗ്ദരമൂലം.
വിനിഷ്കൃതിയായിട്ടിവററ രണ്ടിനു-
മനുഷ്ഠിച്ചീടണം ക്രമേണ വെവ്വേറെ.
ഉറച്ചു കൃച്ഛ്രം താനടനതികൃച്ഛ്രം
തരത്തിൽ ചാന്ദ്രം താനിവകളെ നന്നായ്
പ്രശസ്തമായുള്ള ജപഹോമാദികൾ
സമസ്തവും പൂൎവ്വംകണക്കെ ചെയ്യണം.
വിദഗ്ദ്ധനായുള്ള മുനി ബോധായനൻ
വിധിച്ചവണ്ണം താനിഹ ധേനുദാനം
സമൎത്ഥനെങ്കിലോ ചരിക്കണമുടൻ

പ്രമത്തഭാവത്തെയകററി നന്നായി.
അതിലതിലെല്ലാം പറഞ്ഞവണ്ണമേ
പ്രതിക്രിയാദാനമൊട്ടുക്കം ചെയ്യണം.
വിധിയൊടീവണ്ണം സമാചരിക്കിലോ
ഗദിയും കേവലമരോഗിയായിട്ടും.

## അപസ്മാരരോഗം.

പറയുന്നു ചിലരപസ്മാരത്തിനു
നിറയെ നാലുണ്ടു നിദാനമെന്നേവം.
ഗുരുക്കന്മാരൊട്ടും തനിക്കുതാൻപോന്ന-
ഗുരുക്കളെ മന്നംകൊടുക്കും നാഥനും
ഗുരുക്കന്മാർ താനും ഹരിഹരാദിയാ-
യിരിക്കും നല്ലൊരു പരദൈവംതാനും
ഇവരെയൊക്കെയും ദുഷിച്ചുചൊല്ലിയാ-
ലവനിപാലക! വരുമപസ്മാരം.

ദുരിതമാദിക്കു പറഞ്ഞതു പോവാൻ
വരിഷമൊൻപതു ചരിക്കണം വ്രതം.
അതഃപരമുള്ള ദുരിതം മൂന്നിനു-
മതിൽ പാതിവൎഷം ചരിക്കിലും മതി.
കഴിഞ്ഞതുപോലെ ജപാന്നദാനങ്ങൾ
കഴിക്കയും വേണം പ്രതിമാദാനവും.
പിഴച്ചു പോകാതെയിതൊക്കെച്ചെയ്യുമ്പോൾ
മുഴുത്തരോഗവും ക്ഷയിക്കും മെല്ലവേ.

## ഉന്മാദരോഗം.

പറകിലുന്മാദനിദാനമഞ്ചുണ്ടെ-
ന്നറിക നന്നായിട്ടകതാരിലിപ്പോൾ.
അവകളെന്തെന്നു സമാകൎണ്ണിക്കിലി-
ങ്ങിവകളെയെല്ലാം തവ ചൊല്ലീടുന്നേൻ.
വ്രതികളായുള്ള ജനങ്ങളേച്ചെന്നു
മതിമതാംവര! പരിഹസിക്കയും
ഗുരുവായുള്ളവനറിയാതെതന്നെ
ഗുരുവിങ്കലുള്ള സമസ്തവിദ്യയും
അതിനുടെ മൎമ്മങ്ങളുമുചിതമായ്
മതിയിലാക്കിക്കൊണ്ടവനെച്ചെന്നങ്ങു

ദൂഷിച്ച സൎവ്വദാ പറകയുമോരോ
നിഖിലവസ്തുക്കളും മുദാ ഭുജിക്കയും
ഗുണഹീനനായി സ്വയമിരിക്കവേ
ഗുണിയിവനെന്ന നിജചരിതത്താൽ
പരരേ മോഹിപ്പിക്കയും ശാസ്ത്രങ്ങളിൽ
പരിജ്ഞാനമുണ്ടായിരുന്നിട്ടുമേതു-
മനുഷ്ഠാനമെന്ന്യേയിരിക്കയുമഞ്ചു-
മനിഷ്ടോന്മാദത്തിനുടേ നിദാനങ്ങൾ.

ദുരിതമാദികൾ പറഞ്ഞ രണ്ടിനും
വരിഷ്ഠം മുമ്മൂന്നു ചരിക്കണം വ്രതം.
പരത്ര മൂന്നിനും ക്രമത്താലേ തന്നെ
ചരിക്കണം ചാന്ദ്രാദികൾ മൂന്നും നന്നായ്.
ജപഹോമാദികളിവറ്റിനു വേണം
നൃപമണേ! പൂൎവ്വംകണക്കെ വെവ്വേറെ.
മുനി ബോധായനൻ പറഞ്ഞവണ്ണമേ
വിനായകപ്രതികൃതിയും നല്കണം.
ദ്വിജപ്രവരരെ വരുത്തി നന്നായി-
ബ് ഭുജിപ്പിച്ചീടണം തനിക്കായവണ്ണം.
ഇതിങ്ങനേ ചെയ്യാലുടനേയുന്മാദ-
ഗദം ശമിച്ചീടുമസംശയം വീര!

ജ്വരരോഗം.

ജ്വരത്തിനു മൂലമിഹത്തിൽ നാലെന്നു
തനിശ്ചതാൻപോറ്റുന്നോർ വചിച്ചിതിങ്ങനെ.
ഗുരുതല്പഗമം ഗുരുവിദ്വേഷവും
പരപീഡനവും ഫണിഹനനവും.
പറഞ്ഞതാമല്ലംതാൻ പനിക്കു മൂലങ്ങ-
ളറിഞ്ഞുകൊണ്ടാലുമവനിനായക!

ഫണിവധത്തിന്റെ വിനിഷ്കൃതി മുൻപിൽ
ഫണിതമായിട്ടുണ്ടതു വിസൎപ്പത്തിൽ.
പരങ്ങൾ മൂന്നിനുമതുപോലെതന്നെ
പറഞ്ഞിരിക്കുന്നു പെരിയ കഷ്ടത്തിൽ.
ജ്വരത്തിനു ചൊല്ലിയിരിക്കുന്ന ഹോമം

ചരിക്കണം ദേവദ്വിജാദിതൃപ്തിയും.
വിധിയാകുംവണ്ണം പലതും ദാനങ്ങ-
ളതിന്നുമാവോളം മുദാ ചെയ്തീടണം.
പെരുത്ത ചാതുർത്ഥ്യം മുതലായുള്ളൊരു
ജ്വരത്തിനൊക്കെയ്ക്കും നിദാനവും പിന്നെ
ജപഹോമാദിയുമഖിലകർമ്മവും
നൃപകുലമണേ! ഒരുപോലെതന്നെ
ധരണിദേവകൾക്കധികം മുഖ്യമാം
പെരിയ കംബളം കൊടുക്കയുംവേണം
ശിവാലയത്തിങ്കലഭിഷേകാദിയും
നവമായിത്തന്നെ കഴിപ്പിച്ചീടണം
ശിവപ്രദാനത്താൽ ജ്വരങ്ങളൊക്കയും
നിവർത്തിച്ചീടുമെന്നുറയ്ക്ക മാനസേ.
ജ്വരപ്രതിമയും വിധിപ്രകാരമായ്
ദ്വിജപ്രവരങ്കൽ സമർപ്പിച്ചീടണം
ഇതീവണ്ണം ചെയ്താലുടനേ ഭേദവും
മതിയാകുംവണ്ണം സുഖവുമുണ്ടാകും.

### വാതരോഗം.

പ്രഥിതരായുള്ള കൃതികൾ ചൊല്ലുന്നി-
തതിതരാം വാതനിദാനം കേളിനി.
ഗുരുക്കന്മാരൊടും പിതൃക്കൾ തന്നോടും
പരിദ്വേഷം ചെയ്തു പൊറുമകൂടാതെ.
സമത്തിലല്ലൊരു ജനങ്ങളെയെല്ലാം
മനസ്സിൽ പീഡകൾ വരുവാൻ നിന്ദിക്ക
പരരെയൊക്കയും പരിചിൽ ഹിംസിക്ക
പരന്റെ മർമ്മങ്ങളറിഞ്ഞു ഭേദിക്ക
പരന്റെയന്നത്തെയപഹരിക്കയും
പറഞ്ഞരോഗത്തിൻ നിദാനമാമേവം.
പ്രഥമദുഷ്കൃതചതുഷ്ടയത്തിനു
പൃഥിവിപാലക! വിനിഷ്കൃതിചൊല്ലാം.
ഒരുപാദം കുറച്ചൊരു ഷഡബ്ദങ്ങ-
ളൊരാതെ ചെയ്യണം വിനിഷ്കൃതിന്നായ്.
പരത്ര മൂന്നിനും വിനിഷ്കൃതിയായി-
ച്ചരിക്കണം കൃച്ഛ്രാദികളെ വെവ്വേറെ.

ധനുസ്തംഭം.

ധനുർവ്വാതമുണ്ടാം പരന്റെ കണ്ഠത്തിൽ
ധനുർഗ്ഗുണംകൊണ്ടു നിബന്ധിച്ചു കൊന്നാൽ.
അതങ്ങു നീങ്ങുവാൻ ഷഡബ്ദകൃച്ഛ്രത്തെ
വ്രതം ചരിക്കണം വഴിപോലെതന്നെ.
മൃഗദാനം വേണമിതിന്നെന്നു ചൊന്നാൻ
മുനി ബോധായനൻ വസനദാനവും
സദാ സുഖദമായിരിക്കും വാഹന-
പ്രദാനവും രോഗപ്രതികാരദാനവും
ചരിക്കണമെന്നാലുടനേ രോഗവും
തിരിക്കും ചൊല്ലാതെ ശരീരത്തിൽ നിന്ന്.

ഹൃദ്രോഗം.

പരമർമ്മങ്ങളെ പുറത്താക്കീടുക
വരഹൃദ്രോഗത്തിനിതാദികാരണം.
വിനിഷ്കൃതിയായിട്ടതിനു ചെയ്യേണ്ടും-
പ്രകാരം ദാഹത്തിൽ പറഞ്ഞതുതന്നെ.

ഗുല്മരോഗം.

പറയുന്നു ഗുല്മം ഭവിപ്പാൻ കാരണ-
മറിവുള്ള ബുധജനങ്ങൾ നാലെന്ന്.
ഗുരുവൃദ്ധാദിയെന്നിവരെ ബന്ധിക്ക
ഗുരുജനങ്ങടെ പുരോഭാഗത്തിങ്കൽ
അഥ പൃഷ്ഠംകാട്ടിയിരിക്കയും പിന്നെ
തഥാവൃപങ്ങളെയപഹരിക്കയും.
വിനിഷ്കൃതി മുൻപിൽ പറഞ്ഞ മൂന്നിനും
തനിത്തനിയായങ്ങനുഷ്ഠിച്ചീടണം.
ഒരോരോ മാസങ്ങൾ പയോവ്രതമായി-
ത്തരാതരംകണ്ടിട്ടറിക മന്നവാ!
തുരീയ പാപത്തെക്കളവാൻ നിഷ്കൃതി
ചരിക്കണം കൃച്ഛ്രാതികൃച്ഛ്രചാന്ദ്രങ്ങൾ.
ഇരട്ടിച്ചെയ്യണമിഹ വാതഗുല്മം
ഭവിക്കിലിങ്ങനെ ജപഹോമാദികൾ.
യഥാവിധി ചെയ്തീടണമന്നദാനം
യഥാവിധി വസ്ത്രപ്രദാനവും വേണം.
തദാമയശ്രൂപപ്രദാനവുമത്ര്യ

മുദാ ദക്ഷൻ ചൊന്ന പ്രകാരം ചെയ്യണം.
അഖിലവുമിത്ഥം പരിക്കുമ്പോൾ രോഗി-
ക്കഖിലമംഗത്തിന്നുടനേ രോഗവും.

മഹോദരം.

മഹോദരത്തിന്റെ നിദാനം നാലെന്നു
മഹാമനീഷികൾ പറഞ്ഞുപോരുന്നു.
ഗുരുതല്പഗമം ഗുരുവിദ്വേഷവും
പരഹൃദയത്തിൻ പരിപീഡനവും.
ഓരോ നാരീഗർഭനിപാതനമേവ-
മുരചെയ്തു നാലും മഹോദരമൂലം.
വിനിഷ്കൃതി ചൊല്ലിയിരിക്കുന്നാദിയിൽ
വദിച്ച ദുഷ്കൃതത്രയത്തിനു പൂർവം.
ഓരോ നാരീഗർഭനിപാതനത്തിനി-
ങ്ങൊരുപന്തീരാണ്ടു വ്രതം ചരിക്കണം.
പിതാമഹാണ്ഡമാം പുരാണത്തിൽ ചൊന്ന
പ്രദാനവും ഹോമജപാദിയും വേണം.
മതിയാകുംവണ്ണം ജലദാനത്തെയും
പരിചൊടാരണക്ഷേശനവും നല്കി
മകരദാനവുമിഹ ബോധായന-
മുഖനിഗദിതപ്രകാരം ചെയ്യണം.
മഹോദരരോഗപ്രതിമാദാനവും
സഹ ചെയ്തീടണമവസാനത്തിങ്കൽ.
വിഹിതമാംവണ്ണമിതെല്ലാ ചെയ്യുമ്പോ-
ളഹിതരോഗത്തിൻ നിവൃത്തിയുംവരും.

മൂത്രകൃച്ഛ്രം.

ഉരുതരമായുള്ളൊരശ്മരീരോഗം
ഉറച്ച കല്ലടപ്പൊരു മൂത്രകൃച്ഛ്രം
ഇവകളുണ്ടാവാൻ വഴികൾ കേട്ടാലു-
മവനിപാലക! തവ വചിക്കുന്നേൻ.
പരസ്ത്രീസംഗമം പ്രഥമം വിശ്വസ്താ-
പരിഗ്രഹം രണ്ടാമതെന്നറിഞ്ഞാലും.
തൃതീയം കന്യകാവിദൂഷണംതന്നെ
തിരിയഗ്യോനിയിൽ പരം നാലാമതും.

തുരീയമായുള്ള ഗദത്തിനു മൂലം
തനിയേ രണ്ടെണ്ടിങ്ങിവകൾ കൂടാതെ.
ദ്വിജവരന്മാരെയുപദ്രവിക്കയും
നിജപിതാക്കളെയപമാനിക്കയും.
കല്മഷമാദിക്ക പറഞ്ഞ നാലിന്നും
കഥിതമായിട്ടുണ്ടിതു ശ്ലോകത്തിങ്കൽ.
പരത്ര ചൊല്ലിയ ദുരിതം രണ്ടിനും
തരത്തിൽ ചെയ്യണം ഷഡബ്ദകൃച്ഛ്രങ്ങൾ.
അതിലതിൽച്ചൊല്ലുന്നൊരു ദാനങ്ങളു-
മതിനതിനുള്ള പ്രതിമാദാനവും
യഥോക്തമായ് ച്ചരിച്ചഥ ബോധായന
മുഖോക്തമാംവണ്ണം തിലപാത്രത്തെയും
പ്രദാനംചെയ്യണം ദ്വിജാദികൾക്കെന്നാൽ
തഥാ ദുരിതവും വിഗതമായിടും.

വിഷൂചിരോഗം.

വിഷൂചിയും പിന്നെയജീർണ്ണവുമുണ്ടാം
വിശയംകൂടാതെയശനം മോഷ്ടിച്ചാൽ.
ചിതമായിത്തന്നെയിതിന്റെ നിഷ്കൃതി
പ്രഥമുല്ലമത്തിങ്കൽ വദിച്ചിരിക്കുന്നു.
പുരാ ചൊന്നവണ്ണം ജപഹോമാദികൾ
ധരാപതേ! വേണമിതിനു നന്നായി.
ധരണിദേവകൾക്കധികമുഖ്യമാം
പെരിയ കംബളം കൊടുക്കയും വേണം.
ഗദപ്രതിമയും വ്രതാവസാനത്തിൽ
പ്രഥിതനായുള്ള ദ്വിജനു നൽകണം.
ഉദിതമാംവണ്ണമിതൊക്കെ നൽകുമ്പോ-
ളുദിതരോഗവും ശമിതമായിടും.

ദാഹരോഗം.

ഉരുതരമായിട്ടിരിക്കുന്നദാഹം
വരുവാൻ മൂലവും വദിച്ചിടാമിനി.
ഗുരുസ്ത്രീസംഗമം ഗുരുവിദ്വേഷവും
പരഹൃദയത്തിൻ പരിപീഡനവും
പറഞ്ഞ മൂന്നുമിങ്ങിതിന്റെ മൂലമെ-
ന്നറിഞ്ഞിതോ ഭവാനനുപമകീർത്തേ!

ഇവററിന്നുള്ളൊരു പരിഹാരമെല്ലാം
ഭുവനനായക! ധരിച്ചുകൊണ്ടാലും
ക്ഷിതീസുരൎക്ക് മൃഷ്ടഭോജനം പിന്നെ
ക്ഷിതീപതേ! ഗദപ്രതിമാദാനവും
ഗദിയായുള്ളവനിവണ്ണം ചെയ്യുമ്പോൾ
മതിയാകുംവണ്ണം സുഖവുമുണ്ടാകും.

അഗ്നിമാന്ദ്യം.

വദിച്ചിടാമിനിയുദരത്തിലഗ്നി
പതുത്തുപോവാനുള്ളൊരു വഴി വിഭോ!
നിശിതമായുള്ള ഹുതാശനങ്കൽതാൻ
ഭസിതം തന്നിൽതാൻ വിരഞ്ഞു ഹോമിക്ക
വയററിന്നുള്ളഗ്നി പതുത്തുപോയിട്ടും.
ഇവററിന്നു ചെയ്തീടണം പ്രാജാപത്യ-
മിതത്തിൽ വെവ്വേറെയിതു ചരിക്കുമ്പോൾ
പതുത്തുപോം പാപയുഗളവും നൂനം.

അവിപാകം.

ഭുജിച്ചൊരന്നങ്ങൾ ദഹിക്കാതെപോകിൽ
ശമിക്കാതെതന്നെയതു ഛൎദ്ദിക്കയും
ജപഹോമാദികൾ പലവും ചെയ്യണം
കൃപയൊടന്നങ്ങൾ കൊടുക്കയുംവേണം.
ഉപരി ദാനവുമവണ്ണം ചെയ്യുമ്പോൾ
വിപദതു നീങ്ങും വിശയമില്ലെടോ!

ഭഗന്ദരരോഗം.

പറഞ്ഞിടാമിനി ഭഗന്ദരമൂല-
മറിവോരഞ്ചുണ്ടെന്നിതിന്നു ചൊല്ലുന്നു.
അവകളെയെല്ലാം നിശമിച്ചീടുക
കവികുലമണേ! വിഗതശംകനായ്.
ഗുരുസ്ത്രീതന്നെപ്പോയ് പരിഗ്രഹിക്കയും,
ഗുരുക്കന്മാരൊടു പരിഭാഷിക്കയും,
തനിക്കുതാൻപോന്ന ജനത്തിനേററവും
മനഃഖേദത്തിനേ വരുത്തുകതാനും
തനിക്കുനാഥനായിരിക്കുവോർചൊല്ലു-
നിന്നനുഷ്ഠാതെതന്നെയിരിക്ക താനൊന്നു്,

ഗ്ഗുരുജനങ്ങടെ വചനമോരാതെ
നിരോധിക്കയഞ്ചും ഭഗന്ദരമൂലം.

ഇതിത്തരമാദിക്ഷരത്ത മൂന്നിനും
വിനിഷ്കൃതി കരേശു വചിച്ചതുതന്നെ.
പരത്ര രണ്ടിനാമിതത്തിൽ നല്ലൊരു
മഹീസുരൻകൈയിൽ കൊടുക്കണമെന്നാൽ
മഹാമതേ! ദാതു ശമിക്കയുംചെയ്യും.

പ്രതിവിധികൾ.

വരകൃച്ഛ്രാദികൾ ചരിപ്പാനാം ശക്തി
പരമില്ലാത്തവൻ തനിക്കവകടെ
പലതരമായ ഫലം ലഭിപ്പാനും
സുലഭമായിട്ടും വഴികൾ ചൊല്ലിടാം.
ഒരു പ്രാജാപത്യഫലം ലഭിച്ചിടാ-
മൊരു ഗോദാനത്താലിതു ചിതമായി.
ഒരു സാന്തപനം ചരിപ്പാനുള്ളതിൽ
പരം ചെയ്തീടുകയിഹ ഗോദാനങ്ങൾ.
വരാകതപ്തകൃച്ഛ്രകാതികൃച്ഛ്രങ്ങൾ
ധരാപതേ! ചെയ്വാനശക്തനായവൻ
ചരിക്കണമോരോന്നിനു ഗോദാനങ്ങൾ
വിരക്തനായ് മുമ്മൂന്നിവററിനൊക്കെയും.
വരഗോദാനങ്ങളിവണ്ണമെട്ടാമ്പോ-
ളൊരു ചാന്ദ്രായണപ്രതിനിധിയാകും.
ഗുണമേറീടുന്ന പശുക്കളില്ലാഞ്ഞാൽ
പണമായിത്തന്നെ കൊടുക്കിലും മതി.
ഒരു ഗോവിനുടേ വിലയ്ക്കുള്ള നിഷ്ക-
മൊരു ഗോദാനത്തിൻ പ്രതിനിധിയായി
ചരിച്ചിടുന്നവൻ കൊടുക്കയും വേണം
ധരിത്രിനായക! വരവിപ്രൻകൈയിൽ.
ഇതു കൊടുപ്പാനും വകയില്ലാത്തവ-
നതിൽ പാതികളുള്ള സുവർണ്ണമെങ്കിലും
അതിൽ നാലാലൊന്നെങ്കിലും കൊടുക്കണ
മതിൽ കുറയുംപോൾ മതിയായ് വരാ.
ദ്വിജപ്രവരന്മാരുപതുപോര

ഭുജിപ്പിച്ചീടണം വഴിപോലെയെന്നാൽ.
ന്നാത്ര മാത്രത്തിനും വക പോരയെന്നാ-
ലതിനുമിങ്ങു ഞാൻ പറഞ്ഞിടാം വഴി.
ഇരുപത്തുനാലന്തണരെ നന്നായി-
ട്ടുരു ഭക്തിയോടും ഭുജിപ്പിച്ചീടണം.
ഗതിയില്ലാത്തൊരു ഗതിയായുള്ളവ-
നൊരുപത്തും രണ്ടും ക്ഷിതിസുരന്മാരെ
ഭുജിപ്പിച്ചീടുകിലതു മതി ഫലം
ഭുജിച്ചിടുമവനറിക ഭൂപതേ!
ഇതൊക്കെയും രോഗതരാതരം കണ്ടു
പത്തുക്കറേ്യ രാജൻ! അതിനൊത്തവണ്ണം
എടുക്കണം ഹോമജപാദികളെല്ലാം
മുടക്കവുമുണ്ടാകരുതു മദ്ധ്യത്തിൽ.
മനസ്സറിയാതെ ചരിച്ചവനത്രേ
വിനിഷ്കൃതിയിപ്പോൾ പറഞ്ഞതൊക്കെയും
മനസ്സോടുംകൂടെ മഹാപാപങ്ങളെ
മനുഷ്യേശ! ഭുവി ചരിച്ചവർക്കെല്ലാം
മനു മുതലായിട്ടൊരു ശാസ്ത്രത്തിലു-
മണുപോലുമില്ല വിനിഷ്കൃതി കാണ്മാൻ.
ഇതിത്തരം പത്രിവരനുടെ വാക്യ-
മിത്തത്തിൽ കേട്ടവൻ വചിച്ചാൻ പിന്നെയും.

ദുരിതം ചെയ്തുള്ള ജനങ്ങളൊക്കെയും
നരകയാതന ഭുജിക്കുമെന്നതും
അനന്തരം വന്നു മഹീതലത്തിങ്ക-
ലനന്തജന്മങ്ങളെടുത്തിടുന്നതും
പിടിച്ച രോഗവുമതിദീനരായി
മിടുക്കു കെട്ടുപോയ് പുനരിരിക്കുന്ന
പ്രകാരവുമെല്ലാം ഭവാൻ ചൊല്ലിക്കേട്ടു
നികാമമിന്നു മേ മനം തെളിഞ്ഞിതു.
സുകൃതംചെയ്തുള്ള ജനങ്ങളുമിനി
സുരലോകത്തിങ്കൽ സുഖിച്ചു നന്നായി
വരഭോഗങ്ങളെയനുഭവിപ്പതും
സമസ്തവുമിപ്പോളെനിക്കു ഹംസമേ!

സമത്ഥനായ നീ പറയണമെന്നാൻ."
അതുകേട്ട ഹംസകുലപ്രവീരനു-
മതിമോദംപൂണ്ടങ്ങുരചെയ്താനേവം.

തൃതീയപാദം സമാപ്തം.

---

## ചതുത്ഥപാദം.

### സ്വൎഗ്ഗം.

പെരുതായി പുണ്യമിവിടുന്നു ചെയ്ത-
നരവരരെല്ലാമനന്തരം ചെന്നു
പരലോകസൌഖ്യമനുഭവിക്കുന്ന-
പരിചയം ചെററു പറയുന്നേൻ തവ.
അറവച്ചതങ്കപ്പലകകൊണ്ടല്ലോ-
തറപ്പുള്ള ഭൂമിയൊരേടവുമില്ല.
കനത്തിൽ പൊൻപല നിരത്തിവച്ചിട്ടു
വിളക്കിയപോലെ ചുവരുകളെല്ലാം
പവിഴംകൊണ്ടല്ലോ കഴുക്കോലും കല്ലട
പരുത്ത തൂണുകൾ വിഡൂരജക്കല്ലാൽ
പരപ്പിൽ തട്ടകം ചമച്ചതിനെല്ലാം
പരിചിൽ പൊന്നാലേ തുലാം പലകകൾ
രവിപ്രഭമായ ചുവപ്പു വജ്രമെ-
ന്നിവയമൎത്തീട്ടു വിളങ്ങുമാറേററം
നിറച്ചിരുനീലമമൎത്തിയിട്ടുള്ളോ-
രിരുട്ടറകളും സുഖകരങ്ങളാം.
കനകവൃക്ഷങ്ങൾ നിറഞ്ഞൊരുദ്യാന-
മനുപമപുഷ്പരസഗന്ധത്തോടും
നിരുപമഫലനിരകളൊടുമ-
ങ്ങുരുതരകീത്തി! സതതവുമുണ്ട്.
വെയിലും കാററുമങ്ങധികമായില്ല
വിയപ്പും ദാഹവും വിശപ്പുമില്ലെടൊ.
കളിരുമുഷ്ണവുമൊരിക്കലുമില്ല
തളച്ചയും നിദ്ര മടിയുമില്ലെടോ.
വയസ്സുകളങ്ങു വസിക്കുംപേക്കെല്ലാം
വയസ്സെല്ലാനാളുമിരുപത്തഞ്ചല്ലോ.

മലജലബാധയൊരിക്കലുമില്ല
മലങ്ങളുമില്ല നവദ്വാരങ്ങളിൽ.
കൊഴുത്ത ദേഹത്തിലവക്കൊരിക്കലു-
മഴുക്കുകളില്ല മണങ്ങളുമുണ്ട്.
ബലക്ഷയങ്ങളുമവക്കില്ല പിന്നെ
ബലവൃദ്ധികളും ചിതമായിട്ടുണ്ട്.
അവരവരുടെ വരഭവനത്തി-
ലവരേവംതന്നെയിരിപ്പു സർവ്വദാ.
അവനെയല്ലാതെ നൃപകുലമണേ!
അവിടെ മററാരും വരികയുമില്ല.
അവനെ ശുശ്രൂഷിച്ചിരിപ്പാനും പിന്നെ-
യവിടെ നല്ലോരു വസ്തുക്കളേ വരൂ.
അവനു വേണ്ടുന്ന പരിചാരം ചെയ്വാൻ
നവോഢമാരന്യേയൊരുത്തരുമില്ല.
നവരസങ്ങളാൽ വശിതമായുള്ള
നവാഭരണങ്ങളവർകൾക്കൊക്കയും
പതിനാറു മേനി വയസ്സെല്ലാവർക്കും
മതിശാലിനിമാരഴകോ ചൊൽവതോ!!
അവരിലായിരമൊരു കർമ്മത്തിന-
ങ്ങവനിപാലകാ! വരും സുമുഖിമാർ.
അവണ്ണമേതന്നെ പല കർമ്മങ്ങൾക്കു-
മവധികൂടാതെ സുദതികളുണ്ട്.
മവക്കെല്ലാപേക്ഷമധികമല്ലാതെ-
യവനൊടാഗ്രഹമൊരിത്തിരിയില്ല.
പരസ്പരമായിക്കലഹവുമില്ല
സുരതവൈദഗ്ദ്ധ്യമൊരുപോലെതന്നെ.
ഒരുത്തിയോടവൻ ഗമിപ്പാനിച്ഛിച്ചാൽ
പരക്കെ വാങ്ങീടും കലഹംകൂടാതെ.
അവളുടെ തൃപ്തി വരുത്തി നന്നായി-
ട്ടവനുടനെ മററൊരുത്തിയോടുപോയ്
അനുഭവിക്കുമ്പോൾ പ്രഥമാനുഭൂതാ
മനുജപുംഗവാ! കലഹിക്കയില്ല.
അവണ്ണമെല്ലാർക്കുമനുഭവതൃപ്തി-

യവൻതന്നെയങ്ങു വരുത്തും നന്നായി.
അവൎക്കെല്ലാം തൃപ്തി വരുത്തുമവോളവ-
മവനില്ലാ ദീനമറിഞ്ഞുകൊണ്ടാലും.
അവനവൎക്കളെ പരിഗ്രഹിക്കുമ്പോ-
ളവനൊടൊപ്പമായവൎക്കു തൃപ്തിയും
ഉടലിനു നല്ല മിടുക്കമുണ്ടായാ-
ലുടനെതന്നെയങ്ങവനു മറെറാരു
പ്രമദയെച്ചെന്നു പരിഗ്രഹിച്ചീടും
പ്രമുദിതനായി പരമവൻതന്നെ
അവരവരൊടും പരിഗ്രഹം നന്നാ-
യവനങ്ങളെന്നൊരുപക്ഷമുണ്ടു.
വധൂജനങ്ങളിലവനു കേവലം
പ്രധാനഭൃതയായൊരുത്തിയേയുള്ളു.
അനുഭവമെല്ലാമവൾക്കുമിങ്ങനെ
മനുജനായകാ! വിശേഷമില്ലെടോ!
പരമനാരിമാൎക്കവരുടെ രതം
സ്ഖലിച്ചുപോമെന്നാൽ മതിയതുതന്നെ.
അവരെല്ലാവൎക്കും മതിശാലി മററു-
മൊരുപക്ഷമുണ്ടു പലവിധംകൊണ്ടും.
സുഖമേറുമെന്നാൽ പറഞ്ഞാലാശ്ചൎയ്യ-
മറിഞ്ഞുകൊണ്ടാലും മനുജനായകാ!
പുഴകൾ നിൎമ്മലജലങ്ങളായിട്ടു-
ങ്ങൊഴുകും സൎവ്വദാ ദിശി ദിശി തോറും
മണികൾ മുത്തുകളിവകളാൽതന്നെ
മണത്തിട്ടമെല്ലാമവററിൽ മന്നവാ!
വടിവൊടങ്ങുള്ള കടവുകൾക്കെല്ലാം
സ്ഫടികംകൊണ്ടത്രെ പണിയറിഞ്ഞാലും
അരശ്ശുമാല്യമങ്ങപരവൃക്ഷവും
സുരുചിരമായ സുവൎണ്ണങ്ങൾതന്നെ,
സുവൎണ്ണമത്സ്യങ്ങൾ സുവൎണ്ണകച്ഛപം
സുവൎണ്ണപത്മങ്ങൾ മരതകഭൃംഗം,
ഇവകളാലേററം വിളങ്ങും പൊയ്കക-
ളവധിക്കൂടാതെയവിടെയുണ്ടെടോ!

തയിർ നെയ്യും പാലുമൊഴുകുമാറുകളും
തനതനിയങ്ങളനവധിയുണ്ട്
പെരികെ തേൻപുഴക്കരികെയുണ്ടല്ലോ
പരിചിൽ പായസച്ചെളിനിലങ്ങളും.
ഉണങ്ങിയ കൊമ്പും മരങ്ങളുമില്ല
മണങ്ങളില്ലാതെ കുസുമങ്ങളില്ല.
പരമനതെററുമവററിനില്ലേതു
മൊരുത്തിലും ക്രൂരമൃഗങ്ങളുമില്ല.
ലതകളിലൊന്നും പഴുത്തിലയില്ല
ഹിതാനിലനെന്ന്യേ കൊടുങ്കാററുമില്ല.
പരതരുണിമാരവിടെ വന്നുടൻ
വരഗീതങ്ങളെപ്പാടിക്കും മെല്ലവേ
നടികൾ വന്നടി നടിച്ചു കേവലം
നടനമാടിടും വിരവൊടും കൂടെ.
മൃദംഗമദ്ദളപ്രമുഖവാദ്യവും
മൃദുലകേശികൾ പ്രയോഗിച്ചീടുവോർ.
ലയജ്ഞമാരായ മഹിളമാരുടെ
പ്രയോഗത്താലവനതിമോദംപൂണ്ട്
ഒരു ദുഃഖലേശശ്രവണമെന്നിയേ
വരസുഖങ്ങളെയനുഭവിച്ചിട്ട്
ഇരിക്കുംനേരത്തു ചതുർദ്ദശലോക-
മരികേ കാണ്മാനുമഭിലഷിക്കുമ്പോൾ
വരുമുടൻതന്നെയവിടെദ്ദിവ്യമാ-
മൊരു വിമാനവുമതിൽക്കരേറി
വരനാരീജനസഹിതനായെങ്ങു-
മൊരുപോലെ നന്നായ്നടന്നു കണ്ടിട്ടു
അതിലതിലുള്ള ജനത്തിൻ ഭേദവും
മതിമതാംവരാ! ഗതിഭേദങ്ങളു-
മകതാരിലെല്ലാമറിഞ്ഞു മന്നവാ!
സുഖമായിത്തന്നെ ചരിക്കയും ചെയ്യും.
ഹരിഹരബ്രഹ്മഭവനങ്ങളിലും
തെരുതെരെച്ചെന്നുമതിവിനീതനായ
അവിടെച്ചെല്ലുമ്പോഴവരുമത്യന്ത-
മവനെയാദരാൽ ബഹുമാനിച്ചിടും.

സുകൃതഗൌരവാദിവൎണ്ണമുള്ളോരു
സ്വാനുഭൂതിയുണ്ടധികമെന്നാലും
ചിലകാലംചെന്നാലതിന്ന ഭൂപതേ!
വിലയമുണ്ടാകമനുഭവത്തിനാൽ
ക്ഷയിക്കുമ്പോളവൻ പതിക്കും കീഴ്പെട്ടു
ഭയശോകമോഹസമാശ്രിതനായി.
ഒരുത്തരുംകൂടെ വരുവാനുമില്ല
പിടിച്ചു രാക്ഷസകൃമികീടാദിയായ്
ഭൃശം പീഡയുണ്ടാം പതിക്കുന്നമധ്യേ
ചിരകാലമവനിവണ്ണം വീഴുമ്പോ-
ളൊരുവണ്ണം വന്നു മനുഷ്യലോകത്തിൽ
പതിച്ചീടും മെല്ലെന്നൊരു ഗർഭം തന്നിൽ
അതിലൊരു പീഡ നടേ ചൊല്ലിയല്ലോ
ഗുണവും ദോഷവും വിചാരിച്ചുകണ്ടാൽ
ഗുണമതിൽതന്നേ പരമാൎത്ഥമത്രെ.

അതുകൊണ്ടു ദോഷത്തിന്ന ചെറുതേപോലും
മതിശാലിൻ! നീയുമഭിലഷിക്കാതെ
പരമാനന്ദമായനശ്വരമായ
പരബ്രഹ്മാത്മത വരുത്തുവാനായി
നിരന്തരം നെഞ്ചിൽ കരുതുക ചെറ്റും
പരന്തപ! കാലം വൃഥാകളയാതെ.
അതു വന്നാൽ പിന്നെ നിവൎത്തനമില്ല
പതനമെന്നൊരു ഭയവുമില്ലെടോ!
പുരാ ചൊന്ന സുഖം സഹസ്രകോടിയും
ധരാപതേ!യിങ്ങു ഗുണിച്ചാലും തന്നെ
നിരുപമബ്രഹ്മസുഖത്തോടു ചെറ്റും
സുരുചിരകീൎത്തേ! സമമല്ലാ നൂനം.
ചിരങ്ങു ചിക്കുകൾ ചൊറിയുന്നേരത്തി-
ങ്ങൊരു സുഖംതോന്നുമതുപോലെയത്രേ
വിഷയംകൊണ്ടുള്ള സുഖങ്ങളൊക്കെയു
വിഷയമാഭാസമറിഞ്ഞു നീയിപ്പോളം
പരമമായുള്ള പരബ്രഹ്മാനന്ദേ
ധരണീനായകാ! മനസ്സുവച്ചാലും!!

## ഉപസംഹാരം.

ഇതീവിധം ഹംസപ്രവരൻ ജാഹ്നവീ
സൂതൻ നരവരനോടു ചൊന്നതെല്ലാം
സവിസ്തരം പറഞ്ഞതുകേട്ടു ഭൂപ-
നതിപ്രമോദമോടെഴുന്നേററുവേഗാൽ
വലംവച്ചു നാലഞ്ചുരുതരഭക്ത്യാ
നിവൃത്തു സാഷ്ടാംഗം പതിച്ചനന്തരം
ഖഗകുലവരൻ ശിരസ്സിലശ്രുക്കൾ
പൊഴിച്ചഭിഷേകം വഴിപോലെ ചെയ്തു
പ്രസാദിപ്പിച്ചൊരു സമയം പക്ഷിരാ-
ഡനുഗ്രഹിച്ചരചനോടനുജ്ഞയും
തദാ കൈക്കൊണ്ടാത്തകുതുകം മാനസ-
സരസ്സു ലക്ഷ്യമായ് പറന്നുപോയിനാൻ.

നൃവരനാം കർമ്മഗതികളാകവേ
മനസ്സുകൊണ്ടുടനതീവ ചിന്തിച്ചാൻ.
പരമാത്മകത്തൊളീപോലെ മിന്നി
പ്രകാശിച്ചനേരമൊഴിഞ്ഞു ദുഃഖങ്ങൾ
വിരസമാകിന സുഖങ്ങളിൽ കൊതി-
ച്ചനാരതം ദുഃഖം വരികും മർത്ത്യരിൽ
കൃപാവശാലന്നം പറഞ്ഞതിൻ സാരം
പരോപകാരമായുരത്താനിവണ്ണം.

ജഗദീശ! ജഗന്നിവാസകാച്യുത!
കൃപാനിധേ! ദുഃഖപ്രശമനോത്സുക!
പരാവര! സർവ്വം നിറഞ്ഞുനില്പോനേ!
വിഗതകന്മഷ! ദുരിതനാശന!
ഭവൽപദാംബുജസ്മരണ മാനസേ
ഭവിക്കവാനായിത്തുണച്ചരുളണം.
ജയ ജയ കൃഷ്ണ! ജയ കൃഷ്ണ! ജയ
ജയ കൃഷ്ണ! ജയ ജയ ജയ കൃഷ്ണ!

ചതുർത്ഥപാദം സമാപ്തം.

ഭീഷ്മോപദേശം സംപൂർണ്ണം.

---

ശുഭം ഭൂയാൽ.